കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# ഒറ്റപ്പാലം നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട് 2018- 19

# ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

**e-mail: dopkd.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി-22-649/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി: 29.05.2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

ഒറ്റപ്പാലം നഗരസഭ

സർ,

വിഷയം : ഒറ്റപ്പാലം നഗരസഭ – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒറ്റപ്പാലം നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

/

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) എന്നിവ കാണുക).

വിശ്വസ്തതയോടെ,

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി (ഉപരിപത്രം സഹിതം)
3)ഓഫീസ് പകർപ്പ്

നം.കെ.എസ്.എ-പികെഡി-22-649/2019 തിയ്യതി: 29.05.2020

# <u>പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ നഗരപാലികാ നിയമം വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 13-12-2018 മുതൽ 7-3-2020 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ

തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എം.ആർ.സുനിൽ ദത്ത്<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 9-3-20 മുതൽ<br>23 -3-20 വരെ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | |
|---|---|
| ശ്രീ.എസ്.പ്രേമാനന്ദ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ.എ.ബി.സുരേഷ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സുസ്മിത.കെ.വി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.കെ.വി.രാജൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ജിജീഷ്. | ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| ചെയർമാൻ | ശ്രീ.നാരായണൻ നമ്പൂതിരി | 1-4-2018 മുതൽ 31-03-19 വരെ |
| സെക്രട്ടറി | ശ്രീമതി.സീന.എ.എച്ച് | 1-4-2018മുതൽ 31-3-2019 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. ശ്രുതിമേനോൻ. വി | 1.4.2018 മുതൽ 30.6.18വരെ |
| | ശ്രീമതി. ശാരദ മേനോൻ | 1.7.18 മുതൽ 31.10.18 വരെ |
| | ശ്രീമതി. അനീഷ. എ.കെ | 1.11.18 മുതൽ 11.3.19 വരെ |
| | ശ്രീമതി. അർച്ചന. സി.ആർ | 12.3.19 മുതൽ 31.3.19 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ. പി.ജി.രാജേഷ് | 1.4.18മുതൽ 31.3.19വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീ. പി. പ്രദീപ് | 1.4.2018മുതൽ 16.4.18വരെ |
| | ശ്രീ. ശ്രീജിത്ത് ബാബു | 17.4.18 മുതൽ 26.4.18വരെ |
| | ശ്രീ. ശ്രീകുമാർ | 27.4.18 മുതൽ 13.6.18വരെ |
| | ശ്രീ.പ്രദീപ് .പി | 14.6.18മുതൽ 4.9.18വരെ |
| | ശ്രീ. ശ്രീജിത്ത് ബാബു | 5.9.18 മുതൽ 11.9.18വരെ |
| | | |

| | | |
|---|---|---|
| | ശ്രീ. ബേബി തോമസ് | 11.9.18 മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | ഡോ.പ്രവീൺ | 1.4.18 മുതൽ 14.5.18വരെ |
| | ഡോ. രാധ | 15.5.18 മുതൽ 13.3.19വരെ |
| | ഡോ. താജ് പോൾ പനക്കൽ | 14.3.19 മുതൽ31.3.19 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ശോഭ. എ.വി | 1.4.18 മുതൽ 31.3.19വരെ |
| മുനിസിപ്പൽ എഞ്ചിനിയർ | ശ്രീ.കെ.അൻസാർ അഹമ്മദ് | 1.4.2018 മുതൽ 31.3.2019 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീമതി. ജ്യോതി ലക്ഷ്മി | 1.4.2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ- ആയുർവേദം | ഡോ. കെ.എസ്. നീത | 1.4.2018 മുതൽ 31.12.18 വരെ |
| | ഡോ. എ.എം. അബ്ദുൾ ശരീഫ് | 1.1.19 മുതൽ 31.3.2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.പരമേശ്വരൻ നമ്പൂതിരി | 1.4.2018 മുതൽ 31.3.2019 വരെ |
| പ്രോജക്ട് ഓഫീസർ, നഗരസഭ ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | ശ്രീ. ഷാജു. എ.ജെ | 1.4.18 മുതൽ 9.4.18 വരെ |
| | ശ്രീ. സുരേഷ്. എ.പി | 10.4.18 മുതൽ31.3.2019 വരെ |
| പ്രിൻസിപ്പൽ, ഗവ.എച്ച്.എസ്.എസ്, ഈസ്റ്റ് ഒറ്റപ്പാലം | ശ്രീമതി. ഗീത. കെ.പി | 1.4.2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ<br>ഹോമിയോ | ഡോ. അച്ചാമ ലെനു തോമസ് | 1.4.2018 മുതൽ 31.3.2019 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിശദ വിവരം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | ക്യാഷ് പരിശോധന |
| 7 | 1-7 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ആഭ്യന്തരനിയന്ത്രണം |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |

| | | |
|---|---|---|
| 10 | 1-10 | വാർഷികകണക്കുകളിലെ അപാകതകൾ |
| 11 | 1-11 | കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്കിൽ നിന്നും നികുതികൾ ഈടാക്കണം |
| 12 | 1-12 | വസ്തുനികുതി - ഇ – പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തണം |
| 13 | 1-13 | വസ്തു നികുതി നിർണ്ണയം പുന:പരിശോധിക്കണം |
| 14 | 1-14 | ഒൻപത് വർഷമായിട്ടും വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല |
| 15 | 1-15 | തൊഴിൽ നികുതി- അപാകതകൾ പരിഹരിക്കേണ്ടതാണ് |
| 16 | 1-16 | ഷോപ്പിംഗ് കോംപ്ലക്സ് വാടക- അവലോകനം |
| 17 | 1-17 | ലൈസൻസ് നൽകൽ- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. |
| 18 | 1-18 | ഗ്രന്ഥശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം |
| 19 | 1-19 | ഡേ കെയർ കീമോ തെറാപ്പി യൂണിറ്റിലേക്ക് മരുന്ന് വാങ്ങൽ -രേഖകൾ ഹാജരാക്കണം |
| 20 | 1-20 | താലൂക്ക് ആശുപത്രിയിൽ ഉച്ചഭാഷിണിയും സി സി ടിവിയും സ്ഥാപിക്കൽ - രേഖകൾ ഹാജരാക്കിയില്ല |
| 21 | 1-21 | ആശുപത്രിയിലേക്ക് ഡയാലിസസ് /ലാബ് റീ ഏജന്റുകൾ വാങ്ങൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല |
| 22 | 1-22 | ഉപകരണങ്ങൾക്ക് എ എം സി എടുക്കൽ- രേഖകൾ / വിശദാംശങ്ങൾ ലഭ്യമാക്കണം |
| 23 | 1-23 | സമഗ്ര പാലിയേറ്റീവ് പരിചരണം- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല |
| 24 | 1-24 | എസ് സി വിദ്യാർത്ഥികൾക്ക് പഠനമേശയും കസേരയും പദ്ധതി- 9 മേശയും കസേരയും വിതരണം ചെയ്തിട്ടില്ല- |
| 25 | 1-25 | കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ അങ്കണവാടികൾ പ്രവർത്തിക്കുന്നു |
| 26 | 1-26 | ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയില്ല |

| | | |
|---|---|---|
| 27 | 1-27 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം |
| 28 | 1-28 | എസ്.സി.കുടുംബങ്ങൾക്ക് ഗാർഹിക വാട്ടർ കണക്ഷൻ - ചെലവു തുകയിൽ കൂടുതൽ സബ്സിഡി അനുവദിച്ചിട്ടില്ല എന്ന കാര്യം ഉറപ്പുവരുത്തണം. |
| 29 | 1-29 | മുനിസിപ്പൽ എഞ്ചിനീയർ ഫയൽ ഹാജരാക്കിയില്ല - ₹.1,89,95,064/- ന്റെ ചെലവ് തടസത്തിൽ വെക്കുന്നു. |
| 30 | 1-30 | ₹3045656/- ചെലവഴിച്ചു നിർമ്മിച്ച പാലപ്പുറം വനിതാ വ്യവസായ കേന്ദ്രം നിഷ്ക്രിയ ആസ്തിയായി തുടരുന്നു |
| 31 | 1-31 | കേരള മുനിസിപ്പാലിറ്റി(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ 1997പ്രകാരം പണി സ്ഥലത്ത് സ്ഥാപിക്കേണ്ട ബോർഡ് നിർബന്ധമായും സ്ഥാപിക്കണം: |
| 32 | 1-32 | മുനിസിപ്പൽ എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ- പൊതുവായ കാര്യങ്ങൾ |
| 33 | 1-33 | പൊതു റോഡുകളിൽ CCTV സ്ഥാപിക്കൽ പദ്ധതി - പ്രവർത്തനക്ഷമമായില്ല |
| 34 | 1-34 | അനർഹരായ ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പ് അനുവദിച്ചു |
| 35 | 1-35 | അംഗപരിമിതർക്ക് ഉപകരണം- ഹിയറിംഗ് എയ്ഡ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തില്ല |
| 36 | 1-36 | ക്ഷീരകർഷകർക്ക് സബ്സിഡി -വിതരണരേഖകൾ ഹാജരാക്കിയില്ല |
| 37 | 1-37 | ലൈബ്രറിയ്ക്ക് പുസ്തകങ്ങൾ -സർക്കാർ നിർദേശങ്ങൾ പാലിച്ചില്ല |
| 38 | 1-38 | ധനകാര്യകമ്മീഷൻ ഗ്രാന്റ് -ലൈബ്രറിക്ക് കമ്പ്യൂട്ടർ വാങ്ങാൻ വിനിയോഗിച്ചു |
| 39 | 1-39 | IKM വിഹിതം നൽകൽ- അധികതുക തിരികെ ഈടാക്കണം |
| 40 | 1-40 | എ.ബി.സി പ്രോഗ്രാം- വിനിയോഗവിവരം ലഭ്യയമാക്കണം |

| | | |
|---|---|---|
| 41 | 1-41 | വയോമിത്രം പദ്ധതി - വിനിയോഗരേഖ ലഭ്യമാക്കിയിട്ടില്ല |
| 42 | 1-42 | പദ്ധതി ചെലവ് രേഖകൾ ഹാജരാക്കിയില്ല |
| 43 | 1-43 | റെയിൽവേയ്ക്ക് സ്ഥലവാടക നൽകൽ - അപാകതകൾ |
| 44 | 1-44 | ദിവസവേതനചെലവുകൾ |
| 45 | 1-45 | സെർവർ - സംരക്ഷണം ഉറപ്പാക്കണം |
| 46 | 1-46 | ശമ്പളപരിഷ്ക്കരണ കുടിശ്ശിക - പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണം |
| 47 | 1-47 | തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - അവലോകനം |
| 48 | 1-48 | മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല |
| 49 | 1-49 | PMAY പദ്ധതി - അവലോകനം |
| 50 | 1-50 | സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി - അവലോകനം |
| 51 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 52 | 4-2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 53 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 54 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 55 | 4-6 | സ്ഥിര നിക്ഷേപം |
| 56 | 4-7 | ഓഡിറ്റ് റിക്കവറി |
| 57 | 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 58 | 4-9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 59 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 60 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 61 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 62 | അനുബന്ധം-2 | വിവിധ പത്രികകൾ |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

26.3.2018 തീയതിയിലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

മുന്നിരിപ്പ് -74931147

വരവ് - 853252147

ആകെ -928183294

ചെലവ് -835940147

നീക്കിയിരുപ്പ് -92243147

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2018 | 29-7-2019 | - | - |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 70976410.61 |
| വരവ് | 343464627 |
| ആകെ | 414441037.61 |
| ചെലവ് | 328900355.61 |
| നീക്കിയിരിപ്പ് | 85540682 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 55683661 | 55683661 | 52990264 | 2693397 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 20211000 | 20211000 | 13821494 | 6389506 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 355000 | 355000 | 160000 | 195000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 17295000 | 17295000 | 17173686 | 121314 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 16093000 | 16093000 | 11860358 | 4232642 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 75308549 | 75308549 | 42883585 | 32424964 |
| ദുരിതാശ്വാസനിധി | 15837 | 475 | 16312 | 0 | 16312 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ(TSC) | 5675010 | 230428 | 5905438 | 48 | 5905390 |
| IHSDP(Bank of India) | 397388 | 0 | 397388 | 0 | 397388 |
| IHSDP (PNB) | 19883862 | 807276 | 20691138 | 0 | 20691138 |
| BRGF | 1442818 | 0 | 1442818 | 0 | 1442818 |
| UIDSSMT | 137660 | 4882 | 142542 | 0 | 142542 |
| PMAY (PNB) | 11711531 | 74681902 | 86393433 | 58401144 | 27992289 |
| അയ്യൻകാളി പ്രൊജക്ട് | 326042 | 6716873 | 7042915 | 5914589 | 1128326 |
| സ്വച്ഛ് ഭാരത് മിഷൻ | 1399445 | 180000 | 1579445 | 7400 | 1572045 |
| **സാക്ഷരത** | 3357 | 1145268 | 1148625 | 0 | 1148625 |
| | | | | | |

| | | | | | | |
|---|---|---|---|---|---|---|
| NULM | | 351,335.00 | 2,426,538.00 | 4831694 | 2,053,821.00 | 2,777,873.00 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ലൈഫ് (ജില്ല)* | | 11521155 | 0 | 11521155 | 6962358 | 4558797 |
| തൊഴിൽ രഹിത വേതനം | | 0 | 118440 | 118440 | 118440 | 0 |
| IHSDP | | 397388 | 0 | 397388 | 0 | 397388 |
| ജനറൽ പർപ്പസ് ഗ്രാന്റ് & മറ്റുള്ളവ | | 3661234 | 55717164 | 59378398 | 51415417 | 7962981 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 61930570 | 169046251 | 230976821 | 57394980 | 173581841 |
| | ട്രഷറി അക്കൗണ്ട് TPA | 9899 | 9390 | 19289 | 8945 | 10344 |

Note- ജില്ലാ പഞ്ചായത്തിൽ നിന്നും 2017-18 ൽ ലഭിച്ച ലൈഫ് വിഹിതം ബാലൻസ് ഷീറ്റിൽ ലയബിലിറ്റിയായി ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 292 | 307103074 | 200 | 138889387 | 92 | 68.49 |

**ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.**

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 7168000 | 6752140 | 94.2 |
| വെറ്റിനറി സർജൻ | 5 | 5 | 2804000 | 1266000 | 45 |
| താലൂക്ക് ഹോസ്പിറ്റൽ -സൂപ്രണ്ട് | 9 | 8 | 8400000 | 7194051 | 86 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ | 1 | 1 | 100000 | 100000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവദ) | 4 | 3 | 3300000 | 2700000 | 81.82 |
| ഐ.ഇ.ഒ | 3 | 0 | 2180000 | 0 | 0 |
| പ്രൊജക്ട് ഓഫീസർ | 15 | 8 | 32392037 | 11118750 | 34.33 |
| എസ്.സി.ഡി.ഒ | 1 | 1 | 1200000 | 280000 | 23.33 |
| ഐ.സി.ഡി.എസ് | 9 | 7 | 8300250 | 6213116 | 75 |
| പ്രിൻസിപ്പൽ. ഗവ.ഹയർ സെക്കന്ററി | 3 | 2 | 2550000 | 2500000 | 98.04 |
| സെക്രട്ടറി | 31 | 23 | 99127484 | 33158810 | 33.45 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 280 | 133 | 138181303 | 66588864 | 48.19 |
| ഹെഡ്മാസ്റ്റർ | 3 | 3 | 1400000 | 1017656 | 72.69 |
| ആകെ | 370 | 200 | 307103074 | 138889387 | 45.23 |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9-3-20 ന് 2.30 pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹. 317872 ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 118440 | ലഭ്യമായില്ല |
| കർഷകതൊഴിലാളി പെൻഷൻ | 5901600 | 517 |
| വിധവാപെൻഷൻ | 29887600 | 2546 |
| വാർദ്ധക്യകാലപെൻഷൻ | 37442600 | 3454 |
| വികലാംഗപെൻഷൻ | 7033700 | 584 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരുടെ പെൻഷൻ | 2581800 | 222 |

## 1-8 ആഭ്യന്തരനിയന്ത്രണം

ഒറ്റപ്പാലം നഗര സഭ കൈകാര്യം ചെയ്യുന്ന മുഴുവൻ കാര്യങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. **ഇന്റേർണൽ ഓഡിറ്റിന്റെ** ഭാഗമായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം നടത്തി വന്നിരുന്ന പരിശോധന രണ്ടു വർഷമായി നടക്കുന്നില്ല.

നഗരസഭയുടെ ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ള സോഫ്റ്റ്‌വേറിലില്ല. ഓരോ ചെലവും നടത്തുമ്പോൾ ബഡ്ജറ്റിൽ അനുവദിച്ച തുകയേക്കാൾ കൂടുന്നുണ്ടോ എന്ന് പ്രത്യേകം ശ്രദ്ധിച്ച് **റിവൈസ്സ് ബഡ്ജറ്റ്** തയ്യാറാക്കി ഭരണസമിതി പാസാക്കുന്നുണ്ട്.

വാർഷിക കണക്കുകൾ സ്ഥാപനത്തിന്റെ ഇടപാടുകളേയും പ്രവർത്തനങ്ങളേയും പ്രതിഫലിപ്പിക്കുന്നുണ്ട്. വാർഷിക കണക്കിലെ അപാകതകൾ ഈ റിപ്പോർട്ടിന്റെ അവസാന ഭാഗത്ത് അനുബന്ധം 1 ആയി ചേർത്തിട്ടുള്ള ഓഡിറ്റ് സാക്ഷ്യ പത്രത്തിൽ പരാമർശിച്ചിട്ടുണ്ട്.

രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. മാനവലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. നഗരസഭയുടെ എല്ലാ ട്രഷറി/ബാങ്ക് അക്കൗണ്ടുകളും സാംഖ്യയിൽ ചേർത്തിട്ടുണ്ട്.

കാഷ്യർ ശേഖരിക്കുന്ന ഓരോ ദിവസത്തെയും വരവ് തുക അക്കൗണ്ടന്റും ജനറൽ സെക്ഷൻ സൂപ്രണ്ടും പരിശോധിച്ചുറപ്പാക്കിയ ശേഷം അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം സൂപ്രണ്ട് പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ആയിരം രൂപക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. എല്ലാ ചെലവുകൾക്കും നോട്ട് ഫയൽ സൂക്ഷിക്കുകയും സെക്രട്ടറിയും ചെയർ പെർസനും അംഗീകരിക്കുകയും ചെയ്യുന്നുണ്ട്. സാംഖ്യ വൗച്ചർ ചെലവു രേഖകളോടൊപ്പം സൂക്ഷിക്കുന്നില്ല.

നഗര സഭയ്ക്ക് ലഭിക്കേണ്ട തുകകളുടെ കാലതാമസത്തിന് നിയമപ്രകാരം **ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്.** എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. ഡി.സി.ബി. രജിസ്റ്ററുകൾ എല്ലാ വിവരങ്ങളും ചേർത്ത് സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനാൽ നഗരസഭയ്ക്ക് ഓരോ ഇനത്തിലും ലഭിക്കേണ്ട തുകയുടെ കൃത്യത ഉറപ്പിക്കാനാവുന്നില്ല. അടുത്ത വർഷത്തേക്ക് അരിയർ ഡിമാന്റ് ആയി കൊണ്ടുപോവുന്ന തുകയുടെ കൃത്യതയും ഉറപ്പിക്കാനാവുന്നില്ല.

ഒരു കെട്ടിടം പൂർത്തിയാവുന്ന മുറക്ക് ഓവർസിയറും മുനിസിപ്പൽ എഞ്ചിനീയറും പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ ശേഷം റെവന്യൂ ഇൻസ്പെക്ടർ വസ്തു നികുതി കണക്കാക്കുകയും ടാക്സ് സൂപ്രണ്ട് ഇതിന്റെ കൃത്യത ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. 200 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ സെക്രട്ടറി കൂടി മേൽ പരിശോധന നടത്തുന്നുണ്ട്. എന്നാൽ വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കാനാവാത്തത് നഗരസഭയ്ക്ക് ഉണ്ടാക്കുന്ന നഷ്ടം വളരെ വലുതാണ്.

**ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിന്** ജീവനക്കാരുടെ കുറവ് വിഘാതമാവുന്നുണ്ട്. ക്യാമ്പ് കലക്ഷൻ നടത്തുന്നുണ്ടെങ്കിലും AFS പ്രകാരം 31.3.19ൽ പിരിച്ചെടുക്കാനുള്ള വസ്തു നികുതി കുടിശിക ₹.3439394/- ആണ്. വാടക രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്ത സാഹചര്യത്തിൽ വാടകയിനത്തിലെ കുടിശിക കൃത്യമായി കണക്കാക്കാനാവുന്നില്ല. ഹഡ്കോയിൽ നിന്നും കടമെടുത്ത് നിർമ്മിച്ച ബസ് സ്റ്റാന്റ് ഷോപ്പിങ്ങ് കോംപ്ലക്സിൽ 17 കടമുറികൾ ഇപ്പോഴും ഒഴിഞ്ഞുകിടക്കുകയാണ്. 30.9.19 ലെ ലോൺ ബാലൻസ് (പ്രിൻസിപ്പൽ) 17 കോടി രൂപയാണ്.

**സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ** സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പൂർണ്ണമായും പാലിക്കുന്നില്ല. എല്ലാ വാങ്ങലുകളുടെയും ക്വട്ടേഷൻ/ടെണ്ടർ നടപടി ക്രമങ്ങൾ, തീരുമാനങ്ങൾ, പർച്ചേസ് ഓർഡർ, ബില്ലുകൾ/ഇൻവോയ്സുകള്, പണം കൈമാറിയതിന്റെ വിവരം, സ്റ്റോക്ക് രജിസ്റ്ററുകൾ, സാധനസാമഗ്രികൾ വിതരണം ചെയ്തതിന്റെ/ സ്ഥാപിച്ചതിന്റെ വിവരം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ആശുപത്രിയിലേക്കാവശ്യമായ ഉപകരണങ്ങളും മരുന്നുകളും വാങ്ങുമ്പോഴും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നില്ല. സ്റ്റോക്ക്&സ്റ്റോർസ്, മറ്റ് വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല. കമ്പ്യൂട്ടറുകൾക്കും അനുബന്ധ സാമഗ്രികൾക്കും ആനുവൽ മെയിന്റനൻസ് സർവ്വീസ് ഏർപ്പെടുത്തിയിട്ടുണ്ട്.

**സർവ്വീസ് ബുക്കുകളും,** ലീവ് റെക്കോർഡുകളും അറ്റൻഡൻസ് രജിസ്റ്ററും ശരിയായി സൂക്ഷിക്കുന്നുണ്ട്. ടാക്സുകൾ, പി.എഫ്., മറ്റ് നിയമപരമായ റിക്കവറികൾ തുടങ്ങി ജീവനക്കാരിൽ നിന്നും ഈടാക്കുന്നവ കൃത്യമായി അടവാക്കുന്നുണ്ട്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി **ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.** അനാവശ്യവും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അതേസമയം നാശോന്മുഖമാകുന്നതിനു മുൻപ് വില്പന നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ഭരണസമിതി മീറ്റിങ്ങിന് Software ലൂടെ മിനുട്ട്സ് തയ്യാറാക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ സകർമ്മ സോഫ്റ്റ്‌വേർ നഗരസഭ ഉപയോഗപ്പെടുത്തുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതും മിനുട്ട്സ് തയ്യാറാക്കി സൂക്ഷിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| | | - | - |

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | വിവരം ലഭ്യമായില്ല | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.8.18 – 13.9.18 | 2014-15 മുതൽ 2017-18 | 13.11.18 |

## 1-10 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റിലെ അപാകതകളെല്ലാം പരിഹരിക്കാതെ അവശേഷിക്കുന്നു. കൂടാതെ താഴെ പറയുന്ന അപാകതകളും നിലവിലുണ്ട്.

1. ചെലവ് രേഖകളോടൊപ്പം സാംഖ്യ വൗച്ചർ പ്രിന്റ് സൂക്ഷിക്കുന്നില്ല. മാനുവൽ രീതിയിലുള്ള കണ്ടിൻജന്റ് ബിൽ മാത്രമാണ് ചെലവ് രേഖയായി ഓഡിറ്റിന് ഹാജരാക്കിയത്.
2. നിശ്ചിത ഫോർമാറ്റിലുള്ള അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.
3. ലോൺ രജിസ്റ്ററിൽ ഇ.എം.എസ് ലോണിന്റെ വിവരം ചേർത്തിട്ടില്ല.
4. കേന്ദ്രഫണ്ടുകൾ ഉൾപ്പെടെ തനത് ഫണ്ടിൽ നിക്ഷേപിക്കുന്ന മറ്റ് ഗ്രാന്റുകൾക്ക് അപ്രോപ്രിയേഷൻ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

## 1-11 കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്കിൽ നിന്നും നികുതികൾ ഈടാക്കണം

സർക്കാർ ഉത്തരവ് (പി) നമ്പർ 3/2016/വ്യവ. തീയ്യതി 2.01.2016 പ്രകാരം ഒറ്റപ്പാലം നഗരസഭയിലും, ലെക്കിടി- പേരൂർ ഗ്രാമ പഞ്ചായത്തിലും സ്ഥിതിചെയ്യുന്ന പ്രദേശങ്ങൾ ഉൾപ്പെടുത്തി "കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്ക് ഒറ്റപ്പാലം വ്യവസായ പ്രദേശ ഏകജാലക ക്ലിയറൻസ് ബോർഡ് " രൂപീകരിച്ചിട്ടുണ്ട്. കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്കിൽ ഒറ്റപ്പാലം നഗരസഭ പരിധിയിലെ താഴെ പറയുന്ന പ്രദേശങ്ങൾ ഉൾപ്പെടുന്നുണ്ട്.

| ക്രമ നമ്പർ | വില്ലേജ് ഓഫീസ് | ദേശം നമ്പരും പേരും | റീ സർവേ ബ്ലോക്ക് നമ്പർ, റീ സർവേ സബ് ഡിവിഷൻ നമ്പർ | വിസ്തീർണ്ണം ( ആർ) |
|---|---|---|---|---|
| 1 | ഒറ്റപ്പാലം 2 | 206,പാലപ്പുറം | 92/7 | 7.90 |
| 2 | ഒറ്റപ്പാലം 2 | 206,പാലപ്പുറം | 97/3 | 195.00 |
| 3 | ഒറ്റപ്പാലം 2 | 206,പാലപ്പുറം | 97/4 | 30.58 |
| 4 | ഒറ്റപ്പാലം 2 | 206,പാലപ്പുറം | 97/5 | 30.28 |
| ആകെ | | | | 263.76 |

മേൽ പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്ക്, കിൻഫ്ര ഡിഫൻസ് പാർക്ക് എന്നിവിടങ്ങളിൽ നിന്നും 2018-19 വർഷം ഈടാക്കിയ വസ്തു നികുതി , തൊഴിൽ നികുതി എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം (നം. 5/ 11.3.20) മുഖേന ആവശ്യപ്പെട്ടിരുന്നു. എന്നാൽ 2016 ൽ പ്രവർത്തനം ആരംഭിച്ച കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്കിൽ നിന്നും നഗരസഭക്ക് നാളിതുവരെ യാതൊരു നികുതിയും ലഭിച്ചിട്ടില്ലെന്നാണ് മറുപടിയിൽ സൂചിപ്പിച്ചത്.

കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്കിലുള്ള കെട്ടിടങ്ങളിൽ നിന്നും 1994 ലെ കേരള കേരള മുനിസിപ്പാലിറ്റി ആക്ട്, 2011- ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ എന്നിവ അനുസരിച്ച് വസ്തു നികുതി ഈടാക്കേണ്ടതാണ്. കൂടാതെ ബാധകമായ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും, ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-12 വസ്തുനികുതി - ഇ – പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തണം

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.05.2011ലെ സ.ഉ(എംഎസ്) നം.98/2011 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വരവുകൾ IKM ഇ-പെയ്മെന്റ് ഗേറ്റ് വേയിലൂടെ ഇ-പെയ്മെന്റായും, ഇലക്ട്രോണിക് ട്രാൻസ്ഫറായും സ്വീകരിക്കാൻ അനുവാദം നൽകിയിട്ടുണ്ട്. വസ്തുനികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കറന്റ് അക്കൗണ്ടിലേക്ക് സഞ്ചയ സോഫ്റ്റ് വെയർ മുഖേന ഐകെഎം ഇ-പെയ്മെന്റ് ഗേറ്റ് വേയിലൂടെ നികുതി സ്വീകരിക്കുന്നതിനുള്ള സൗകര്യമൊരുക്കാൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ, ഒറ്റപ്പാലം നഗരസഭയിൽ ഇപ്രകാരം വസ്തുനികുതി ഇ-പെയ്മെന്റായി സഞ്ചയ സോഫ്റ്റ് വെയറിലൂടെ അടവാക്കുന്നതിനുള്ള സൗകര്യം നിലവിലില്ല. സ.ഉ.(എം.എസ്) നം. 98/2011 ഖണ്ഡിക 2(ബി) അനുസരിച്ച് ഐ.കെ.എം ന് ഇ – പേയ്മെന്റ് സേവനത്തിനുള്ള തുക, ഐ കെ എം വിഹിതം ഇനത്തിൽ നഗരസഭ നൽകുന്നുമുണ്ട്.

2018-19 വർഷത്തിലെ വാർഷിക കണക്കിലെ ബി-15 ഷെഡ്യൂൾ പ്രകാരം നഗരസഭക്ക് വസ്തുനികുതി ഇനത്തിൽ 3439394.00 രൂപ കുടിശികയായി ലഭിക്കാനുണ്ട്. ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നത് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സഹായകരമാകും. നഗരസഭക്ക് ലഭിക്കേണ്ട വരവുകൾ കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിനും, നികുതിദായകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ നഗരസഭ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി നിർണ്ണയം പുന:പരിശോധിക്കണം

നഗരസഭയിലെ 26 -ാം വാർഡിൽ , ഒറ്റപ്പാലം 2 വില്ലേജിൽ സർവ്വെ നം എസ് -87/12 ബി യിലെ സ്ഥലത്ത് സർവ്വശ്രീ ഹംസ,കാസിം, ബഷീർ എന്നിവരുടെ ഉടമസ്ഥതയിൽ വാണിജ്യാവശ്യത്തിനുള്ള 898.57 ച മീ കെട്ടിടം നിർമ്മിക്കുവാൻ 13.3.17 ലെ ബിൽഡിംങ്ങ് പെർമിറ്റ് നം e2-ba(10915)/2017 -ാം നമ്പർ പ്രകാരം അനുമതി നൽകിയിരുന്നു. തുടർന്ന് 10.8.2018 ന് കെട്ടിടം പണി പൂർത്തിയായതായി അറിയിക്കുകയും 29.6.2018 പ്രാബല്യത്തിൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് നം E2/1271/2017/14.9.18 (വിസ്തീർണ്ണം -1074.59 ച.മീറ്റർ). അനുവദിക്കുകയും ചെയ്തിട്ടുണ്ട്. (സഞ്ചയ കെട്ടിടം ഐഡി -30205010000381) ഈ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയം സംബന്ധിച്ച താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

എ) കെട്ടിട ഉടമകൾ 29.9.18 ന് സമർപ്പിച്ച ഫോം നം. 2 , റവന്യൂ ഇൻസ്പെക്ടർ തയ്യാറാക്കിയതും, സെക്രട്ടറി സാക്ഷ്യപ്പടുത്തിയതുമായ ഫോം നം. 6 എന്നിവയിലെ രേഖപ്പെടുത്തലുകൾ പ്രകാരം ഈ കെട്ടിടത്തിന് കെട്ടിട നമ്പർ 26/248(2) അനുവദിക്കുകയും , അടിസ്ഥാന വസ്തു നികുതി രൂ.195576.00 + ഗ്രന്ഥശാല വരി രൂ.9779.00 ഉൾപ്പെടെ ആകെ വാർഷിക വസ്തുനികുതി 2,05,355.00 രൂപ ചുമത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ 'അപ്രൂവ്' ചെയ്ത രേഖപ്പെടുത്തലുകൾ പ്രകാരം നിലവിൽ വാർഷിക വസ്തുനികുതി രൂ.1,97,457.00 ആണ്. ഇതുമൂലം വാർഷിക വസ്തുനികുതിയിൽ രൂ. 7898.00 രൂപയുടെ കുറവ് വന്നിട്ടുണ്ട്.

ബി) ഫോം നം .6 ൽ കെട്ടിടത്തിൽ എയർകണ്ടീഷനിങ്ങ് സൌകര്യമുള്ളതായി രേഖപ്പെടുത്തുകയും , അടിസ്ഥാന വസ്തുനികുതിയിൽ 10% വർദ്ധനവ് വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ എയർകണ്ടീഷനിങ്ങ് സൌകര്യത്തിന് 10% വർദ്ധനവ് വരുത്തിയിട്ടില്ല.

സി)കുറഞ്ഞതരം മേൽക്കൂര (ഓട്,ഷീറ്റ്,ഓല,പുല്ല്) യിൽ നിർമ്മിച്ചതാണെന്ന് രേഖപ്പെടുത്തിയതിനാൽ സഞ്ചയ സോഫ്റ്റ് വെയറിൽ 10% നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. ഫോം നം .6 ൽ ഈയിനത്തിൽ ഇളവ് അനുവദിച്ചിട്ടില്ല .

മേൽ സൂചിപ്പിച്ചവ സംബന്ധിച്ച വിവരങ്ങളും, 2018-19 വർഷത്തിൽ ഈ കെട്ടിടത്തിന് ഈടാക്കിയ വസ്തു നികുതിയുടെ വിശദാംശങ്ങളും, ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണം നം. 38 തീ **23-03-2020** ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1) സെക്രട്ടറി അംഗീകരിച്ച നടപടി ക്രമങ്ങൾക്കു വിരുദ്ധമായി സഞ്ചയയിൽ നികുതി നിർണ്ണയത്തിൽ കുറവ് വന്നത് സംബന്ധിച്ച് ഭരണ വകുപ്പിന്റെ തുടർനടപടികൾ ആവശ്യമാണ്. സഞ്ചയ സോഫ്റ്റ് വെയറിൽ തെറ്റായ രീതിയിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നത് മൂലം നഗരസഭക്കുണ്ടാകുന്ന നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കുന്നതിന് ഭരണസമിതിയുടെ പ്രത്യക ശ്രദ്ധ ക്ഷണിക്കുന്നു.

2) ഈ കെട്ടിടത്തിന് സഞ്ചയ സോഫ്റ്റ് വെയറിൽ എയർകണ്ടീഷനിങ്ങ് സൌകര്യത്തിന് 10% വർദ്ധനവ് വരുത്തേണ്ടതാണ്.

3)രണ്ടു നിലകളുള്ള ഈ കെട്ടിടത്തിന്റെ വിസ്തീർണ്ണം, മേൽകൂര, തറനിർമ്മിതി എന്നിവ സംബന്ധിച്ച് റവന്യൂ - എഞ്ചിനിയറിങ്ങ് വിഭാഗങ്ങൾ സംയുക്ത പരിശോധന നടത്തി നികുതി നിർണ്ണയം പുന:പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4)2018-19 വർഷത്തിൽ ഈ കെട്ടിടത്തിന് ഈടാക്കിയ വസ്തു നികുതിയുടെ വിശദാംശങ്ങൾ (രശീത് നം, തീയതി & തുക) ലഭ്യമാക്കേണ്ടതാണ്.

## 1-14 ഒൻപത് വർഷമായിട്ടും വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല

ഫയൽ നം - ആർ1/5734/2011

സർക്കാർ ഉത്തരവ് (അ)18/2011 ത. സ്വ. ഭ. വ. തീയതി 14.01.11 പ്രകാരം പ്രാബല്യത്തിൽ വന്ന കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടം അനുസരിച്ച് നഗരസഭ പ്രദേശത്ത് വസ്തുനികുതി പരിഷ്കരണം നടപ്പിലാക്കുന്നതിനായി 6.3.2011 ന് ഫയൽ നം - ആർ1/5734/2011 പ്രകാരം നടപടികൾ ആരംഭിച്ചെങ്കിലും ഓഡിറ്റ് തീയതി വരെയും വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കുവാൻ നഗരസഭക്ക് കഴിഞ്ഞിട്ടില്ല

## 1-15 തൊഴിൽ നികുതി-അപാകതകൾ പരിഹരിക്കേണ്ടതാണ്

2018-19 വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ്, പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവ വിലയിരുത്തുന്നതിനായി നഗരസഭ സൂക്ഷിച്ചുവരുന്ന സ്ഥാപനങ്ങളുടെ പട്ടിക, റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിക്കുവാൻ ലക്ഷ്യമിടുകയും ആവശ്യമായ പരിശോധന നടത്തുകയും ചെയ്തു. പരിശോധനയുടെ വിവരം താഴെ ചേർക്കുന്നു.

**എ) ഇൻസ്റ്ററിറ്റ്യൂഷൻ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല–**

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം ഉൾപ്പെടുത്തി ഇൻസ്റ്ററിറ്റ്യൂഷൻ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. അതിനാൽ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ കഴിഞ്ഞില്ല

**ബി)ഡിമാന്റ് രജിസ്റ്ററിൽ വിവരങ്ങൾ ചേർക്കുന്നില്ല**

2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 8 പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചു കൊണ്ട് വാർഡ് തിരിച്ചിട്ടുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. മുനിസിപ്പാലിറ്റിയിൽ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും അതിൽ മുഴുവൻ സ്ഥാപനങ്ങളുടെ വിവരങ്ങളോ തൊഴിൽ നികുതി പിരിച്ചതിന്റെ വിവരങ്ങളോ ചേർക്കുന്നില്ല. ആയതിനാൽ തൊഴിൽ നികുതി അടവാക്കിയ സ്ഥാപനങ്ങൾ, അടവാക്കാനുള്ള സ്ഥാപനങ്ങൾ എന്നിവ ഡിമാന്റ് രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. രജിസ്റ്ററിൽ ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവയുടെ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

**സി)റിട്ടേണുകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല**

രണ്ട് അർദ്ധവർഷങ്ങളിലുമായി 60 സ്ഥാപനങ്ങളിൽ നിന്നുള്ള ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ മാത്രമാണ് പരിശോധനക്കായി ഹാജരാക്കിയിട്ടുള്ളത്. ബാക്കിയുള്ള റിട്ടേണുകൾ ലഭ്യമാക്കേണ്ടതാണ്.

**ഡി)താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.**

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ, ഡി&ഒ ലൈസൻസ് അപേക്ഷകൾ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു. തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണം 15(17-3-20) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | വാർഡ്/കെട്ടിട നം | അർദ്ധ വർഷം |
|---|---|---|---|---|
| 1 | ശോഭന ജ്വല്ലറി | 6 | 16/468 | 1&2 |

| | | | | |
|---|---|---|---|---|
| 2 | എ ജി ഷഹാനി & കൊ(ബോംബേ) പ്രൈ ലിമിറ്റഡ് | 8 | 8/1228 | 1&2 |
| 3 | നിള റെസ്റ്റൊറന്റ് | 6 | 8/1232 | 1&2 |
| 4 | മുബാറക് ക്വാറി | 5 | 17/274(1) | 1&2 |
| 5 | അയ്യപ്പ ഗ്യാസ് ഏജൻസി | 9 | 17/121 | 1&2 |
| 6 | സത്യം ഇൻഡേൻ സർവ്വീസസ് | - | 16/144(5) | 1&2 |
| 7 | പ്രഭാത് ഏജൻസീസ്, പെട്രോൾ പമ്പ് | 3 | 8/405(2) | 1&2 |
| 8 | സുദർശന ഇലക്ട്രിക്കൽസ് & സാനിട്ടറീസ് | 3 | 10/38(1) | 1&2 |
| 9 | ഇ പി പെട്രോളിയം ഏജൻസീസ് | - | 8/1237 | 1&2 |
| 10 | സപ്ലൈകോ പീപ്പിൾസ് ബാസാർ | 5 | 5/328 | 1&2 |
| 11 | ഗീത അസ്സോസിയേറ്റ്സ് | - | 8/651 | 1&2 |
| 12 | ഹോട്ടൽ അശോക് ഭവൻ | 4 | 8/1267 | 1&2 |
| 13 | പെരുമാലൽ ട്രേഡിങ്ങ് കമ്പനി | - | 12/302 | 1&2 |
| 14 | രചന ഓഫ് സെറ്റ് | 3 | 17/42(2) | 1&2 |
| 15 | ഐഡിയൽ സിസ്റ്റംസ് | 4 | 12/232(14) | 1&2 |
| 16 | താജ് ഗാർമെന്റ്സ് | - | 23/225 | 1&2 |
| 17 | ചെമ്മണ്ണൂർ ജ്വല്ലേഴ്സ് | 35 | 8/699 | 1&2 |
| 18 | മൈജി | 5 | 8/717 | 1&2 |
| 19 | ഹോട്ടൽ റീജൻസി | - | 16/144(2) | 1&2 |
| 20 | കാസിനോ ഹോട്ടൽ | | 11/2(6,7,8) | 1&2 |
| 21 | എ എം ടു വീലേഴ്സ് പ്രൈ ലിമിറ്റഡ് | - | 29/11(211/11,12,13) | 1&2 |
| 22 | ബ്രൈറ്റ് മോട്ടേഴ്സ് | 4 | 14/208(1) | 1&2 |
| 23 | സൂരജ് ഫുഡ്സ് | 90 | 11/176(5,6) | 1&2 |
| 24 | റൺവേ മൊബൈൽസ് | - | 11/183(5) | 1&2 |
| 25 | പ്രിയ ഡിസ്ട്രിബ്യൂട്ടേഴ്സ് | 4 | 29/600(33) | 1&2 |
| 26 | ഏലിയാസ് ഡിജിറ്റൽ സിസ്റ്റംസ് | 6 | 11/2(57,58) | 1&2 |
| 27 | കേരള മെറ്റൽസ് | - | 10/60(19) | 1&2 |
| 28 | വസന്ത പെട്രോളിയം | 8 | 10/307 | 1&2 |
| 29 | ഗ്രാന്റ് മോട്ടേഴ്സ് | 6 | 10/307(1,2,3) | 1&2 |
| 30 | ഹോട്ടൽ അരമന | 10 | 6/570 | 1&2 |
| | | | | |

| | | | | |
|---|---|---|---|---|
| 31 | മാളിയേക്കൽ മെഡിക്കൽസ് | 4 | 9/82(43) | 1&2 |
| 32 | മലബാറി ഹോട്ടൽ | - | 2/156 | 1&2 |
| 33 | സിവാ ഗോൾഡ്&ഡയമണ്ട്സ് | - | 9/104(15,17) | 1&2 |
| 34 | ഭാരത് മോട്ടേഴ്സ് | - | 112/9(C,D,E,F) | 1&2 |
| 35 | റോയൽ ഹൈപ്പർ മാർക്കറ്റ് | 10 | 4/189 | 1&2 |
| 36 | രാജ മൊസൈക്ക് മാർബിൾസ് | 8 | 24/1 | 1&2 |
| 37 | ടി ടി എ ടൈൽസ് വേൾഡ് | - | 15/380 | 1&2 |
| 38 | ഷയാസ് എന്റർപ്രൈസസ് | 9 | 24/252(3,7) | 1&2 |
| 39 | എസ് എം ഹാന്റ് ലൂംസ് | 4 | 24/301(1,2) | 1&2 |
| 40 | ഗൾഫ് പവർ വർക്ക് ഷോപ്പ് | 6 | 25/206(11) | 1&2 |
| 41 | എ എം ഫ്ലോറിങ്സ് & സാനിട്ടറീസ് | - | 25/245-1 | 1&2 |
| 42 | പവേഴ്സ് മാർക്കറ്റിങ് കൊ പ്രൈ ലിമിറ്റഡ് | 8 | 28/177(1) | 1&2 |
| 43 | ഇ പി മാധവൻ നായർ പെട്രോളിയം | 6 | 28/265(2) | 1&2 |
| 44 | ക്രിസ്റ്റ്യൻ എക്യുപ്മെന്റ്സ് | 4 | 28/285 | 1&2 |
| 45 | മുല്ലക്കൽ ട്രേഡേഴ്സ് | 7 | 1/149 | 1&2 |
| 46 | ഫാമിലി സൂപ്പർ മാർക്കറ്റ് | 4 | 7/400(6,7,8) | 1&2 |
| 47 | അറക്കൽ ഫ്യുവൽസ് | 5 | 23/177(1,2) | 1&2 |
| 48 | ശ്രീറാം മെറ്റൽസ് | 4 | 5/433(3) | 1&2 |
| 49 | ശ്രീകൃഷ്ണ മാച്ച് വർക്സ് | 4 | 1/236 | 1&2 |
| 50 | സത്യം ഗ്യാസ് ഏജൻസി | - | 16 | 1&2 |
| 51 | സുന്ദരം ഫൈനാൻസ് | - | 8 | 1&2 |
| 52 | എലൈറ്റ് ജ്വല്ലറി | - | 8 | 1&2 |
| 53 | ശക്തി ഫിനാൻസ് ലിമിറ്റഡ് | - | 8 | 1&2 |
| 54 | ഹാരിഷ് മെറ്റൽസ് | - | 8 | 1&2 |
| 55 | കെ വി കെ ബ്രദേഴ്സ്, ലക്ഷ്മി വസ്ത്രാലയം | - | 8 | 1&2 |
| 56 | നാരായണ ട്രേഡ് സെന്റർ | - | 8 | 1&2 |
| 57 | ഇംപീരിയൽ തിയേറ്റർ | - | 8 | 1&2 |
| 58 | ലക്ഷ്മി പിക്ചർ പാലസ് | - | 8 | 1&2 |

| | | | | |
|---|---|---|---|---|
| 59 | ബി ആർ ഡി കാർ വേൾഡ് | - | 11 | 1&2 |
| 60 | കൊട്ടാരം ഹോട്ടൽസ് | - | 23 | 1&2 |
| 61 | കെ എസ് ബി സി, ഒറ്റപ്പാലം | - | - | 1&2 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**ഇ)താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1. | ബാങ്ക് ഓഫ് ഇന്ത്യ | 1&2 |
| 2 | വി ഗോപിനാഥൻ & കമ്പനി | 1&2 |
| 3 | കെ എസ് ഇ ബി | 1&2 |
| 4 | സിൻഡിക്കേറ്റ് ബാങ്ക് | 1&2 |
| 5 | എ എം മോട്ടേഴ്സ് | 1&2 |
| 6 | ബാങ്ക് ഓഫ് ബറോഡ | 1&2 |
| 7 | ബി എസ് എൻ എൽ | 1&2 |
| 8 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് | 1&2 |
| 9 | ഷെയർ മൈക്രോ ഫിനാൻസ് ലിമിറ്റഡ് | 1&2 |
| 10 | ധനലക്ഷ്മി ലിമിറ്റഡ് | 1&2 |
| 11 | ഷെയർ മൈക്രോ ഫിനാൻസ് ലിമിറ്റഡ് | 1&2 |
| 12 | കനറാ ബാങ്ക് | 1&2 |
| 13 | യു എ ഇ മണി എക്സ്ചേഞ്ച് | 1&2 |
| 14 | ഇംപീരിയൽ തിയേറ്റർ | 1&2 |
| 15 | ലക്ഷ്മി പിക്ചർ പാലസ് | 1&2 |
| 16 | ICICI ബാങ്ക് | 1&2 |
| 17 | ഫെഡറൽ ബാങ്ക് | 1&2 |
| 18 | കൊട്ടാരം ഹോട്ടൽസ് | 1&2 |

മേൽ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണം 15(17-3-20) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**എഫ്)കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.**

കരാറുകാർ, റേഷൻകട ജീവനക്കാർ, ക്ഷീര സഹകരണ സംഘങ്ങളിലെ ജീവനക്കാർ തുടങ്ങിയവരിൽ നിന്നുള്ള തൊഴിൽ നികുതി റേഷൻകടകളുടേയും ക്ഷീര സഹകരണ സഹകരണ സംഘങ്ങളുടേയും സ്ഥാപന തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഇവ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**ജി)ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.**

2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ആധാരമെഴുത്തുകാർ തൊഴിൽനികുതി അടയ്ക്കുന്നതിന് ബാദ്ധ്യസ്ഥരാണ്. എന്നാൽ 2018-19 ഒന്നും രണ്ടും അർധ വർഷങ്ങളിൽ സബ് രജിസ്ട്രാർ ഓഫീസുമായി ബന്ധപ്പെട്ട് പ്രവൃത്തിക്കുന്ന ആധാരമെഴുത്തുകാർ,

സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഒറ്റപ്പാലം സബ് രജിസ്ട്രാർ /പാലക്കാട് ജില്ലാ രജിസ്ട്രാറിൽ നിന്നും ഒറ്റപ്പാലം നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ആധാരമെഴുത്തുകാരുടെ പട്ടികയും, ഒറ്റപ്പാലം സബ് ട്രെഷറി ഓഫീസിൽ നിന്നും സ്റ്റാമ്പ് വെണ്ടർമാരുടെ പട്ടികയും ലഭ്യമാക്കി തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-16 ഷോപ്പിംഗ് കോംപ്ലക്സ് വാടക-അവലോകനം

നഗരസഭയുടെ വാർഷികകണക്ക് പ്രകാരം വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടകയായി 2018-19 വർഷം 612686 രൂപ കുടിശ്ശികവരവും 4847682 രൂപ തൻവർഷ വരവുമുണ്ട്. വാടക സംബന്ധിച്ച രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

ബസ് സ്റ്റാന്റ് കോംപ്ലക്സ്, മിനി ഷോപ്പിംഗ് സെന്റർ, മിനി ഷോപ്പിംഗ് കോംപ്ലക്സ് , മാർക്കറ്റ് കോംപ്ലക്സ് എന്നിവയാണ് 2018-19 ൽ വാടകയ്ക്ക് നൽകിയിട്ടുള്ളത്. ഇവയെല്ലാം മുൻവർഷങ്ങളിലെ കരാറുകാർക്ക് തന്നെയാണ് വാടകവർദ്ധവ് വരുത്തി വീണ്ടും നൽകിയിട്ടുള്ളത്.

**<u>ബൈലോ</u>**

നഗരസഭയിലെ ബസ് സ്റ്റാന്റ് കോംപ്ലക്സ്, മിനി ഷോംപ്പിംഗ് സെന്റർ, മിനി ഷോംപ്പിംഗ് കോംപ്ലക്സ് എന്നിവയ്ക്കായി ബെലോ തയ്യാറാക്കിയിട്ടില്ല. മാർക്കറ്റ് കോംപ്ലക്സിന് ബൈലോ തയ്യാറാക്കിയിട്ടുണ്ടെങ്കിലും സർക്കാർ അനുമതി ലഭ്യമാക്കിയിട്ടില്ല. 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 572 പ്രകാരം ഏതെങ്കിലും ബൈലോയോ,റഗുലേഷനോ അവയുടെ റദ്ദാക്കലോ വ്യത്യാസപ്പെടുത്തലോ അത് സർക്കാർ അംഗീകാരം നൽകി സ്ഥിരീകരിക്കുന്നതുവരെ പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 571, 572 എന്നിവയിൽ അനുശാസിക്കും പ്രകാരം ബൈലോ പ്രസിദ്ധീകരിച്ച്, സർക്കാർ അനുമതി വാങ്ങേണ്ടതാണ്. കാലാനുസൃതമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലോ തയ്യാറാക്കി, സർക്കാർ അനുമതി വാങ്ങി, ബൈലോ അധികൃതമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>കരാർചമച്ചിട്ടില്ല</u>**

2018-19വർഷത്തിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ, ബങ്കുകൾ, എന്നിവയിലെ വാടകക്കാരുമായി 2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും, കൈയ്യൊഴിക്കലും) ചട്ടങ്ങൾ പ്രകാരം വാടകകരാർ ചമച്ചിട്ടില്ല. 1959-ലെ കേരള സ്റ്റാമ്പ് ആക്ട്, ക്ലോസ് (ജി): ക്രമ നമ്പർ 5 പ്രകാരം മതിയായ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമക്കാത്തതിനാൽ സംസ്ഥാന സർക്കാരിന് ഈ ഇനത്തിൽ സാരമായ തുകയുടെ നഷ്ടം വന്നിട്ടുമുണ്ട്. കൂടാതെ വാടകക്കാരുമായി ഉണ്ടായേക്കാവുന്ന നിയമവ്യവഹാരങ്ങളിൽ നിയമപരിരക്ഷ ലഭിക്കാതെ വരുന്ന സാഹചര്യവും ഇതുമൂലം ഉണ്ടാകുന്നുണ്ട്. 2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും, കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ ഫാറം III ബിയിലെ മാതൃക പ്രകാരം കരാർ കാലാവധി ആരംഭിക്കുമ്പോൾ തന്നെ വാടകകരാറുകൾ ചമക്കേണ്ടതാണ്.

**<u>ഡിമാന്റ് രജിസ്റ്ററുകൾ</u>**

ബസ് സ്റ്റാന്റ് കോംപ്ലക്സ്, മിനി ഷോംപ്പിംഗ് സെന്റർ, മിനി ഷോംപ്പിംഗ് കോംപ്ലക്സ് എന്നിവയ്ക്കായി 2018-19 വർഷത്തിൽ ഒരു ഡിമാന്റ് രജിസ്റ്ററും മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിന് പ്രത്യേക ഡിമാന്റ് രജിസ്റ്ററും സൂക്ഷിച്ചിട്ടുണ്ട്. വാടക ഡിമാന്റ് രജിസ്റ്ററിൽ, ഷോപ്പിംഗ് കോംപ്ലക്സുകളിലെ ആകെ കടമുറികളുടെ എണ്ണം, ഡിമാന്റ് , ബാലൻസ് എന്നീ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ ക്ലോസ് ചെയ്ത് സംക്ഷിപ്തം എഴുതിയിട്ടില്ല. കളക്ഷൻ വിവരം മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. രേഖപ്പെടുത്തലുകൾ പലതും പെൻസിൽ ഉപയോഗിച്ചാണ് എഴുതിയിട്ടുള്ളത്. രജിസ്റ്റർ റവന്യൂ വിഭാഗം മേധാവിയോ സെക്രട്ടറിയോ പരിശോധിക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ഡിമാന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും കൃത്യമല്ല. രജിസ്റ്റർ പ്രകാരം വാടക കുടിശ്ശിക ഇല്ല എന്ന് രേഖപ്പെടുത്തിയ ചില വാടകക്കാർ എല്ലാ മാസത്തെയും വാടക ഒടുക്കിയിട്ടില്ല. ഉദാഹരണം താഴെ ചേർക്കുന്നു.

ബസ് സ്റ്റാന്റ് കോംപ്ലക്സ് (പഴയത്)റൂം -1,

ശ്രീ,കെ.കെ.മൊയ്തീൻ, ഫ്രൂട്ട് സ്റ്റാൾ, പ്രതിമാസ വാടക ₹ 255/- രജിസ്റ്റർ പ്രകാരം 4/18 മുതൽ 11/18 വരെയും പിന്നീട് 3/19 ലെയും വാടക (ആകെ 9 മാസത്തെ വാടക മാത്രം - 9*255) മാത്രമാണ് ഒടുക്കിയതായി രേഖപ്പെടുത്തിയിട്ടുള്ളത്.എന്നാൽ കുടിശ്ശിക ഇല്ല എന്നും പ്രസ്തുത പേജിൽ പെൻസിൽ ഉപയോഗിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്.

രജിസ്റ്ററിൽ കൃത്യമായ ഡിമാന്റ് , കളക്ഷൻ, ബാലൻസ് രേഖപ്പെടുത്തി സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**<u>വാടക കുടിശ്ശിക</u>**

വാർഷികകണക്കിലെ ബി-15 ഷെഡ്യൂൾ പ്രകാരം 1127969 രൂപ വാടക കുടിശ്ശികയുണ്ട്. ഡിമാന്റ് രജിസ്റ്റർ പ്രകാരം പല വാടകക്കാരും വാടക പൂർണ്ണമായി ഒടുക്കിയിട്ടില്ല. വാടക കുടിശ്ശിക വരുത്തിയവർക്കെതിരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. നോട്ടീസ് അയക്കുകയോ മറ്റ് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.(കരാർ ഇല്ലാത്തതിനാൽ നിയമനടപടികൾ സ്വീകരിക്കുന്നതിന് പരിമിതികളുമുണ്ട്). കൂടാതെ വാടക കുടിശ്ശിക ഒടുക്കാതെ തന്നെ കുടിശ്ശികക്കാർ 2019-20 വർഷവും വാടകക്കാരായി പ്രസ്തുത കടമുറികൾ ഉപയോഗിച്ചു വരുന്നുമുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

**ബസ് സ്റ്റാന്റ് കോംപ്ലക്സ് (പഴയത്)**

1.ശ്രീമതി.മരിയ ,

റൂം - 8 - സിറ്റി ബേക്കറി -വാടക -4675 – 10/18 വരെയുള്ള വാടക മാത്രമേ ഒടുക്കിയിട്ടുള്ളു.

2. ശ്രീ.വെങ്കിടാചലം -

റൂം - 7-വറൈറ്റി ഫാൻസി - വാടക – 6179- 10/18 -വരെയുള്ള വാടക മാത്രമേ ഒടുക്കിയിട്ടുള്ളു

മിനി ഷോപ്പിംഗ് സെന്റർ

1.ശ്രീകെ.കെ.മനോഹരൻ -

റൂം - 5- ഗോഡൗൺ - മാസവാടക – 539-

5/18 -വരെയുള്ള വാടക മാത്രമേ ഒടുക്കിയിട്ടുള്ളു

2. ശ്രീ.വി.എൻ.രാജപ്പൻ

റൂം - 9-വറൈറ്റി ഫാൻസി - മാസവാടക – 571-

4 /18 -ലെ വാടക മാത്രമേ ഒടുക്കിയിട്ടുള്ളു

3. ശ്രീ.പി.സീനത്ത്

റൂം - 31, 32

- മാസവാടക – 664- 10/18 - വാടക ഒന്നും ഒടുക്കിയിട്ടില്ല

4. ശ്രീമതി.അമ്മിണി

റൂം - 18-വറൈറ്റി ഫാൻസി - മാസവാടക – 832- 10/18 -വാടക ഒന്നും ഒടുക്കിയിട്ടില്ല

**മിനി ഷോപ്പിംഗ് കോംപ്ലക്സ്**

1. ജ്യോതിലക്ഷ്മി

കൈരളി അയൽകൂട്ടം ബുക്ക് ബൈന്റിംഗ്- വാടക – 132 – 9/18 വരെ മാത്രമേ ഒടുക്കിയിട്ടുള്ളു

മാർകറ്റ് കോംപ്ലക്സ്

1. ശ്രീ നജീബ്

റൂം നം - 5, വാടക – 6588

9/18 വരെ മാത്രമേ ഒടുക്കിയിട്ടുള്ളു

2.ശ്രീ.ഷാജഹാൻ

റൂം നം - 12, വാടക – 2928

9/18 വരെ മാത്രമേ ഒടുക്കിയിട്ടുള്ളു

വാടക കുടിശ്ശിക വരുത്തുന്നവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്. കുടിശ്ശിക ഒടുക്കാത്തവരെ അടുത്തവർഷവും വാടകക്കാരനായി തുടരാൻ അനുവദിക്കുന്നത് ക്രമപ്രകാരമല്ല.

<u>ഡെപ്പോസിറ്റ്</u>

വാടകക്കാർ ഒടുക്കുന്ന ഡെപ്പോസിറ്റിന്റെ കൃത്യമായ വിവരം ഡെപ്പോസിറ്റ് രജിസ്റ്ററിലോ വാടക ഡിമാന്റ് രജിസ്റ്ററിലോ ചേർത്തിട്ടില്ല. വാർഷികകണക്ക് പ്രകാരം വാടകക്കാരുടെ ഡെപ്പോസിറ്റ് ഇനത്തിൽ 3845876 രൂപ നിലവിലുണ്ട്. ഡെപ്പോസിറ്റ് തുകകളുടെ- വരവ്, തിരികെ നൽകൽ എന്നിവയുടെ – വിവരം കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**ഷോപ്പിംഗ് കോംപ്ലക്സ് റൂമുകൾ ഒഴിഞ്ഞുകിടക്കുന്നു**

ബസ് സ്റ്റാന്റ് കോംപ്ലക്സിൽ (പഴയത്) എത്ര റൂമുകളുണ്ട് എന്ന് ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ പ്രകാരം 34 റൂമുകളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത് .ഒഴിഞ്ഞുകിടക്കുന്ന മുറികൾ ഉണ്ടോ എന്ന് വ്യക്തമല്ല. മിനി ഷോപ്പിംഗ് കോംപ്ലക്സിൽ 15 മുറികളുണ്ട്.

മിനി ഷോപ്പിംഗ് സെന്ററിൽ 20 മുറികളുണ്ട്.ഇതിൽ റൂം നമ്പർ 4,13, 14 എന്നിവ ഒഴിഞ്ഞുകിടക്കുകയാണ്

മാർക്കറ്റ് കോംപ്ലക്സിലെ മുറികളുടെ വിവരം താഴെ ചേർക്കുന്നു.

| | ആകെ മുറികൾ | വാടകയ്ക്ക് നൽകിയിട്ടുള്ളത് | ഒഴിഞ്ഞു കിടക്കുന്നത് |
|---|---|---|---|
| ബേസ്മെന്റ് | 12 | 4 | 8 |
| ഗ്രൗണ്ട് ഫ്ലോർ | 12 | 9 | 3 |
| 1 ാംനില | 12 | 6 | 6 |

കോംപ്ലക്സിലെ 36 മുറികളിൽ ആകെ 17 മുറികൾ ഒഴിഞ്ഞുകിടക്കുകയാണ്. പല തവണ ലേലം ചെയ്തിരുന്നുവെങ്കിലും ആരും റൂമുകൾ വാടകയ്ക്ക് എടുക്കാൻ തയ്യാറായിട്ടില്ല. ബൈലോ പ്രകാരം ബേസ്മെന്റിൽ ഏറ്റവും കുറഞ്ഞ ഡെപ്പോസിറ്റ് തുക 15 ലക്ഷം രൂപയും ഗ്രൗണ്ട് ഫ്ലോറിൽ 12 ലക്ഷം രൂപയും ഒന്നാം നിലയിൽ 10 ലക്ഷം രൂപയുമാണ്. ഡിമാന്റ് രജിസ്റ്ററിൽ ഡെപ്പോസിറ്റ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

മാർക്കറ്റ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 2011-2012 വർഷത്തിൽ നഗരസഭ 434 ലക്ഷം രൂപ ഹഡ്കോയിൽ നിന്നും വായ്പ എടുത്തിട്ടുണ്ട്. നഗരസഭ ഒടുക്കേണ്ട വാർഷിക ഗഡു 44 ലക്ഷം രൂപയാണ്. ഇതിൽ 13.02 ലക്ഷം രൂപ പലിശയാണ്. മാർകറ്റ് കോംപ്ലക്സിലെ മുറികളുടെ വാടകയും ഡെപ്പോസിറ്റ് തുകയും SBI 67177703639 എന്ന എസ്ക്രോ അക്കൗണ്ടിൽ ഒടുക്കുകയാണ് ചെയ്യുന്നത്. എന്നാൽ പ്രസ്തുത തുകകൾ വായ്പ ഗഡുവിന് തികയാതെ വരുന്നതിനാൽ തനത് ഫണ്ടിൽ നിന്നുമാണ് തിരിച്ചടവിനുള്ള തുക കണ്ടെത്തുന്നത്. വായ്പ കുടിശ്ശികയിന്മേൽ 3% പിഴപലിശയും ഒടുക്കേണ്ടിവരുന്നുണ്ട്. 2018-19 ലെ തിരിച്ചടവ് തുക താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| 18.4.18 | 18 ലക്ഷം | 1150000 രൂപ എസ്ക്രോ അക്കൗണ്ടിൽ നിന്നും ബാക്കി 6.5 ലക്ഷം തനത് ഫണ്ടിൽ നിന്നും. |
| 28.5.18 | 2144574 | ചെക്ക് - 1803592 തനത് ഫണ്ട് |
| 9.8.18 | 453595 | ചെക്ക്255801 |
| 23.1.19 | 3000000 | ചെക്ക്792678 |
| 22.2.19 | 1865477 | ചെക്ക്792711 |
| 27.2.19 | 13497 | ചെക്ക് 792713 |

ഹഡ്കോയുടെ നോട്ടീസ് പ്രകാരം 30.9.19 ലെ ലോൺ ബാലൻസ് (പ്രിൻസിപ്പൽ) 17 കോടി രൂപയാണ്. കടമുറികളുടെ ഡെപ്പോസിറ്റ് തുകയും വാടകയും പൂർണ്ണമായും ലോൺ തിരിച്ചടവിനാണ് ഉപയോഗിക്കുന്നത് . നിലവിൽ പ്രതിമാസ വാടക ആകെ 1.28 ലക്ഷം മാത്രമാണ് എന്നതിനാൽ നഗരസഭയുടെ മറ്റ് ഷോംപ്പിംഗ് കോംപ്ലക്സുകളിലെ വാടക കൂടി (33 കടകൾ പ്രതിമാസം ആകെ 2.9 ലക്ഷം രൂപ വാടക) എസ്ക്രോ അക്കൗണ്ടിൽ ഒടുക്കുവാൻ ഹഡ്കോയുടെ 5.7.19 ലെ കത്തിൽ ആവശ്യപ്പെടുകയും നഗരസഭ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 18 മുറികൾ മാർകറ്റ് കോംപ്ലക്സിൽ ഒഴിഞ്ഞുകിടക്കുന്നതായി പ്രസ്തുത കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

ഷോപ്പിംഗ് കോംപ്ലക്സിലെ പ്രതീക്ഷിത വാർഷികവരുമാനം( 2019-20 വർഷം) 15.36 ലക്ഷം (1.28ലക്ഷം *12)മാത്രമാണ് . എന്നാൽ 44 ലക്ഷം രൂപ ലോൺ തിരിച്ചടവിന് ആവശ്യമാണ്. പ്രസ്തുത തുക തനത് ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടിവരുന്നത് നഗരസഭയുടെ സാമ്പത്തികസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. കൂടാതെ കടകൾ ഒഴിഞ്ഞുപോകുമ്പോൾ ഡെപ്പോസിറ്റ് തുക തിരികെ നൽകുന്നതിനും തനത് ഫണ്ടിൽ നിന്നും തുക കണ്ടെത്തേണ്ടിവരുന്നു. നിലവിൽ കോംപ്ലക്സിലെ പകുതിയിലധികം കടമുറികൾ ഒഴിഞ്ഞുകിടക്കുകയും ലോൺ തിരിച്ചടവിന് ആവശ്യമായ തുകയുടെ 40% പോലും വരുമാനം വാടകയിൽ നിന്നും ലഭ്യമാകാതിരിക്കുകയും

ചെയ്യുന്നു. റൂമുകൾ ലേലത്തിൽ ആരും ഏറ്റെടുക്കാത്തതിന്റെ കാരണം കണ്ടെത്തി അവ പരിഹരിയ്ക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിയ്ക്കേണ്ടതാണ്. എല്ലാ മുറികളും വാടകയ്ക്ക് നൽകി വാടക വരുമാനം വർദ്ധിപ്പിക്കാനുള്ള ശ്രമം നടത്തേണ്ടതും ലോൺ തിരിച്ചടവിനാവശ്യമായ തുക കോംപ്ലക്സിന്റെ വാടകയിൽ നിന്ന് തന്നെ കണ്ടെത്തേണ്ടതുമാണ്. തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി –37/22.3.20 ന് മറുപടി ലഭ്യമായില്ല)

# 1-17 ലൈസൻസ് നൽകൽ- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

**എ)പൊതുവിതരണ കേന്ദ്രങ്ങൾ, ക്ഷീര സംഘങ്ങൾ എന്നിവയെ ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതാണ്.**

ഒറ്റപ്പാലം നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ, ക്ഷീര സഹകരണ സംഘങ്ങൾ എന്നിവ 2018-19 സാമ്പത്തിക വർഷത്തിൽ FACTEOS ലൈസൻസ് എടുത്തു കാണുന്നില്ല. 1994 കേരള മുനിസിപ്പാലിറ്റി ആക്റ്റ് (20) 447, 448, 449, 450, 453, 454, 455, 456, 459, 460, 462, 469, 470, 492, ഒറ്റപ്പാലം നഗരസഭയുടെ വാർഷിക ലൈസൻസ് ഫീസ് നിരക്കുകളുടെ കരട് പട്ടിക (റേഷൻ കടകൾ(ക്രമ നം-275), ക്ഷീര സംഘങ്ങൾ(ക്രമ നം 118)) എന്നിവ പ്രകാരം മേൽ പറഞ്ഞ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് മുനിസിപ്പാലിറ്റിയിൽ നിന്നും ലൈസൻസ് ആവശ്യമാണ്. മേൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. നഗരസഭ പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും എല്ലാ സ്ഥാപനങ്ങളേയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**ബി)പരിശോധന റിപ്പോർട്ടിൽ ജീവനക്കാരുടെ എണ്ണം ചേർക്കേണ്ടതാണ്.**

ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് സ്ഥാപന പരിശോധന നടത്തുന്ന അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ഹോട്ടലുകൾ, ജ്വല്ലറികൾ, വസ്ത്രാലയങ്ങൾ, ഒന്നിൽ കൂടുതൽ ജീവനക്കാർ ഉണ്ടാകാൻ ഇടയുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ പരിശോധനാ റിപ്പോർട്ടിൽ ജീവനക്കാരുടെ എണ്ണം ചേർക്കാത്തത് തൊഴിൽ നികുതി ഇനത്തിലുള്ള വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. മേൽ അപാകത പരിഹരിക്കേണ്ടതാണ്.

# 1-18 ഗ്രന്ഥശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം

നഗരസഭ കോമ്പൌണ്ടിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലയിൽ നിന്നും 2018-19 വർഷം വാർഷികധനകാര്യപത്രികയിലെ ഷെഡ്യൂൾ RP-4 പ്രകാരം Fees & User Charges , 140501600 Receipts from Libraries എന്ന ശീർഷകത്തിൽ 11,695.00 രൂപ വരവുണ്ട്. ഒറ്റപ്പാലം നഗരസഭയുടെ ഗ്രന്ഥശാല വായനശാല ഉപനിയമങ്ങൾ 5 പ്രകാരം ഗ്രന്ഥശാല കമ്മിറ്റി രൂപികരിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ ഗ്രന്ഥശാല കമ്മിറ്റി രൂപികരിച്ചിട്ടില്ല. ഗ്രന്ഥശാലയുടെ സുഗമമായ പ്രവർത്തനത്തിനു വേണ്ടി താഴെ പറയുന്ന നിർദ്ദേശങ്ങളിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1. ഗ്രന്ഥശാല കമ്മിറ്റി അടിയന്തിരമായി രുപീകരിക്കേണ്ടതാണ് .

2.ഗ്രന്ഥശാലക്ക് കേരള ഗ്രന്ഥശാല സംഘത്തിന്റെ അഫിലിയേഷൻ നേടുന്നതിനും, ലൈബ്രറി ഗ്രാന്റ് ലഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ഗ്രന്ഥശാല വായനശാല ഉപനിയമങ്ങൾ 40 പ്രകാരമുള്ള പ്രവേശന രജിസ്റ്റർ, പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ, പുസ്തക വിതരണ രജിസ്റ്റർ, പത്ര – മാസികകളുടെ രജിസ്റ്റർ, മാസ വരിസംഖ്യ രജിസ്റ്റർ എന്നിവ കാലികമാക്കുന്നതിനും, വാർഷിക പരിശോധന നടത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. പഴയ വാർത്താ പത്രങ്ങളും ആനുകാലികങ്ങളും നീക്കം ചെയ്യുന്നതിന് നടപടികൾ കൈക്കൊള്ളേണ്ടതാണ്.
5.ഗ്രന്ഥശാലയിലേക്കുള്ള പത്രങ്ങളുടെയും, ആനുകാലികങ്ങളുടെയും ആവശ്യകത നിർണ്ണയിക്കുന്നത് ഗ്രന്ഥശാല കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ആയിരിക്കേണ്ടതാണ്.

# 1-19 ഡേ കെയർ കീമോ തെറാപ്പി യൂണിറ്റിലേക്ക് മരുന്ന് വാങ്ങൽ -രേഖകൾ ഹാജരാക്കണം

പ്രൊജക്ട് നമ്പർ- 55/2019

പ്രൊജക്റ്റ് –ഡേ കെയർ കീമോ തെറാപ്പി യൂണിറ്റിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 3 ലക്ഷം ( ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ചെലവ്- രൂ. 3 ലക്ഷം (ബിൽ നം 5 തീയതി 4.10.18 രൂ 17591.00 & ബിൽ നം 15 തീയതി 30.11.18 രൂ 282409.00)

നിർവഹണം-സൂപ്രണ്ട്, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി

ഡേ കെയർ കീമോ തെറാപ്പി യൂണിറ്റിലേക്ക് മരുന്ന് വാങ്ങൽ എന്ന പ്രൊജക്ടിനു വേണ്ടി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പ്രഫോർമ ഇൻവോയ്സ് ലഭിച്ചതനുസരിച്ച് ട്രഷറി ബിൽ നം 15 തീയതി 30.11.18 പ്രകാരം രൂ 282409.00 നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഫയലിൽ 17.12.18 ന് " 282409 രൂപയുടെ പ്രഫോർമ ഇൻവോയ്സ് മാത്രമേ ഈ ഓഫീസിൽ ലഭിച്ചിട്ടുള്ളൂ. ആയതുകൊണ്ട് ഒരിക്കൽ കൂടി ഇ മെയിൽ മുഖേന അറിയിക്കാവുന്നതാണ്" എന്ന് കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുടർനടപടികളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്ററർ, മരുന്നിന്റെ ഇൻവോയ്സ് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.26 തീ.19.3.20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുള്ള മരുന്നുകളുടെ ഒറിജിനൽ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ , സർക്കാർ ഉത്തരവ് (കൈ)17/2018/ത.സ്വ.ഭ.വ തി 2.2.18 ഖണ്ഡിക 11.4 ലെ നിർദ്ദേശാനുസരണമുള്ള പ്രൊജക്റ്റ് പൂർത്തീകരണ പത്രം എന്നിവ ഹാജരാക്കത്തതിനാൽ 282409.00 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-20 താലൂക്ക് ആശുപത്രിയിൽ ഉച്ചഭാഷിണിയും സി സി ടിവിയും സ്ഥാപിക്കൽ - രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്റ്റ് നമ്പർ- 75/2019

പ്രൊജക്റ്റ് – ആശുപത്രിയിൽ ഉച്ചഭാഷിണിയും സി സി ടിവിയും സ്ഥാപിക്കൽ

അടങ്കൽ : 5 ലക്ഷം ( മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം)

ചെലവ്- രൂ. 472000.00(ബിൽ നം 33 തീയതി 22.2.19 )

നിർവഹണം-സൂപ്രണ്ട്, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി

ആശുപത്രിയിൽ ഉച്ചഭാഷിണിയും സി സി ടിവിയും സ്ഥാപിക്കൽ എന്ന പ്രൊജക്ടിന്റെ നിർവ്വഹണത്തിനായി എക്സിക്യൂട്ടീവ് എഞ്ചിനിയർ , പൊതു മരാമത്ത് വിഭാഗം (ഇലക്ട്രോണിക്സ് ഡിവിഷൻ) തൃശ്ശൂർ ന് 472000.00 രൂപ കൈമാറിയിട്ടുണ്ട്. ഈ പ്രൊജക്റ്റ് നിർവ്വഹണം സംബന്ധിച്ച് താഴെ പറയുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല.

1) പാലക്കാട് അസിസ്റ്റന്റ് എഞ്ചിനിയർ പൊതു മരാമത്ത് വിഭാഗം (ഇലക്ട്രോണിക്സ് ഡിവിഷൻ) തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഉച്ചഭാഷിണിയും സി സി ടിവിയും സ്ഥാപിക്കുന്നതിന് തുക കൈമാറിയിട്ടുണ്ട്. ഇതിനായി സർക്കാർ ഉത്തരവ് (കൈ)17/2018/ത.സ്വ.ഭ.വ തി 2.2.18 ഖണ്ഡിക 11.2(2) പ്രകാരം തൃശ്ശൂർ എക്സിക്യൂട്ടീവ് എഞ്ചിനിയർ , പൊതു മരാമത്ത് വിഭാഗവുമായി (ഇലക്ട്രോണിക്സ് ഡിവിഷൻ) ചമച്ച കരാർ പത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2) സർക്കാർ ഉത്തരവ് (കൈ)17/2018/ത.സ്വ.ഭ.വ തി 2.2.18 ഖണ്ഡിക 11.2(3) ഡി(iv) പ്രകാരം പദ്ധതി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

3) സർക്കാർ ഉത്തരവ് (കൈ)17/2018/ത.സ്വ.ഭ.വ തി 2.2.18 ഖണ്ഡിക 11.4 പ്രകാരം ഈ പ്രൊജക്ടിന്റെ പൂർത്തീകരണ പത്രവും, തൃശ്ശൂർ എക്സിക്യൂട്ടീവ് എഞ്ചിനിയർ , പൊതു മരാമത്ത് വിഭാഗം (ഇലക്ട്രോണിക്സ് ഡിവിഷൻ) നിൽ നിന്നുള്ള ധനവിനിയോഗ സാക്ഷ്യ പത്രവും ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.20/18.3.20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ധനവിനിയോഗ സാക്ഷ്യ പത്രവും, മറ്റ് രേഖകളും പരിശോധനക്ക് ഹാജരാക്കാത്തതിനാൽ ഈ പ്രൊജക്ടിനു വേണ്ടി ചെലവഴിച്ച 472000.00 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-21 ആശുപത്രിയിലേക്ക് ഡയാലിസസ് /ലാബ് റീ ഏജന്റുകൾ വാങ്ങൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രൊജക്റ്റ് നമ്പർ- 49/2019

പ്രൊജക്റ്റ് – ആശുപത്രിയിലേക്ക് ഡയാലിസസ് /ലാബ് റീ ഏജന്റുകൾ വാങ്ങൽ

അടങ്കൽ : 50 ലക്ഷം ( മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം)

ചെലവ്- രൂ. 43,46,908.00

നിർവഹണം-സൂപ്രണ്ട്, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി

ഡയാലിസിസ് യൂണിറ്റിലേക്ക് മരുന്നും മറ്റ് കൺസ്യൂമബിൾസും, ലാബിലേക്ക് റീ ഏജന്റുകളും വാങ്ങുന്നതിനു വേണ്ടി നടപ്പാക്കിയ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

(1) ആർ.എസ്.ബി.വൈ (രാഷ്ട്രീയ സ്വസ്ഥ്യ ബിമ യോജന ) പദ്ധതിക്കു വേണ്ടി വാങ്ങിയ മരുന്നുകളുടെ ചെലവുകൾ ഈ പ്രൊജക്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ട്രഷറി ബിൽ നം,തീയതി& തുക | ഇൻവോയ്സ് നം / തീയതി | സ്ഥാപനം | തുക | RSBY സ്റ്റോക്ക് രജിസ്റ്റർ പേജ് നം |
|---|---|---|---|---|---|
| 1 | 13/30.11.18 ₹141927.00 | 0693/ 12.10.18 | അൽക്കെമി ഡയഗ്നോസ്റ്റിക്സ് | 15784.00 | **54** |
| 2 | -do- | 11841/ 16.11.18 | ആസ്പെൻ ഡയഗ്നോസ്റ്റിക്സ് | 20023.00 | **55** |
| 3 | -do- | 01902/ 24.10.18 | എബിസി ഡയഗ്നോസ്റ്റിക്സ് | 11520.00 | **54** |
| 4 | -do- | 1055/ 30.10.18 | സ്പെഷ്യാലിറ്റി ഡയഗ്നോസ്റ്റിക്സ് & ഏജൻസീസ് | 22098.00 | **54** |
| 5 | 28/7.2.19 രൂ.284329.00 | 24192/ 20.12.18 | അമൃത മെഡിക്കൽസ്, ഒറ്റപ്പാലം | 22050.00 | **59** |
| 6 | -do- | 26042/ 4.1.19 | അമൃത മെഡിക്കൽസ്, ഒറ്റപ്പാലം | 87750.00 | **59** |
| 7 | -do- | 26579/ 8.1.19 | അമൃത മെഡിക്കൽസ്, ഒറ്റപ്പാലം | 117052.00 | **59** |
| 8 | -do- | 26581/ 8.1.19 | അമൃത മെഡിക്കൽസ്, ഒറ്റപ്പാലം | 7125.00 | **59** |
| 9 | -do- | SDC/886/29.9.18 | സ്പെഷ്യാലിറ്റി ഡയഗ്നോസ്റ്റിക്സ് & ഏജൻസീസ് | 9240.00 | **25** |
| 10 | -do- | SDC/1319/23.12.18 | സ്പെഷ്യാലിറ്റി ഡയഗ്നോസ്റ്റിക്സ് & ഏജൻസീസ് | 20843.00 | **57** |
| 11 | -do- | SDC/1344/27.12.18 | സ്പെഷ്യാലിറ്റി ഡയഗ്നോസ്റ്റിക്സ് & ഏജൻസീസ് | 4515.00 | **58** |
| 12 | 32/22.2.19 രൂ.127241.00 | SDC/1521/6.2.19 | സ്പെഷ്യാലിറ്റി ഡയഗ്നോസ്റ്റിക്സ് & ഏജൻസീസ് | 37070.00 | **65** |
| 13 | 34/12.3.19 രൂ.271188.00 | 748/ 24.10.18 | റാപിഡ് ഡയഗ്നോസ്റ്റിക്സ് | 6900.00 | **54** |
| | | | ആകെ | 381970.00 | |

(2)താഴെ പറയുന്ന ട്രഷറി ബില്ലുകളുടെ ചെലവു രേഖകൾ / ഇൻവോയ്സുകൾ / ബില്ലുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | ട്രഷറി ബിൽ നം,തീയതി | തുക |
|---|---|---|
| 1 | ബിൽ നം 15 തീയതി 30.11.18 | 282409.00 |
| 2 | ബിൽ നം 27 തീയതി 07.02.19 | 46502.00 |
| | ആകെ | 3,28,911.00 |

(3) താഴെ പറയുന്ന ഇൻവോയ്സുകൾ അനുസരിച്ചുള്ള വാങ്ങലുകൾ സ്റ്റോക്ക് രജിസ്റ്ററുകളിൽ ചേർത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

| ക്രമ നം | ട്രഷറി ബിൽ നം,തീയതി& തുക | ഇൻവോയ്സ് നം / തീയതി | സ്ഥാപനം | തുക |
|---|---|---|---|---|
| 1 | 28/7.2.19 രൂ.284329.00 | 1021/23.10.18 | സ്പെഷ്യാലിറ്റി ഡയഗ്നോസ്റ്റിക്സ് & ഏജൻസീസ് | 354.00 |
| 2 | -do- | 1229/05.12.18 | സ്പെഷ്യാലിറ്റി ഡയഗ്നോസ്റ്റിക്സ് & ഏജൻസീസ് | 15400.00 |
| 3 | 21/22.2.19 രൂ10878.00 | 74975/12.2.19 | കാരുണ്യ ഫാർമസി | 10878.00 |
| 4 | 32/22.2.19 രൂ127241 | 0574/15.11.2017 | അൽക്കെമി ഡയഗ്നോസ്റ്റിക്സ് | 8411.00 |
| | | ആകെ | | 35043.00 |

(4) സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 ലെ മാർഗ്ഗരേഖ ഖണ്ഡിക 7.5.3(1) പ്രകാരം അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് മാത്രമേ വാങ്ങാൻ അനുമതിയുള്ളു. മാർഗ്ഗരേഖ ഖണ്ഡിക 7.5.4 അനുസരിച്ച് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്നുകൾ ലഭ്യമല്ലാതിരിക്കുന്ന സാഹചര്യത്തിൽ മാത്രം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ ശുപാർശപ്രകാരം **കാരുണ്യ/നീതി/ജെൻഔഷധി** മെഡിക്കൽ സ്റ്റോറുകളിൽ നിന്നും അടിയന്തിര സാഹചര്യം മറികടക്കുന്നതിന് വേണ്ടി മാത്രം മരുന്ന് വാങ്ങാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൺസ്യൂമബിൾസുകളുടെ വാങ്ങലുകളിൽ സർക്കാർ ഉത്തരവ് (ആർ.ടി) 259/2010/ത.സ്വ.ഭ.വ തീയതി 8.11.2010 പ്രകാരം പ്രാബല്യത്തിൽ വന്ന, *തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ, സ്റ്റോർ പർച്ചേസ് മാന്വൽ* എന്നിവയിലെ വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്. ഇതിനു വിരുദ്ധമായാണ് താഴെ പറയുന്ന വാങ്ങലുകൾ നടത്തിയിരിക്കുന്നത്.

| ക്രമ നം | ട്രഷറി ബിൽ നം,തീയതി& തുക | ഇൻവോയ്സ് നം / തീയതി | സ്ഥാപനം | തുഖണ്ഡിക 2 പ്രകാരംക |
|---|---|---|---|---|
| 1 | 28/7.2.19 രൂ.284329.00 | 24192/20.12.18 | അമൃത മെഡിക്കൽസ്, ഒറ്റപ്പാലം | 22050.00 |
| 2 | -do- | 26042/4.1.19 | അമൃത മെഡിക്കൽസ്, ഒറ്റപ്പാലം | 87750.00 |
| 3 | -do- | 26579/8.1.19 | അമൃത മെഡിക്കൽസ്, ഒറ്റപ്പാലം | 117052.00 |
| 4 | -do- | 26581/8.1.19 | അമൃത മെഡിക്കൽസ്, ഒറ്റപ്പാലം | 7125.00 |
| | | | | |

| | | | | |
|---|---|---|---|---|
| | | | ആകെ | 2,33,977.00 |

ഈ പ്രൊജക്ട് സംബന്ധിച്ച് മറുപടി/ വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം. 30 തീ **20-03-2020**ന് ആവശ്യപ്പെട്ടിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

എ) രാഷ്ട്രീയ സ്വാസ്ഥ്യ ബിമ യോജനക്കു വേണ്ടി വാങ്ങിയ മരുന്നുകൾക്കായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 381970 രൂപ 911- DEDUCT-RECOVERIES OF OVER PAYMENTS എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ തിരിച്ചടവാക്കേണ്ടതാണ്.

ബി)പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട ട്രഷറി ബില്ലുകളുടെ പകർപ്പ്, ഇൻവോയ്സുകൾ / ബില്ലുകൾ , മറ്റ് രേഖകൾ എന്നിവ ക്രമ പ്രകാരം ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

സി)തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഫണ്ടുപയോഗിച്ച് വാങ്ങുന്ന മരുന്നുകൾ, ഉപകരണങ്ങൾ മുതലായവ പ്രത്യേക സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

ഡി)സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 ലെ മാർഗ്ഗരേഖ ഖണ്ഡിക 7.5.3 ലെ നിർദ്ദേശങ്ങൾ മരുന്നുകൾ വാങ്ങുന്നതിലും, സർക്കാർ ഉത്തരവ് (ആർ.ടി) 259/2010/ത.സ്വ.ഭ.വ തീയതി 8.11.2010 ലെ നിർദ്ദേശങ്ങൾ മറ്റ് വാങ്ങലുകളുടെയും കാര്യത്തിൽ പാലിക്കേണ്ടതാണ്.

രാഷ്ട്രീയ സ്വാസ്ഥ്യ ബിമ യോജനക്കു വേണ്ടി വാങ്ങിയ മരുന്നുകളുടെ തുക വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചത് ക്രമ പ്രകാരമല്ല. ആയതിനാൽ ഖണ്ഡിക 1 പ്രകാരം 381970 രൂപയും, ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ഖണ്ഡിക 2 പ്രകാരം 3,28,911 രൂപയും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ ഖണ്ഡിക 3 പ്രകാരം 35043.00 രൂപയും ഉൾപ്പെടെ ആകെ 745924.00 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-22 ഉപകരണങ്ങൾക്ക് എ എം സി എടുക്കൽ- രേഖകൾ / വിശദാംശങ്ങൾ ലഭ്യമാക്കണം

പ്രൊജക്ട് നമ്പർ- 36/2019

പ്രൊജക്ട് – ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലെ ഉപകരണങ്ങൾക്ക് എ എം സി എടുക്കൽ

അടങ്കൽ : 4 ലക്ഷം ( ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ചെലവ്- രൂ. 355584.00

നിർവഹണം-സൂപ്രണ്ട്, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി

ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലെ ഉപകരണങ്ങൾക്ക് എ എം സി എടുക്കുന്നതിനുള്ള പ്രൊജക്ടിന്റെ ഭാഗമായി 355584.00 രൂപ വിവിധ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് താഴെ ചേർത്ത പട്ടിക പ്രകാരമുള്ള രേഖകൾ / വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | ഉപകരണം | എണ്ണം | എ എം സി നൽകിയ സ്ഥാപനം | തുക | കുറിപ്പ് |
|---|---|---|---|---|---|
| 1 | ലിഫ്റ്റ് | 2 | കോൺ എലിവേറ്റർ ഇന്ത്യ (പ്രൈ) ലി | 234584.00 | സ്റ്റാമ്പ് ആക്ട് പ്രകാരം മുദ്രപത്രത്തിൽ ചമച്ച കരാർ ഹാജരാക്കണം |
| 2 | ജനറേറ്റർ | 2 | പാരമൌണ്ട് ട്രേഡ് ലിങ്ക്സ് | 35400.00 | ജനറേറ്ററുകളുടെ ലോഗ് ബുക്ക് ഹാജരാക്കണം |
| 3 | വാട്ടർ പ്യൂരിഫയർ | 4 | അക്വാറോ എന്റർ പ്രൈസസ് | 15400.00 | KVAT പ്രകാരമാണ് ഇൻവോയ്സ് (നം579/ 19.1.19) നൽകിയിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല. 1.7.2017 മുതൽ GST |

| | | | | | |
|---|---|---|---|---|---|
| | | | | | പ്രാബല്യത്തി നായതിനാൽ ചട്ട പ്രകാരമുള്ള ഇൻവോയ്സ് ഹാജരാക്കണം. |
| 4 | എയർ കണ്ടിഷണർ | 20 | സൂപ്പർ കൂൾ | 70000.00 | കമ്പട്ടേഷൻ നടപടികളുടെ വിശദാംശങ്ങൾ ഹാജരാക്കണം |
| | | | ആകെ | 3,55,384.00 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.27 തീ.19.3.20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകൾ / വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

## 1-23 സമഗ്ര പാലിയേറ്റീവ് പരിചരണം-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

പ്രൊജക്ട് നമ്പർ- 6/2019

പ്രൊജക്ട് –സമഗ്ര പാലിയേറ്റീവ് പരിചരണം

അടങ്കൽ : 7ലക്ഷം (വികസന ഫണ്ട് )

ചെലവ്- രൂ. 642848.00

നിർവഹണം-സൂപ്രണ്ട്, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി
സമഗ്ര പാലിയേറ്റീവ് പരിചരണപദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയും പ്രകാരമുള്ള രേഖകൾ/ വിശദീകരണം ഓഡിറ്റിന് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.
എ) ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിനായി ആയുർവ്വേദ / അലോപ്പതി മരുന്നുകൾ വാങ്ങുന്നതിനായി പ്രഫോർമ ഇൻവോയ്സുകൾ അനുസരിച്ച് താഴെ പറയുന്ന തുകകൾ നൽകിയിട്ടുണ്ട്.

| ക്രമ നം | ട്രഷറി ബിൽ നം,തീയതി & തുക | സ്ഥാപനം | തുക |
|---|---|---|---|
| 1 | 9/16.11.18, രൂ.169763.00 | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ | 169763.00 |
| 2 | 35/12.3.19 രൂ.82750.00 | ഔഷധി | 50000.00 |
| | | ആകെ | 219763.00 |

മേൽ തുകകൾക്കുള്ള കൈപ്പറ്റ് രശീത്, ലഭിച്ച മരുന്നുകളുടെ ഒറിജിനൽ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ , സർക്കാർ ഉത്തരവ് (കൈ)17/2018/ത.സ്വ.ഭ.വ തി 2.2.18 ഖണ്ഡിക 11.4 ലെ നിർദ്ദേശാനുസരണമുള്ള പ്രൊജക്ട് പൂർത്തീകരണ പത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ബി) ഈ പ്രൊജക്ടിൽ ഉൾപ്പെടുത്തി പാലിയേറ്റീവ് സെക്കണ്ടറി തല പ്രവർത്തനങ്ങൾ ഒറ്റപ്പാലം നഗരസഭയുടെ സമീപ ഗ്രാമ പഞ്ചായത്തുകളായ ലെക്കിടി-പേരൂർ, വാണിയംകുളം, തൃക്കടീരി എന്നിവിടങ്ങളിൽ കൂടി നടപ്പാക്കായിട്ടുണ്ട്. പാലിയേറ്റീവ് സെക്കണ്ടറി തല പ്രവർത്തനങ്ങൾക്ക് സർക്കാർ ഉത്തരവ് (കൈ)17/2018/ ത.സ്വ.ഭ.വ തി 2.2.18 ഖണ്ഡിക 3.5.4 ലെ നിർദ്ദേശങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്തുകളുമായി ചേർന്ന് സംയുക്ത പ്രൊജക്ട് നടപ്പിലാക്കേണ്ടതായിരുന്നു. നഗരസഭ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലും പദ്ധതി നേരിട്ട് നടപ്പിലാക്കുകയാണ് ചെയ്തത്.
മേൽ പറഞ്ഞവ ലഭ്യമാക്കാത്തതിനാലും, മരുന്നുകൾ വാങ്ങിയത് സംബന്ധിച്ച രേഖകൾ ഹാജരാക്കത്തതിനാലും 219763.00 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ( ഓഡിറ്റ് അന്വേഷണം നം .25 / തീ 19.03.20 നൽകിയെങ്കിലും മറുപടി ലഭ്യമായില്ല.)

ഓഡിറ്റ് നിർദ്ദേശം

1.പാലിയേറ്റീവ് രോഗികൾക്കുള്ള ആയുർവേദ മരുന്നുകൾ നൽകുന്ന പദ്ധതി മെഡിക്കൽ ഓഫീസർ ( ഐ എസ് എം) മുഖേന നിർവ്വഹണം നടത്തുന്നത് ഉചിതമായിരിക്കും.

2.പാലിയേറ്റീവ് സെക്കണ്ടറി തല പ്രവർത്തനങ്ങൾ നഗരസഭയുടെ സമീപ പ്രദേശങ്ങളായ ലെക്കിടി-പേരൂർ, വാണിയംകുളം, തൃക്കടീരി മുതലായ ഗ്രാമ പഞ്ചായത്തുകളുമായി ചേർന്ന് സർക്കാർ ഉത്തരവ് (കൈ)17/2018/ ത.സ്വ.ഭ.വ തി 2.2.18 ഖണ്ഡിക3.5.4 പ്രകാരം സംയുക്ത പ്രൊജക്ടായി നിർവ്വഹണം നടത്തേണ്ടതാണ്.

# 1-24 എസ് സി വിദ്യാർത്ഥികൾക്ക് പഠനമേശയും കസേരയും പദ്ധതി- 9 മേശയും കസേരയും വിതരണം ചെയ്തിട്ടില്ല-

പ്രോജക്റ്റ് നം-30/18-19

പ്രോജക്റ്റിന്റെ പേര്-എസ് സി വിദ്യാർത്ഥികൾക്ക് പഠനമേശയും കസേരയും

അടങ്കൽ -11,50,000/-

ചെലവ് -8,69,304/-

ബിൽ നം -1/18-19, തീയതി-26-3-19

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഹെഡ്മാസ്റ്റർ

എസ് സി വിദ്യാർത്ഥികൾക്ക് പഠനമേശയും കസേരയും നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി ബിൽ നം 1/18-19 തീയതി 26-3-19 പ്രകാരം ആർട്ട്കോയിൽ നിന്നും 8,69,304 രൂപയ്ക്ക് 174 മേശയും കസേരയും വാങ്ങുകയും 165 എണ്ണം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 9 മേശയും കസേരയും വിതരണം ചെയ്തിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 21(18-3-20) ന് മറുപടിയായി പല തവണ ആവശ്യപ്പെട്ടിട്ടും വിദ്യാർത്ഥികൾ കൈപ്പറ്റിയില്ല എന്നും നഗരസഭ കൗൺസിലിന്റെ അംഗീകാരത്തോടെ പെട്ടെന്നു തന്നെ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം ചെയ്യുന്നതുമാണ് എന്നുമാണ് അറിയിച്ചത്. ഗുണഭോക്താക്കൾക്ക് മേശയും കസേരയും വിതരണം ചെയ്യുന്നതുവരെ 44964 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-25 കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ അങ്കണവാടികൾ പ്രവർത്തിക്കുന്നു

നഗരസഭയുടെ നിയന്ത്രണത്തിലുള്ള 42 അങ്കണവാടികളിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 8 എണ്ണം ഒഴികെയുള്ള 34 എണ്ണവും , 2018-19 വർഷത്തിൽ മതിയായ സുരക്ഷ മുൻകരുതൽ ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത്. അങ്കണവാടി കെട്ടിടങ്ങൾ എഞ്ചിനീയർ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നസ്സ് സംബന്ധിച്ച് താഴെ പറയുന്ന ഉത്തരവുകൾ/ സർക്കുലറുകൾ പ്രാബല്യത്തിലുണ്ട്.

1) തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 22-3-2011 ലെ സർക്കുലർ നം. 31055/ സി.ഡി.2/2011/ത.സ്വ.ഭ.വ ഖണ്ഡിക സി(1) ൽ എല്ലാ കലണ്ടർ വർഷവും മെയ് 10-നകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങളുൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും, പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഖണ്ഡിക സി(2) പ്രകാരം യാതൊരു കാരണവശാലും സുരക്ഷിതമല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

2)സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 8-7-2016 ലെ ഉത്തരവ് നം CMRP/3048/01/LA1/2016/KeSCPCR പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ യാതൊരു പ്രീ പ്രൈമറി സ്ഥാപനങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കരുതെന്ന് വിധിച്ചിട്ടുണ്ട്.

3) തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യു) വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറിയുടെ 30.12.2016 ലെ സർക്കുലർ നം.7824555/ ഇ,ഡബ്ല്യു/2016/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനിയർമാർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്ഥാപനങ്ങൾ / സ്ക്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മേധാവി നടപടി സ്വീകരിച്ച് ഉറപ്പുവരുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്,

കേരള മുനിസിപ്പാലിറ്റി നിയമം അനുസരിച്ച് ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രധാന ചുമതലയാണ് അങ്കണവാടികൾ നടത്തുക എന്നത്. അങ്കണവാടികൾ ഫിറ്റ്നസ്സ് ഇല്ലാതെ പ്രവർത്തിക്കുന്നത് ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും, അങ്കണവാടികളുടെ ഭരണ വകുപ്പായ വനിതാ-ശിശു ക്ഷേമ വകുപ്പിന്റെയും വീഴ്ചയാണ്.

**ഓഡിറ്റ് നിർദ്ദേശം**

എ.അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നസ്സ് സംബന്ധിച്ച നിലവിലെ സ്ഥിതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി. അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്.
സി. നഗരസഭ എഞ്ചിനിയറിങ്ങ് വിഭാഗം അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നസ്സ് ഉറപ്പുവരുത്തേണ്ടതാണ്.

## 1-26 ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയില്ല

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 149.2018 ലെ സർക്കുലർ നം 65/39/2018/DOR , സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ ജി എസ് ടി ഇനത്തിൽ 2% ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി നഗരസഭ സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർദ്ദേശം നല്കിയിട്ടുമുണ്ട്. 2018-19 വർഷത്തിലെ അനുപൂരക പോഷകാഹാര വിതരണ പ്രോജക്ടുകൾ (43/2019 & 78/2019) പ്രകാരം കിഡ്സ് ലവർ അമൃതം ഫുഡ്സ് (കുടുംബശ്രീയൂണിറ്റ് - GSTIN :32AANFK0706E1ZT )ചെമ്പുള്ളി റോഡ്, വായനശാല, പനമണ്ണ, ഒറ്റപ്പാലം-679104 എന്ന സ്ഥാപനത്തിൽ നിന്നുള്ള വാങ്ങലുകളിന്മേൽ നിയമാനുസൃതം ഈടാക്കേണ്ടുന്ന ജി എസ് ടി ഇനത്തിൽ 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കി ഒടുക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു..

| ക്രമ നമ്പർ | ഇൻവോയിസ് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 369 | 22.10.18 | 95850.00 |
| 2 | 370 | 22.10.18 | 33321.00 |
| 3 | 371 | 22.10.18 | 84729.00 |
| 4 | 389 | 13.11.18 | 96975.00 |
| 5 | 413 | 15.12.18 | 90213.75 |
| 6 | 432 | 16.01.19 | 92025.00 |
| 7 | 433 | 16.01.19 | 29203.20 |
| 8 | 434 | 16.01.19 | 90942.70 |
| 9 | 461 | 21.02.19 | 94500.00 |
| 10 | 477 | 16.03.19 | 103500.00 |
| 11 | 478 | 16.03.19 | 33508.80 |
| | | ആകെ | 811259.65 |

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 8.3.19 ലെ നം ഡി.എ1/87/2019 ത.സ്വ.ഭ .വ സർക്കുലർ പ്രകാരം നഗരസഭ സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുന്നതിന് ഐ.സി.ഡി.എസ് സുപ്പർവൈസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ, സപ്ലൈയർക്ക് തുക അനുവദിച്ചത് ക്രമപ്രകാരമല്ല. ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്.

## 1-27 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം

നഗരസഭയുടെ നിയന്ത്രണത്തിൽ 42 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ ഭൗതിക സാഹചര്യങ്ങൾ സംബന്ധിച്ച് ഐ സി ഡി എസ് സൂപ്പർവൈസർ ലഭ്യമാക്കിയ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | അങ്കണവാടികളുടെ എണ്ണം | 42 |
| 2. | സ്വന്തമായി കെട്ടിടമുള്ളവയുടെ എണ്ണം | 34 |
| 3. | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 8 |
| 4. | ടോയ് ലറ്റ് സൗകര്യം ഉള്ളവയുടെ എണ്ണം | 42 |

| | | |
|---|---|---|
| 5. | ബേബി ഫ്രണ്ട് ലി ടോയ് ലറ്റ് ഉള്ളവ | **ഇല്ല** |
| 6. | ചുറ്റുമതിൽ ഉള്ളവയുടെ എണ്ണം | 29 |
| 7. | വൈദ്യുതി ഉള്ളവ | 42 |
| 8. | കുടിവെള്ളം ലഭ്യമായവ(പൈപ്പ് ലൈൻ :32 + കിണർ : 2) | 34 |
| 9. | കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടും കെട്ടിടം പണിയാത്തവ | 2 |
| 10. | ഗ്യാസ് കണക്ഷൻ ഉള്ളവ | 42 |
| 11. | അങ്കണവാടികളിൽ ആവശ്യത്തിന് ഫർണ്ണിച്ചറുകളും, പാത്രങ്ങളും ഉള്ളവ | 42 |
| 12. | അങ്കണവാടികളിലെ കുട്ടികളുടെ ശരാശരി എണ്ണം( 665 / 42) | 15.83 |
| 13. | കമ്പ്യൂട്ടർ/ലാപ് ടോപ്പ് ഉള്ളവ | **2** |
| 14. | കെട്ടിട നിർമാണം നടക്കുന്ന അങ്കണവാടികളുടെ എണ്ണം | 4 |
| 15. | അങ്കണവാടികളിൽ ധാന്യ സംഭരണികൾ ഉള്ളവ | 42 |
| 16. | അങ്കണവാടി തല മോണിറ്ററിംഗ് & സപ്പോർട്ടിംഗ് കമ്മിറ്റി യഥാസമയം യോഗം ചേരുന്നവ | 42 |
| 17 | കെട്ടിട നിർമാണം നടക്കുന്ന അങ്കണവാടികളുടെ എണ്ണം | 4 |

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ( ആർ.റ്റി) 1830/17 / ത.സ്വ.ഭ.വ തീയ്യതി. 2.6.2017 പ്രകാരം പ്രാബല്യത്തിൽ വന്ന " Administration Manual for Transferred Functions: Anganwadis" ലെ അധ്യായം 3 ഖണ്ഡിക 3.1,3.2 എന്നിവയിലെ നിർദ്ദേശങ്ങളിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. സ.ഉ(കൈ)17/2018/തസ്വഭവ തീയതി 2.2.2018ലെ ഖണ്ഡിക 7.8.2 പ്രകാരം അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനും മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കുമായി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളായ സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണ്ണിച്ചർ ,മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനും, വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവക്ക് സ്വന്തം കെട്ടിടം ഉണ്ടാക്കുന്നതിനും തുടർന്നുള്ള വാർഷിക പദ്ധതികളിൽ നഗരസഭ മുൻഗണന നൽകേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഭരണസമിതിയും ഇക്കാര്യത്തിൽ ശ്രദ്ധ കൂടുതൽ പതിപ്പിക്കേണ്ടതാണ്.

## 1-28 എസ്.സി.കുടുംബങ്ങൾക്ക് ഗാർഹിക വാട്ടർ കണക്ഷൻ - ചെലവു തുകയിൽ കൂടുതൽ സബ്സിഡി അനുവദിച്ചിട്ടില്ല എന്ന കാര്യം ഉറപ്പുവരുത്തണം.

മുനിസിപ്പൽ എഞ്ചിനീയർ നടപ്പാക്കിയ പ്രൊജക്ട് നം. 243/19: എസ്.സി.കുടുംബങ്ങൾക്ക് ഗാർഹിക വാട്ടർ കണക്ഷൻ എന്ന പദ്ധതിക്കായി വികസന ഫണ്ട് (എസ്.സി.പി)യിൽ നിന്നും നീക്കിവെച്ച ₹.1820686/-ൽ ₹.312,000/- ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നം. | തുക |
|---|---|
| 50/19.7.18 | 96000 |
| 59/16.8.18 | 12000 |

| | |
|---|---|
| 68/29.9.18 | 36000 |
| 134/14.11.18 | 6000 |
| 169/28.1.19 | 66000 |
| 183/16.2.19 | 48000 |
| 186/23.2.19 | 30000 |
| 251/23.3.19 | 18000 |
| ആകെ | 312000 |

14.02.2018ലെസർക്കാർ ഉത്തരവ് (കൈ)നം.22/2018/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗരേഖ ഖണ്ഡിക 6.6- കുടിവെള്ളം ക്രമ നം.2 പ്രകാരം ഗാർഹിക കുടിവെള്ള പൈപ്പ് ലൈൻ കണക്ഷൻ ലഭ്യമാക്കുന്നതിന് പട്ടിക ജാതി വിഭാഗത്തിന് യഥാർത്ഥ ചെലവ് സബ്സിഡിയായി അനുവദിക്കാവുന്നതാണ്. ഈ പ്രൊജക്ട് പ്രകാരം ₹.6000/- വീതം 52 ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഓരോ ഗുണഭോക്താവും ചെലവഴിച്ച തുക വ്യക്തമാക്കുന്ന സാക്ഷ്യപത്രം പ്രൊജക്ടിന്റെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നമ്പർ.4/10-03-2020) മറുപടിയിൽ കേരള വാട്ടർ അതോറിറ്റിയിൽ അന്വേഷിച്ചതിൽ ഒരു വാട്ടർ കണക്ഷൻ എടുക്കുന്നതിനുള്ള ആകെ ചെലവ് ₹.7500/- രൂപയാണെന്ന് (മീറ്റർ, റോഡ് കട്ടിങ്ങ്, മീറ്റർ ടെസ്റ്റിങ്ങ് ചാർജ്ജ്, ഡെപ്പോസിറ്റ്, ലേബർ ഫോർ പ്ലംബിങ്ങ്, മെറ്റീരിയൽ) മുനിസിപ്പൽ എഞ്ചിനീയർ പരാമർശിച്ചിട്ടുണ്ട്. റോഡ് കട്ടിങ്ങ്ചാർജ്ജ്, ലേബർ ചാർജ്ജ്, മെറ്റീരിയൽ വില എന്നിവ ഓരോ ഗുണഭോക്താവിനും വ്യത്യസ്തമാണെന്നിരിക്കേ എല്ലാവർക്കും ഒരേ തുകയാണ് ചെലവു വന്നത് എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. ഇതേ പ്രൊജക്ട് തുടർ വർഷങ്ങളിലും നടന്നു വരുന്ന സാഹചര്യത്തിൽ സബ്സിഡിയായി അനുവദിക്കുന്ന തുകയ്ക്ക് തുല്യമോ, അതിൽ കൂടുതലോ ഗുണഭോക്താക്കൾ ചെലവഴിച്ചിട്ടുണ്ട് എന്ന കാര്യം രേഖാമൂലം ഉറപ്പാക്കേണ്ടതാണ്.

## 1-29 മുനിസിപ്പൽ എഞ്ചിനീയർ ഫയൽ ഹാജരാക്കിയില്ല - ₹.1,89,95,064/- ന്റെ ചെലവ് തടസത്തിൽ വെക്കുന്നു.

മുനിസിപ്പൽ എഞ്ചിനീയർ നടപ്പാക്കി പ്രൊജക്ടുകളുടെ താഴെ പറയുന്ന ബിൽ പ്രകാരം മാറിയ തുകകളുടെ ഫയലുകൾ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രൊജക്ട് നമ്പറും പേരും | ചെലവു തുക | ബിൽ നം |
|---|---|---|---|
| 1 | അംഗനവാടി ബിൽഡിങ്ങ് മെയിന്റനൻസ് | 371903 | 1/21.5.18 |
| 2 | പഴയ തോണിക്കടവ് കുളിക്കടവ് | 224861 | 3/21.5.18 |
| 3 | ഒറ്റപ്പാലം മുനിസിപ്പാലിറ്റി പുതിയ ബിൽഡിങ്ങ് | 1107609 | 4/21.5.18 |
| 4 | മരപ്പാലം മാപ്പിള സ്കൂൾ റോഡ് | 131554 | 5/21.5.18 |
| 5 | വടക്കേപ്പാത അണക്കമ്പനി റോഡ് | 920000 | 6/21.5.18 |
| 6 | വടക്കേപ്പാത അണക്കമ്പനി റോഡ് | 117682 | 7/21.5.18 |
| 7 | കുമ്പാരൻകുന്ന് ബൈ ലൈൻ റോഡ് | 320000 | 8/21.5.18 |
| 8 | കുമ്പാരൻകുന്ന് ബൈ ലൈൻ റോഡ് | 150983 | 9/21.5.18 |
| 9 | സുബ്രമണ്യൻ ടെമ്പിൾ റോഡ് | 587578 | 10/21.5.18 |
| 10 | സുബ്രമണ്യൻ ടെമ്പിൾ റോഡ് | 334891 | 11/21.5.18 |
| 11 | കൃഷ്ണാലയം ബൈ ലൈൻ പ്രൈവറ്റ് റോഡ് | 331371 | 12/21.5.18 |
| 12 | മേലേതിൽ റോഡ്, കൊടുങ്ങല്ലൂർ റോഡ്182/19: മുണ്ടഞ്ഞാറ റോഡ് അവസാന ഭാഗം വടക്കേ ആപ്പയിൽ റോഡ് | 358067 | 15/21.5.18 |

| | | | |
|---|---|---|---|
| | റീ ടാറിങ്ങ്, മുണ്ടഞ്ഞാറ കനാൽ റോഡ് മെറ്റലിങ്ങ്, ആപ്പേപ്പുറം കാഞ്ഞിരം കുന്ന് റോഡ് ഫില്ലിങ്ങ്, മഞ്ഞാളിയമ്മൻ റോഡ് കോൺക്രീറ്റ് - വാർഡ് - 16 | | |
| 13 | 182/19: മുണ്ടഞ്ഞാറ റോഡ് അവസാന ഭാഗം വടക്കേ ആപ്പയിൽ റോഡ് റീ ടാറിങ്ങ്, മുണ്ടഞ്ഞാറ കനാൽ റോഡ് മെറ്റലിങ്ങ്, ആപ്പേപ്പുറം കാഞ്ഞിരം കുന്ന് റോഡ് ഫില്ലിങ്ങ്, മഞ്ഞാളിയമ്മൻ റോഡ് കോൺക്രീറ്റ് - വാർഡ് - 16 | 153,402 | 16/21.5.18 |
| 14 | പല്ലാർ മംഗലം റോഡ് മെറ്റലിങ് & ടാറിങ്ങ് | 271653 | 18/18.6.18 |
| 15 | പല്ലാർ മംഗലം റോഡ് മെറ്റലിങ് & ടാറിങ്ങ് | 129,590 | 19/18.6.18 |
| 16 | ഷാപ്പുപ്പടി ബൈ ലൈൻ | 520627 | 24/27.6.18 |
| 17 | തേരുവ് റോഡ് കോൺക്രീറ്റ് | 150092 | 27/27.6.18 |
| 18 | കുറുട്ടെ അമ്പലം അമ്പലവട്ടം റോഡ് | 480449 | 28/27.6.18 |
| 19 | കുറുട്ടെ അമ്പലം അമ്പലവട്ടം റോഡ് | 13183 | 29/27.6.18 |
| 20 | ചാലയിൽ റോഡ് മെറ്റലിങ്ങ് ടാറിങ്ങ് | 81802 | 32/27.6.18 |
| 21 | പോസ്റ്റൽ ക്വാർട്ടേർസ് റോഡ് | 158565 | 34/27.6.18 |
| 22 | പൂവത്തൊടി റോഡ്, ടി.ജി. മാന്തൊടി കളം റോഡ് | 500000 | 42/16.7.18 |
| 23 | പൂവത്തൊടി റോഡ്, ടി.ജി. മാന്തൊടി കളം റോഡ് | 200791 | 43/16.7.18 |
| 24 | ബസ്സ്റ്റാന്റ് ഷോപ്പിങ് കോംപ്ലക്സ് പൂർത്തീകരണം | 1762071 | 52/19.7.18 |
| 25 | ബസ്സ്റ്റാന്റ് ഷോപ്പിങ് കോംപ്ലക്സ് നിർമ്മാണം | 1769096 | 53/19.7.18 |
| 26 | സോളിഡ് വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ് റീ വയറിങ്ങ് | 89852 | 63/24.9.18 |
| 27 | GHSS റോഡ് സൈഡ് കോൺക്രീറ്റ്, MM അലി റോഡ് | 62809 | 101/24.10.18 |
| 28 | AJB സ്കൂൾ പാലപ്പുറം കനാൽ റോഡ് | 191692 | 102/24.10.18 |
| 29 | പാലക്കപറമ്പ് റോഡ് ശ്രീ നഗർ കോളനി | 239442 | 105/24.10.18 |
| 30 | നായാടിക്കുഴി റോഡ് മെറ്റലിങ് ടാറിങ് | 305994 | 106/24.10.18 |
| 31 | ഹെൽത്ത് സെന്റർ റോഡ് റീ ടാറിങ്ങ് | 174752 | 107/24.10.18 |
| 32 | പോസ്റ്റ് ബൈലൈൻ ടാറിങ്ങ് ഷോപ്പ് ഗോപാലൻ | 146918 | 108/24.10.18 |
| 33 | ശിവാജി ലൈൻ 4th, ശിവാജി ലൈൻ 3rd | 145866 | 112/24.10.18 |
| | | | |

| | | | |
|---|---|---|---|
| 34 | ഞാനലടി കുളം റോഡ് ജവഹർ നഗർ വാർഡ് 29 | 236291 | 114/24.10.18 |
| 35 | ഗ്രീൻ ഫീൽഡ് ഫോർമേഷൻ | 145838 | 115/24.10.18 |
| 36 | നാലാം മൈൽ കനാൽ റോഡ് | 118969 | 116/24.10.18 |
| 37 | താനികപ്പറമ്പ് റോഡ് വാർഡ് 34 | 407848 | 120/24.10.18 |
| 38 | ചക്കാല കുരട്ടി കരണ്ടിപ്പുറം റോഡ് വാർഡ് 15 | 186597 | 123/24.10.18 |
| 39 | GJB സ്കൂൾ റോഡ് | 316923 | 125/24.1.18 |
| 40 | പാലാട്ട് റോഡ് ബൈലൈൻ കോൺക്രീറ്റ് | 165253 | 126/24.10.18 |
| 41 | ജവഹർ നഗർ റോഡ് | 313977 | 129/24.10.18 |
| 42 | ഓൾഡ് തോണിക്കടവ് കുളിക്കടവ് | 392055 | 130/24.10.18 |
| 43 | ചന്തക്കുളം റോഡ് സൈഡ് വാൾ പ്രൊട്ടക്ഷൻ | 454993 | 136/24.11.18 |
| 44 | മേലേതിൽ റോഡ് കോൺക്രീറ്റ് | 315529 | 140/5.12.18 |
| 45 | GH സ്കൂൾ റോഡ് കോൺക്രീറ്റ് | 458500 | 142/12.12.18 |
| 46 | GH സ്കൂൾ റോഡ് സൈഡ് കോൺക്രീറ്റ് | 20473 | 143/15.12.18 |
| 47 | പല്ലത്തിൽ റോഡ് വാർഡ് 30 | 67427 | 144/15.12.18 |
| 48 | പല്ലത്തിൽ റോഡ് വാർഡ് 30 | 861000 | 145/15.12.18 |
| 49 | താലൂക്ക് ഹോസ്പിറ്റൽ ഷീറ്റ് റൂഫിങ് | 156000 | 147/29.12.18 |
| 50 | പോസ്റ്റ് ഓഫീസ് റോഡ് ബൈലൈൻ ഷോപ്പ് ഗോപാലൻ | 70082 | 156/17.1.19 |
| 51 | തിരുവളയനാട് ടെമ്പിൾ റോഡ് | 195389 | 159/21.1.19 |
| 52 | പല്ലാർമംഗലം ശ്മശാനം റോഡ് | 157272 | 177/28.1.19 |
| 53 | കരണ്ടിപ്പുറം ചക്കാലക്കുണ്ട് റോഡ് | 372364 | 191/18.3.19 |
| 54 | ടെമ്പിൾ വ്യൂ റോഡ് കോൺക്രീറ്റ് | 41861 | 207/19.3.19 |
| 55 | ബസ്റ്റാന്റ് അപ്രച്ച് റോഡ് | 385278 | 210/20.3.19 |
| 56 | ആബീർ റോഡ്, കോളനി റോഡ് | 133,000 | 209/20.3.19 |
| 57 | കരുവാറ്റ പറമ്പ് റോഡ് വാർഡ് -18 | 517000 | 249/26.3.19 |
| | **ആകെ തുക** | **18995064** | |

ഫയൽ ലഭ്യമാവുന്നതുവരെ ₹.**18995064/- ന്റെ ചെലവ് തടസത്തിൽ വെക്കുന്നു. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 40**/23-03-2020 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-30 ₹3045656/- ചെലവഴിച്ചു നിർമ്മിച്ച പാലപ്പുറം വനിതാ വ്യവസായ കേന്ദ്രം നിഷ്ക്രിയ ആസ്തിയായി തുടരുന്നു

2013-14 വർഷം ആവിഷ്കരിച്ച പാലപ്പുറം വനിതാ വ്യവസായ കേന്ദ്രം എന്ന പ്രൊജക്ട് നാളിതുവരെ പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടില്ല. 2018-19ൽ പ്രൊജക്ട് നം.277/19: പാലപ്പുറം വനിതാ വ്യവസായ കേന്ദ്രം പൂർത്തീകരണം എന്ന പ്രവൃത്തിക്കായി പൊതുവിഭാഗം സാധാരണ വിഹിതം വികസന ഫണ്ടിൽ നിന്നും ₹.450000/- വകയിരുത്തിയതിൽ കെട്ടിടം വൈദ്യുതീകരണം PWD ഇലക്ട്രിക്കൽ വിഭാഗം മുഖേന പൂർത്തിയാക്കി. ₹.147,955/- ബിൽ നം.155/17.1.19 പ്രകാരം കരാറുകാരൻ ശ്രീ.പരമേശ്വരൻ. ആർ എന്നവർക്ക് നൽകിയിട്ടുണ്ട്. ഈ പ്രൊജക്ടിൽ ഉൾപ്പെട്ട സിവിൽ വർക്കുകളുടെ പൂർത്തീകരണ വിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.6/12-03-2020) മറുപടിയിൽ ഈ പദ്ധതിക്കുവേണ്ടി പ്രൊജക്ട് നം.153/14 പ്രകാരം ₹.24,19,536/-

പ്രൊജക്ട് നം.277/19 പ്രകാരം 1,47,955/- പ്രൊജക്ട് നം.321/20 പ്രകാരം ₹.478,165/- എന്നിങ്ങനെ ആകെ ₹3045656/- ചെലവഴിച്ചിട്ടുണ്ടെന്നും കെട്ടിടത്തിൽ വാട്ടർ കണക്ഷൻ, ടോയ്‌ലറ്റ് എന്നിവ ഇനി പൂർത്തീകരിക്കേണ്ടതുണ്ട് എന്നും മുനിസിപ്പൽ എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്.

16/11/2013ലെ സർക്കാർ ഉത്തരവ് (എം.എസ്)നം.362/2013/ത.സ്വ.ഭ.വ. പ്രകാരം പുറപ്പെടുവിച്ച പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി (2012-17) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക 11.13 പ്രൊജക്ട് തയ്യാറാക്കൽ (xiv) നിർമ്മാണ പ്രവൃത്തികൾ (സി) പ്രകാരം ഒരു കെട്ടിട നിർമ്മാണ പ്രൊജക്ട് തയ്യാറാക്കുമ്പോൾ, ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ, അതെല്ലാം പ്രൊജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം. ഇലക്ട്രിഫിക്കേഷൻ, പ്ലമ്പിങ്ങ് എന്നിവയ്ക്ക് എസ്റ്റിമേറ്റിൽ ലംപ്സമായി തുക വകയിരുത്തുകയും കെട്ടിടത്തിന്റെ സ്ട്രക്ച്ചർ ആയി കഴിഞ്ഞാൽ ഇവയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടിയ ശേഷം മരാമത്ത് ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ച് ഈ പ്രവൃത്തികൾ ചെയ്യുകയുമാണ് വേണ്ടത്. തുകക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

**പാലപ്പുറം വനിതാ വ്യവസായ കേന്ദ്രത്തിന്റെ** കെട്ടിട നിർമ്മാണത്തിന്റെ കാര്യത്തിൽ ഈ സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. കേവലം ഒരു വർഷം കൊണ്ട് പൂർത്തീകരിക്കേണ്ട നിർമ്മാണ പ്രവൃത്തി 6 വർഷങ്ങൾ പിന്നിട്ടിട്ടും പൂർത്തീകരിച്ചിട്ടില്ല. ₹3045656/- ചെലവഴിച്ചു നിർമ്മിച്ച വ്യവസായ കേന്ദ്രം നിഷ്ക്രിയ ആസ്തിയായി തുടരുകയാണ്. കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് വനിതാ വ്യവസായ കേന്ദ്രം പ്രവർത്തനക്ഷമമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 കേരള മുനിസിപ്പാലിറ്റി(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ 1997പ്രകാരം പണി സ്ഥലത്ത് സ്ഥാപിക്കേണ്ട ബോർഡ് നിർബന്ധമായും സ്ഥാപിക്കണം:

കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ 1997ചട്ടം.17(2)ൽ മുനിസിപ്പാലിറ്റി നടത്തുന്ന പൊതുമരാമത്ത് പണിയുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു നോട്ടീസ് അതത് പണിസ്ഥലത്ത്, പ്രകടമായി കാണാവുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിച്ചിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

2.2.18ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നം.17/2018/ത.സ്വ.ഭ.വ ഖണ്ഡിക13(5)ൽ നിർമ്മാണ പ്രവൃത്തികളുടെ പൊതുവിവരങ്ങൾ അടങ്ങുന്ന ബോർഡ് പ്രവൃത്തിസ്ഥലത്ത് സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ബോർഡിൽ നിർവ്വഹണ ഏജൻസിയുടെ/കരാറുകാരന്റെ പേരും ഫോൺ നമ്പരും, എഞ്ചിനീയറുടെ പേരും ഫോൺ നമ്പരും, അടങ്കൽ തുക, പ്രവൃത്തിയിനങ്ങൾ, ഉപയോഗിക്കേണ്ട സാധന സാമഗ്രികളുടെ അളവ്, എന്നിവ ഉൾപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറും കരാറുകാരനും ഒപ്പുവെക്കുന്ന കരാറിന്റെ ഖണ്ഡിക 26ൽ പ്രവൃത്തി സ്ഥലത്ത് വിവരങ്ങൾ കാണിക്കുന്ന ബോർഡ് സ്ഥാപിക്കുന്നതാണെന്ന് കരാറുകാരൻ സമ്മതിക്കുന്നുണ്ട്. എന്നാൽ നഗരസഭ 2018-19ൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ നിർവ്വഹണ സ്ഥലത്ത് ചട്ടപ്രകാരമുള്ള എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി ബോർഡ് സ്ഥാപിച്ചതായി കാണുന്നില്ല.

ചട്ടപ്രകാരം താഴെ പറയുന്ന വിവരങ്ങൾ ബോർഡിൽ ഉൾപ്പെടുത്തേണ്ടതാണ്.

1. പ്രവൃത്തിയുടെ പേര്:

2. പ്രവൃത്തി നിർവ്വഹിക്കുന്നത് കരാർ മുഖേനയോ, മുനിസിപ്പാലിറ്റി നേരിട്ടോ, ഗുണഭോക്തൃക്കമ്മറ്റി മുഖേനയോ എന്നത്.

3. കരാറുകാരന്റെ / ഗുണഭോക്തൃക്കമ്മറ്റി കൺവീനറുടേയും നിർവ്വഹണക്കമ്മറ്റി അംഗങ്ങളുടേയും പേരും വിലാസവും.

4. എസ്റ്റിമേറ്റ് തുകയും പൂർത്തീകരണ കാലയളവും.

5. പ്രവൃത്തി ആരംഭിക്കുന്ന തീയതിയും പൂർത്തീകരിക്കുന്ന തീയതിയും.

6. പ്രവൃത്തിക്കാവശ്യമായ സാധന സാമഗ്രികളുടെ വിവരണങ്ങളും അവയുടെ അളവ്, അവയുടെ ഗുണനിലവാരം, അവ എവിടെനിന്ന് എങ്ങനെ കൊണ്ടുവരും എന്നതിന്റെയും വിവരം.

7. കരാറുകാരന് അനുവദിച്ച ടെണ്ടർ നിരക്ക്.

8. മുനിസിപ്പാലിറ്റി നേരിട്ടോ ഗുണഭോക്തൃക്കമ്മറ്റി മുഖേനയോ നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ സാധന സാമഗ്രികളുടെ മാർക്കറ്റ് നിരക്ക്, ആവശ്യമായ തൊഴിലാളികളുടെ എണ്ണം, കൂലി നിരക്ക് തുടങ്ങിയ വിവരങ്ങൾ.

9. ഈ പ്രവൃത്തിക്കായി അനുവദിച്ച മുൻകൂർ തുകയുടെ വിവരം.

സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നം.17/2018/ത.സ്വ.ഭ.വ ഖണ്ഡിക 11.2(1)ൽ നഗര സഭകളിൽ 1997-ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരമായിരിക്കണം നിർമ്മാണ പ്രവൃത്തികൾ നടത്തേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേലിൽ എല്ലാ നിർമ്മാണ പ്രവൃത്തികളുടെയും നിർവ്വഹണ സ്ഥലത്ത് കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടം.17(2) പ്രകാരവും, 2.2.18ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നം.17/2018/ത.സ്വ.ഭ.വ ഖണ്ഡിക13(5)പ്രകാരവും പറഞ്ഞിട്ടുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയ ബോർഡ് നിർബന്ധമായും സ്ഥാപിക്കേണ്ടതാണ്.

# 1-32 മുനിസിപ്പൽ എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ-പൊതുവായ കാര്യങ്ങൾ

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെയും ചെലവഴിച്ച തുകയുടെയും വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | സ്പിൽ ഓവർ | പുതിയത് | ആകെ |
|---|---|---|---|
| അംഗീകാരം ലഭിച്ചത് | 71 | 131 | 202 |
| പൂർത്തിയാക്കി ബിൽ തുക അനുവദിച്ചത് | 55 | 75 | 130 |

കൂടാതെ 27.3.19ന് ട്രഷറിയിൽ സമർപ്പിച്ച 25 ബില്ലുകൾ ക്യൂ ബിൽ ആയി 2019-20ൽ മാറിയിട്ടുണ്ട്

**ചെലവഴിച്ച തുകയുടെ വിവരം:**

| **ഫണ്ടിനം** | **അടങ്കൽ** | **ചെലവ്** | **ചെലവ് ശതമാനം** |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 24525996 | 14024957 | 57.18 |
| വികസന ഫണ്ട് (എസ്.സി.പി) | 11638803 | 1540580 | 13.24 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 59924807 | 31253135 | 52.15 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1045344 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 28580200 | 17173686 | 60.09 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 11971000 | 2596506 | 21.69 |
| തനത് ഫണ്ട് | 495153 | 0 | 0 |
| ആകെ | 138181303 | 66588864 | 48.19 |

ഏറ്റെടുത്ത പ്രവൃത്തികളിൽ 64.36%പൂർത്തീകരിച്ചപ്പോൾ വകയിരുത്തിയ തുകയുടെ 48.19% മാത്രമാണ് ചെലവഴിക്കാനായത്.

ഈ വർഷം മുനിസിപ്പാലിറ്റിക്ക് സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകളിൽ ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ട തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| **ഫണ്ടിനം** | **ലാപ്സായ തുക** |
|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 26,93,397 |
| | |

| | |
|---|---|
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 63,89,506 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 1,95,000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 1,21,314 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 42,32,642 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 3,24,24,964 |

സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പൂർണ്ണമായും ചെലവഴിച്ച് മുനിസിപ്പാലിറ്റിയുടെ സുസ്ഥിര വികസനം ഉറപ്പാക്കാൻ സമയബന്ധിതമായി പ്രൊജക്റ്റുകൾ പൂർത്തീകരിക്കേണ്ടത് അനിവാര്യമാണ്. ഏറ്റെടുത്ത പ്രവൃത്തികൾ മുഴുവൻ അതാതു വർഷം പൂർത്തീകരിച്ച് സർക്കാർ ഫണ്ടുകളുടെ 100% വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്.

## 1-33 പൊതു റോഡുകളിൽ CCTV സ്ഥാപിക്കൽ പദ്ധതി - പ്രവർത്തനക്ഷമമായില്ല

പ്രൊജക്ട് - പൊതു റോഡുകളിൽ CCTV സ്ഥാപിക്കൽ (125/19)

അടങ്കൽ - 1000000 (സി.എഫ്.സി)

ചെലവ് - 9,98,988

ബിൽ നമ്പർ - 13/23.3.19

നിർവഹണം - സെക്രട്ടറി

ഫയൽ - H1-24558/18

മാലിന്യ നിക്ഷേപം തടയുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനും ഉപകരിക്കുന്ന രീതിയിൽ താഴെ പറയുന്ന 8 സ്ഥലങ്ങളിൽ വയർലെസ് സി.സി.ടി.വി സ്ഥാപിക്കുകയാണ് പദ്ധതിയുടെ ഉദ്ദേശം.

- പാലപ്പുറം
- എൻ.എസ്.എസ്.കോളേജ് (2 കാമറ)
- മീറ്റ്ന
- ഹൗസിംഗ് ബോർഡ്
- മായന്നൂർ റോഡ് I
- മായന്നൂർ റോഡ് II
- വള്ളുവനാട് ഹോസ്പിറ്റൽ (2 കാമറകൾ)
- സെവൻത് ഡേ

അംഗീകരിച്ച പ്രൊജക്റ്റിൽ ടെണ്ടർ മുഖേന പ്രവൃത്തി നടപ്പിലാക്കാനാണ് നിർദേശിച്ചിട്ടുള്ളത്. എന്നാൽ പ്രൊജക്ട് ഫയലിലെ നോട്ട് ഫയലിൽ പൊതുമേഖലാസ്ഥാപനമായ സിൽക്ക് മുഖേന നടപ്പിലാക്കാമെന്നും സിൽക്കിൽ നിന്നും " *competitive quoation"* ലഭ്യമാക്കാവുന്നതാണ് എന്നും Health Supervisor കുറിപ്പെഴുതുകയും സെക്രട്ടറി അംഗീകരിക്കുകയുമാണ് ചെയ്തത്. തുടർന്ന് 8.2.19 ന് സിൽക്കിൽ നിന്നും 998988 രൂപയുടെ എസ്റ്റിമേറ്റ് (Silk/GEW/MKTG/18-19/600/8.2.19) ലഭ്യമാക്കുകയും 26.2.19 ന് കരാർ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. കരാർ പ്രകാരം

"one year warranty against manufacturing defects" മാത്രമാണ് സ്ഥാപനം ഉറപ്പുനൽകിയിട്ടുള്ളത് .

പദ്ധതി നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

<u>ടെണ്ടർ മുഖേന നടപ്പിലാക്കണമെന്ന പ്രൊജക്റ്റിലെ വ്യവസ്ഥ പാലിക്കാതെ SILK – എന്ന സ്ഥാപനത്തെ നേരിട്ട് പ്രവൃത്തി ഏൽപ്പിച്ചു.</u>

Steel structure & electro mechanical പ്രവൃത്തികൾക്ക് മാത്രമാണ് സ്റ്റീൽ ഇൻഡസ്ട്രീസ് കേരള എന്ന സ്ഥാപനത്തിനെ അക്രഡിറ്റഡ് ഏജൻസിയായി സർക്കാർ അംഗീകരിച്ചിട്ടുള്ളത്. സി.സി.ടി.വി സ്ഥാപിക്കുന്ന പ്രവൃത്തിയുടെ അക്രഡിറ്റഡ് ഏജൻസിയായി സർക്കാർ അംഗീകരിച്ചതായി കാണുന്നില്ല. ഓഡിറ്റ് എൻക്വയറിക്ക് - 16/18.3.20 -

മറുപടിയായി ജി.ഒ.(പി) - 77/19/ഫിൻ/4.7.19 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സിൽക് മേൽ പ്രവൃത്തി ഏറ്റെടുക്കുവാൻ ക്ഷമതയുള്ള സ്ഥാപനമാണെന്ന് കാണുന്നു എന്നാണ് സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത്. പ്രസ്തുത ഉത്തരവിൽ (ഉത്തരവ് പദ്ധതി നടപ്പിലാക്കിയ 2018-19 കാലയളവിലെ അല്ല ) ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തി, സ്റ്റീൽ വർക്ക് എന്നിവ ഏതെല്ലാമെന്ന് നിർവചിച്ചിട്ടുണ്ട്. സിസിടിവി സ്ഥാപിക്കൽപ്രവൃത്തി ഇലക്ട്രോ മെക്കാനിക്കൽ, സ്റ്റീൽ വർക് എന്നിവയിൽ ഉൾപ്പെടുന്നില്ല എന്ന് പ്രസ്തുത നിർവചനങ്ങളിൽ നിന്നു വ്യക്തമാണ്.

സി.സി.ടി.വി സ്ഥാപിക്കൽ പ്രവൃത്തിയ്ക്ക് PWD വകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ മുഖേന നഗരസഭ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. സിൽക്ക് സമർപ്പിച്ച എസ്റ്റിമേറ്റ് / ക്വട്ടേഷനിൽ പ്രവൃത്തിയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്താതെ ആകെ തുക മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉപകരണങ്ങളുടെ (കേബിൾ, സോളാർ പാനൽ, ബാറ്ററി, ക്യാമറ തുടങ്ങിയ) സ്പെസിഫിക്കേഷൻ, ഓരോ ഇനത്തിന്റെയും നിരക്ക്, നികുതി, സെന്റേജ് ചാർജ് തുടങ്ങിയ മറ്റ് ചെലവുകൾ എന്നിവയുടെ വിവരങ്ങളൊന്നും സിൽക്കിന്റെ എസ്റ്റിമേറ്റിലോ, ഇൻസ്റ്റലേഷന് ശേഷം തുക ആവശ്യപ്പെട്ട് നൽകിയ കത്തിലോ ഉൾപ്പെടുത്തിയിട്ടില്ല.

സമർപ്പിച്ച എസ്റ്റിമേറ്റിലെ തുക മാർക്കറ്റ് വിലയുമായി താരതമ്യപ്പെടുത്തി വിലയുടെ reasonableness നിർവഹണഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയിട്ടില്ല. (GEM ൽ ലഭ്യമാകുന്ന വിവരങ്ങൾ പ്രകാരം സമാന സ്പെസിഫിക്കേഷനുള്ള ഇനങ്ങളുടെ വിലയേക്കാൾ താരതമ്യേന ഉയർന്ന നിരക്കാണ് നഗരസഭ നൽകിയിട്ടുള്ളത്). സർക്കാർ ഇ പോർട്ടൽ (GEM) മുഖേന സി.സി.ടി.വി വാങ്ങി സ്ഥാപിക്കുന്നതിനുള്ള സാധ്യതയും നഗരസഭ പരിശോധിച്ചിട്ടില്ല.

സോളാർ പാനൽ, ബാറ്ററി, എന്നിവയുടെ വാറണ്ടി കാലയളവ് എത്രയെന്ന് രേഖപ്പെടുത്തിയിട്ടില്ല. വാറണ്ടി സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല. വാറന്റി ഉറപ്പുവരുത്താത്ത സാഹചര്യത്തിൽ തുടർവർഷങ്ങളിൽ മെയിന്റനൻസ് ആവശ്യമായി വരുകയോ സി.സി.ടി.വി സംവിധാനം പ്രവർത്തനരഹിതമാകുകയോ ചെയ്താൽ നഗരസഭക്ക് നിയമാനുസൃതം നടപടികൾ സ്വീകരിക്കാൻ കഴിയാതെ വരും. കരാറിലും ഇത് സംബന്ധിച്ച വ്യവസ്ഥകളൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

സി.സി.ടി.വി സ്ഥാപിച്ച 6 സ്ഥലങ്ങളിൽ ഒരു ക്യാമറ വീതവും രണ്ട് സ്ഥലങ്ങളിൽ 2 ക്യാമറ വീതവും ആകെ 10 ക്യാമറകളാണ് നിലവിലുള്ളത്. എന്നാൽ 8 സിം കാർഡുകൾ മാത്രമാണ് ലഭ്യമാക്കുവാൻ സ്ഥാപനം നഗരസഭയോട് ആവശ്യപ്പെട്ടത്. നിലവിൽ 10 ക്യാമറകളിൽ നിന്നുള്ള ദൃശ്യങ്ങൾ ലഭ്യമാകുന്നുണ്ടോ എന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും നഗരസഭയിലെ ഹെൽത്ത് സൂപ്പർവൈസറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് മാത്രമാണ് സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത്.

180/360 degree rotation സംവിധാനമുള്ള ക്യാമറകൾ സ്ഥാപിക്കുന്നതിനു് പകരം ഒരു പോളിൽ 2 ക്യാമറ സ്ഥാപിക്കുന്നതിന്റെ കാരണം വിശദമാക്കപ്പെട്ടിട്ടില്ല. ഇപ്രകാരം രണ്ട് ക്യാമറകൾ വീതം സ്ഥാപിച്ചതിനാൽ നഗരസഭ ഫണ്ടിന് അധികചെലവുണ്ടായിട്ടുണ്ട്.

സി.സി.ടി.വി സംവിധാനം സ്ഥാപിച്ചത് സാങ്കേതിക വിദഗ്ധൻ പരിശോധിക്കുകയോ ഗുണമേന്മ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

സ്ഥാപിച്ച ഇനങ്ങളുടെ (സോളാർ പാനൽ, ബാറ്ററി, ക്യാമറ തുടങ്ങിയവ) ബ്രാന്റ് ഏതെന്ന് ക്വട്ടേഷനിലോ തുക ആവശ്യപ്പെട്ട് നൽകിയ കത്തിലോ വ്യക്തമാക്കിയിട്ടില്ല. ബ്രാന്റ് / സ്പെസിഫിക്കേഷൻ, ക്വാളിറ്റി എന്നിവ അടിസ്ഥാനമാക്കി വ്യത്യസ്ത നിരക്കുകളിൽ ഇവ ലഭ്യമാണ് എന്നതിനാൽ നഗരസഭ അധികവില/നിരക്ക് നൽകിയിട്ടില്ല എന്ന് ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല. പ്രവൃത്തിയുടെ completion certificate, bill എന്നിവയൊന്നും ലഭ്യമാക്കിയിട്ടില്ല.

ക്യാമറകളിലെ ഡാറ്റ പരിശോധിക്കുന്നതിനായി centralised monitoring സംവിധാനം നിലവിലില്ല. 3/19 ൽ കാമറ സ്ഥാപിച്ച് തുക നൽകിയെങ്കിലും 3/20 വരെയും data backup ചെയ്യുന്നതിനോ പരിശോധിക്കുന്നതിനോ ഉള്ള സംവിധാനം സ്ഥാപിച്ചിട്ടില്ല. നഗരസഭ ഹെൽത്ത് വിഭാഗത്തിലെ ഒരു ജീവനക്കാരന്റെ Personal mobile ലാണ് live streaming നുള്ള സംവിധാനം 3/20 മുതൽ ലഭ്യമാക്കിയിട്ടുള്ളത്. സി.സി.ടി.വി മോണിറ്ററിംഗിനായി രേഖാമൂലം (ഓഫീസ് ഉത്തരവുമുഖേന) ഒരു ഉദ്യോഗസ്ഥനേയും ചുമതലപ്പെടുത്തിയിട്ടില്ല. റിപ്പോർട്ടിംഗ് സംവിധാനവും നിലവിലില്ല. മാലിന്യ നിക്ഷേപം തടയുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനുമുള്ള വിവരങ്ങൾ ഉദ്യോഗസ്ഥന്റെ സ്വകാര്യ ഫോണിൽ ലഭ്യമാക്കുന്നത് ക്രമപ്രകാരമല്ല. നഗരസഭയിൽ സി.സി.ടി.വി മോണിറ്ററിംഗിനും ഡാറ്റ സുരക്ഷിതമായി സൂക്ഷിക്കുന്നതിനും ആവശ്യമായ സംവിധാനങ്ങൾ അടിയന്തിരമായി ഉണ്ടാകേണ്ടതുണ്ട്.

സി.സി.ടി.വി സംവിധാനത്തിലൂടെ കണ്ടെത്തിയ വിവരങ്ങൾ ഉപയോഗിച്ച് മാലിന്യനിക്ഷേപം നടത്തിയവർക്കെതിരെ നാളിതുവരെ (3/19 മുതൽ 3/20 വരെ ) നഗരസഭ നടപടി സ്വീകരിക്കുകയോ പിഴ ഈടാക്കുകയോ ചെയ്തതായും രേഖയില്ല. പൊതുസ്ഥലങ്ങളിൽ ക്യാമറകൾ സ്ഥാപിച്ചു എന്നല്ലാതെ സി.സി.ടി.വി സംവിധാനം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികളൊന്നും നഗരസഭ സ്വീകരിച്ചിട്ടില്ല. ഡാറ്റ പരിശോധിക്കുവാനോ Databackup- നോ സംവിധാനങ്ങളൊന്നുമില്ലാതെ ക്യാമറകൾ മാത്രം സ്ഥാപിച്ചതിനാൽ

പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. തുടർനടപടികൾ സ്വീകരിച്ച് സി.സി.ടി.വി സംവിധാനം ഉപയോഗക്ഷമമാക്കാത്തപക്ഷം പദ്ധതിക്കായി ചെലവഴിച്ച 998988 രൂപ പാഴ്ചെലവായി മാറുകയും ചെയ്യും.

ഓഡിറ്റ് നിർദേശങ്ങൾ

1. അക്രഡിറ്റേഷൻ ലഭിക്കുന്ന മേഖലയിലുള്ള പ്രവർത്തനങ്ങൾ മാത്രമാണ് അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കുന്നത് എന്ന് ഉറപ്പാക്കേണ്ടതാണ്. പദ്ധതി മാർഗരേഖയിലെ നിർദേശങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി പദ്ധതി നിർവഹണം നടത്തേണ്ടതാണ്.

2. പ്രവൃത്തികളുടെ എസ്റ്റിമേററ് നിയമാനുസൃതം തയ്യാറാക്കി ക്ഷമതയുള്ള അധികാരികളിൽ നിന്നും അംഗീകാരം ലഭ്യമാക്കിയശേഷം മാത്രം പ്രവൃത്തികൾ നിർവഹിക്കേണ്ടതാണ്.

3. സി.സി.ടി.വി മോണിറ്ററിംഗിനും ഡാറ്റ സുരക്ഷിതമായി സൂക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

4. സ്ഥാപിച്ച ഉപകരണങ്ങൾ സാങ്കേതികവിദഗ്ദ്ധൻ പരിശോധിച്ച് സ്പെസിഫിക്കേഷൻ, ഗുണമേന്മ എന്നിവ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

5. ഉപകരണങ്ങളുടെ വാറന്റി സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണ്.

6. അപാകതകൾ പരിഹരിച്ച് സിസിടിവി സംവിധാനം പ്രവർത്തനക്ഷമമാകുന്നതുവരെ ചെലവ് തുകയായ 998988 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-34 അനർഹരായ ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പ് അനുവദിച്ചു

പ്രൊജക്ട് - എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -252/19 (സ്പിൽ ഓവർ)

അടങ്കൽ- 600000( പ്ലാൻ- എസ്.സി.പി)

ചെലവ് - ബിൽ **10/17.7.18 - ₹.550810/-**

നിർവഹണം- സെക്രട്ടറി

നഗരസഭയിലെ തിരഞ്ഞെടുത്ത എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനായാണ് പദ്ധതി ആവിഷ്ക്കരിച്ചത്. പദ്ധതി പ്രകാരം 19 ഗുണഭോക്താക്കൾക്ക് വേണ്ടി ലാപ്ടോപ്പ് വാങ്ങിയിട്ടുണ്ട്. ഗുണഭോക്തൃലിസ്റ്റ് കൗൺസിൽ അംഗീകരിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കെൽട്രോൺ ഇലക്ട്രോ സെറാമിക്സ്, കുറ്റിപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ടാണ് ലാപ് ടോപ്പ് വാങ്ങിയത്. 19 എണ്ണം ലാപ്ടോപ്പുകൾ വാങ്ങിയെങ്കിലും വിതരണരജിസ്റ്ററിൽ 17 പേർ മാത്രമാണ് ഇവ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുള്ളത്. .

2017-18 വർഷത്തെ പദ്ധതി പ്രകാരമുള്ള ലാപ്ടോപ്പുകൾ 18.9.18 ന് മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. പദ്ധതി മാർഗരേഖ ജി.ഒ.(എം.എസ്) 80/17/തസ്വഭവ 3.4.17 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് എഞ്ചിനിയറിംഗ്, മെഡിക്കൽ എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന എസ്.സി. വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പ് വാങ്ങി നൽകാവുന്നത്. ഗുണഭോക്താവ് സ്ഥാപനമേധാവിയിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കണമെന്നും വ്യവസ്ഥയുണ്ട്. മേൽ വ്യവസ്ഥകൾക്ക് വിരുദ്ധമായി 2017-18 ൽ വിദ്യാർത്ഥികളല്ലാത്ത ഗുണഭോക്താക്കൾക്കും ലാപ്ടോപ്പ് അനുവദിച്ചിട്ടുണ്ട് . വിശദവിവരം താഴെ ചേർക്കുന്നു.
എ). ലാപ്ടോപ്പ് കൈപറ്റിയ ഗുണഭോക്താക്കളുടെ അർഹതാ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്നവർ 2017-18 ൽ വിദ്യാർത്ഥികളല്ല എന്ന് കാണുന്നു.

1. സംഗീത സേതു -
4/2014 ൽ BA പൂർത്തിയാക്കി. Kerala state civil service academy -യിൽ 2016 ൽ Civil service prelims coaching ൽ പങ്കെടുത്തതിന്റെ സാക്ഷ്യപത്രമാണ് അർഹതാ രേഖയായി ഹാജരാക്കിയത്. ആയത് അർഹതാമാനദണ്ഡം പ്രകാരം അനുവദനീയമായ കോഴ്സ് അല്ല. കൂടാതെ 2017-18 വർഷത്തിൽ ഗുണഭോക്താവ് വിദ്യാർത്ഥിയുമല്ല.

2.ശ്രുതി.എം.എസ്.

NSS College , ottapalam certificate dated 10.1.18 പ്രകാരം 2 വർഷത്തെ PG കോഴ്സ് 2015-17 ൽ പൂർത്തിയാക്കിയിരുന്നു. 2017-18ൽ വിദ്യാർത്ഥിയല്ല

3.ആതിര.ബി

NSS College , ottapalam certificate dated 10.1.18 പ്രകാരം 2 വർഷത്തെ MA - English കോഴ്സ് 2015-17 ൽ പൂർത്തിയാക്കിയിരുന്നു. 2017-18ൽ വിദ്യാർത്ഥിയല്ല.

വിദ്യാർത്ഥികൾക്കാണ് പദ്ധതി പ്രകാരം ലാപ്ടോപ് നൽകാവുന്നത് എന്നതിനാൽ പദ്ധതി കാലയളവിൽ വിദ്യാർത്ഥിയല്ലാത്തവർക്ക് ലാപ്ടോപ്പ് നൽകിയത് ക്രമപ്രകാരമല്ല. സബ്സിഡി മാർഗരേഖ ഖണ്ഡിക 2.2 പ്രകാരം മാർഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനത്തിനോ, ഓരോ ഇനത്തിനും പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗങ്ങൾക്കോ സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. എന്നാൽ മാർഗരേഖയിൽ പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗങ്ങൾക്ക് (വിദ്യാർത്ഥിയല്ലാത്തവർക്ക്) ലാപ്ടോപ്പ് നൽകുന്നതിന് നഗരസഭ, സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിട്ടില്ല. മാർഗരേഖയിലെ ഖണ്ഡിക 2.3 പ്രകാരം സബ്സിഡി മാർഗരേഖയുടെ ലംഘനം തദ്ദേശഭരണസ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതും മാർഗരേഖയിൽ പറഞ്ഞതിന് വിരുദ്ധമായി നൽകിയ സബ്സിഡി ഉത്തരവാദപ്പെട്ട വ്യക്തിയിൽ നിന്നും ഈടാക്കുന്നതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെ സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി വിദ്യാർത്ഥികളല്ലാത്ത 3 ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പ് നൽകുന്നതിന് ചെലവഴിച്ച 86970 രൂപ (28990*3 ) ഉത്തരവാദിയായ നിർവഹണഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**പദ്ധതി നടത്തിപ്പിലെ മറ്റ് അപാകതകൾ താഴെ ചേർക്കുന്നു.**

a)അഞ്ജിത അജയ് എന്ന പോണ്ടിച്ചേരി യൂണിവേഴ്സിറ്റി - MA വിദ്യാർത്ഥി എസ്.സി.വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തിയാണെന്ന് തെളിയിക്കുന്ന രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

b)ശ്രുതില.കെ എന്ന വ്യക്തി 3/2015 ൽ +2 പൂർത്തിയാക്കിയതിന്റെ marklist മാത്രമാണ് അപേക്ഷയോടൊപ്പം സമർപ്പിട്ടുള്ളത്. coursecertificate ഹാജരാക്കിയിട്ടില്ല.

c) താഴെ പറയുന്ന ഗുണഭോക്താക്കൾ 2017-18 ൽ പഠനം പൂർത്തിയാക്കിയവരാണ്. വിതരണ സമയത്ത് -9/2018- ഗുണഭോക്താക്കൾ വിദ്യാർത്ഥികളല്ല. വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് നൽകുന്ന ലാപ്ടോപ്പ് കോഴ്സ് അവസാനിച്ച ശേഷം നൽകുന്നത് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് ഉപയുക്തമല്ല.

1. സുഭിക്ഷ

NSS College , ottapalam certificate dated 20.9.17 പ്രകാരം 2017-18 വർഷത്തിൽ BA - English കോഴ്സ് 2017-18 ൽ പൂർത്തിയാക്കിയിരുന്നു.

2.സ്വാതികൃഷ്ണ

B.Sc. Statistics -2017-18-വർഷത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. Sree Keralaverma College certificate A1-225/17/6.10.17

അപാകതകൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ – 36/22.3.20 ന് മറുപടി ലഭ്യമായില്ല.

ഓഡിറ്റ് നിർദേശങ്ങൾ

1. വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് നൽകുന്ന ലാപ്ടോപ്പ് വിതരണസമയത്ത് വിദ്യാർത്ഥികളായവർക്ക് മാത്രമാണ് അനുവദിക്കപ്പെടുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾക്കനുസരിച്ച് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടതും സമയബന്ധിതമായി ലാപ്ടോപ്പ് വിതരണം പൂർത്തിയാക്കേണ്ടതുമാണ്.

2. അനർഹരായ ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പ് നൽകുന്നതിന് ചെലവഴിച്ച 86970 രൂപ (28990*3 ) രൂപ ഗുണഭോക്താക്കളിൽ നിന്നോ ഉത്തരവാദിയായ നിർവഹണഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-35 അംഗപരിമിതർക്ക് ഉപകരണം-ഹിയറിംഗ് എയ്ഡ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തില്ല

പ്രൊജക്റ്റ്- അംഗപരിമിതർക്ക് സഹായ ഉപജിവന ഉപകരണം (250/19)

അടങ്കൽ - 800000(പ്ലാൻ-ജ)

ചെലവ് - ₹.482933/-

ബിൽ - 12/17.7.18

നിർവഹണം - സെക്രട്ടറി

നഗരസഭയിലെ അംഗപരിമിതർക്ക് നിത്യജീവിതത്തിനും ഉപജീവനത്തിനും സഹായകരമായ ഉപകരണങ്ങൾ നൽകുന്നതിനായാണ് പദ്ധതി രൂപീകരിച്ചത്. 2017-18 വർഷത്തെ പദ്ധതി, സ്പിൽ ഓവറായി 2018-19 വർഷമാണ്

നടപ്പിലാക്കിയത്. വികലാംഗ ക്ഷേമ കോർപറേഷനിൽ നിന്നുമാണ് ഉപകരണങ്ങൾ വാങ്ങിയത്. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി 24.1.18 ന് വികലാംഗ ക്ഷേമ കോർപറേഷന്റെ ആഭിമുഖ്യത്തിൽ മെഡിക്കൽ ക്യാമ്പ് നടത്തിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 24.2.18 ന് നിർവഹണ ഉദ്യോഗസ്ഥൻ വികലാംഗ കോർപറേഷന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. ആകെ 595085 രൂപ വില വരുന്ന 11 ഇനങ്ങളാണ് നഗരസഭ സപ്ലൈ ഓർഡറിൽ ആവശ്യപ്പെട്ടത്. എന്നാൽ ഇൻവോയ്സ് നം- 64/16.3.18 പ്രകാരം 482933 രൂപയുടെ (8 ഇനങ്ങൾ) ഉപകരണങ്ങൾ മാത്രമാണ് കോർപറേഷൻ ലഭ്യമാക്കിയിട്ടുള്ളത്. ലഭ്യമായ ഉപകരണങ്ങൾ 18.9.18 ന് വിതരണം ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഫയൽ, വിതരണ രജിസ്റ്റർ എന്നിവ പ്രകാരം 37 പേർക്കാണ് ഉപകരണങ്ങൾ നൽകിയിട്ടുള്ളത്. എന്നാൽ വാങ്ങിയ ഉപകരണങ്ങളിൽ താഴെ പറയുന്നവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടില്ല.

1. ഹിയറിംഗ് എയ്ഡ്

വികലാംഗകോർപ്പറേഷനിൽ നിന്നും ലഭിച്ചത് - 20 പേർക്ക് 40 എണ്ണം @ 9579+tax

വിതരണം ചെയ്തത് - 17 പേർക്ക് (2 പേർ നഗരസഭാ പരിധിയിലെ താമസക്കാരല്ല. ഒരാൾ മരണമടഞ്ഞു എന്നീ കാരണങ്ങളാലാണ് വിതരണം ചെയ്യാതിരുന്നത് എന്നാണ് ഫയലിൽ എഴുതിയിട്ടുള്ളത്)

2. ബിൽ പ്രകാരം MR kit 4 എണ്ണം ( @2279 രൂപ) ലഭ്യമായിട്ടുണ്ട്. എന്നാൽ വിതരണ രേഖ പ്രകാരം 3 MR kit & 1 eye hand coordinator എന്നിവയാണ് വിതരണം ചെയ്തത്.

വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (-33/20.3.20) മറുപടി ലഭ്യമായില്ല.

ഓരോ വ്യക്തിയേയും പരിശോധിച്ച് അവർക്ക് ആവശ്യമായ സ്പെസിഫിക്കേഷൻ പ്രകാരമാണ് ഹിയറിംഗ് എയ്ഡ് നിർമ്മിക്കുന്നത്. അതിനാൽ ഇവ പ്രസ്തുത ഗുണഭോക്താവിനല്ലാതെ മറ്റൊരാൾക്ക് ഉപയോഗിക്കാൻ / നൽകുവാൻ കഴിയുകയില്ല. അർഹതാമാനദണ്ഡങ്ങൾ പരിശോധിക്കാതെ ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് ഉപകരണങ്ങൾ വാങ്ങുകയും പിന്നീട് അവർ നഗരസഭാ പരിധിയിൽ താമസിക്കുന്നവരല്ല എന്നതിനാൽ ഉപകരണങ്ങൾ വിതരണം ചെയ്യാതിരിക്കുകയും ചെയ്തതിനാൽ പ്രസ്തുത ഉപകരണങ്ങൾക്കായി ചെലവഴിച്ച തുക നഷ്ടമായി. സാമൂഹികനീതി വകുപ്പുമായി സഹകരിച്ച് ഭിന്നശേഷിക്കാരുടെ ഡാറ്റാബേസ് തയ്യാറാക്കണമെന്ന നിബന്ധന പാലിക്കാതിരുന്നതും അനർഹരായ ഗുണഭോക്താക്കൾ തെരഞ്ഞെടുക്കപ്പെട്ടതിന് കാരണമായി. 3/18 ന് ലഭ്യമായതും വിതരണം ചെയ്യാൻ കഴിയാതിരുന്നതുമായ ഉപകരണങ്ങൾ തിരികെ വികലാംഗ കോർപറേഷന് നൽകുന്നതിനുള്ള സാധ്യതകളും നാളിതുവരെ പരിശോധിച്ചിട്ടില്ല.

ഉപയോഗിക്കാതെ അവശേഷിക്കുന്ന ഇനങ്ങളുടെ വിലയായ 28737 രൂപ (9579*3) ക്രമീകരിക്കുകയോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കുകയോ ചെയ്യേണ്ടതാണ്. ഇൻവോയ്സിലുള്ള MR Kit വിതരണം ചെയ്ത eye hand cordinator ഉം താരതമ്യം ചെയ്ത് ആവശ്യപ്പെട്ട ഇനം തന്നെയാണ് ലഭ്യമായത് എന്ന് ഉറപ്പുവരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-36 ക്ഷീരകർഷകർക്ക് സബ്സിഡി -വിതരണരേഖകൾ ഹാജരാക്കിയില്ല

പ്രൊജക്ട്- ക്ഷീരകർഷകർക്ക് സബ്സിഡി

പ്രൊജക്ട് നമ്പർ - 27/19

അടങ്കൽ - പ്ലാൻ -500000 (പ്ലാൻ-ജ)

ചെലവ് -₹ 496906

ബിൽ നമ്പർ & തുക - 45/30.1.19 – 204353

- 11/22.3.19 (ബിൽ ബുക്ക് vol II) – 255440

- 12/22.3.19-37113

നിർവഹണം - സെക്രട്ടറി

നഗരസഭയിലെ ക്ഷീരകർഷകർക്ക് പാൽ ഉത്പാദനത്തിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. പദ്ധതി പ്രകാരം ഒരു ലിറ്റർ പാലിന് ക്ഷീരവകുപ്പിന്റെ 1 രൂപയും നഗരസഭയുടെ 3 രൂപയും ഉൾപ്പെടെ 4 രൂപ സബ്സിഡിയാണ് കർഷകന് അനുവദിക്കാവുന്നത് .

പദ്ധതിക്കായി വരോട് ക്ഷീരസഹകരണസംഘം, പനമണ്ണ ക്ഷീരസഹകരണസംഘം എന്നിവരിൽ നിന്നും ക്ഷീരകർഷകരുടെ ലിസ്റ്റ് ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി തുക ട്രഷറിയിൽ നിന്നും സംഘങ്ങളുടെ അക്കൗണ്ടിലേക്ക് താഴെ പറയുന്ന പ്രകാരം നൽകിയിട്ടുണ്ട്.

| | തുക | ബിൽ | |
|---|---|---|---|
| പനമണ്ണ ക്ഷീരസഹകരണസംഘം | 116283 | 45/30.1.19 | 138 ഗുണഭോക്താക്കൾക്ക് 1 രൂപ നിരക്കിൽ |
| “ | 145353 | 11/22.3.19 | ഗുണഭോക്താക്കളുടെ എണ്ണം, നിരക്ക് വ്യക്തമാക്കുന്ന രേഖകളില്ല |
| “ | 37113 | 12/22.3.19 | “ |
| വരോട് ക്ഷീരസഹകരണസംഘം | 88070 | 45/30.1.19 | 101ഗുണഭോക്താക്കൾക്ക് 1 രൂപ നിരക്കിൽ |
| “ | 110087 | 11/22.3.19 | ഗുണഭോക്താക്കളുടെ എണ്ണം, നിരക്ക് വ്യക്തമാക്കുന്ന രേഖകളില്ല |
| ആകെ | 496906 | | |

പദ്ധതി പ്രകാരം സബ്സിഡി ലഭ്യമായ കർഷകരുടെ വിവരവും പാലിന്റെ അളവും ഓരോ വ്യക്തിക്കും എത്ര തുകയാണ് ലഭിച്ചത് എന്നും വ്യക്തമാക്കുന്ന രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ക്ഷീരസംഘങ്ങൾ സബ്സിഡി തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിവരവും വിനിയോഗരേഖകളും ലഭ്യമാക്കിയിട്ടില്ല. പദ്ധതി തുക നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കാണ് നൽകേണ്ടത് എന്ന നിർദേശം പാലിക്കാതെ ക്ഷീരസംഘങ്ങൾക്ക് തുക അനുവദിച്ചതും ക്രമപ്രകാരമല്ല.

ഓഡിറ്റ് എൻക്വയറി നം - 13/17.3.20 ന് മറുപടിയായി വിനിയോഗരേഖകൾ സംഘങ്ങളിൽ നിന്നും ലഭ്യമാക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. സഹകരണസംഘത്തിന് ഗുണഭോക്താക്കൾ നൽകിയ പാലിന്റെ അളവ് സ്റ്റേറ്റ്മെന്റും സബ്സിഡി തുക ഗുണഭോക്താക്കൾക്ക് ലഭ്യമായതിന്റെ രേഖകളും ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 496906 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-37 ലൈബ്രറിയ്ക്ക് പുസ്തകങ്ങൾ വാങ്ങൽ -സർക്കാർ നിർദേശങ്ങൾ പാലിച്ചില്ല

നഗരസഭയിലെ ഗ്രന്ഥശാലയിലേക്ക് പുസ്തകങ്ങൾ വാങ്ങുന്നതിനായി സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ 2 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പാലക്കാട്, തൃശൂർ, ഒറ്റപ്പാലം എന്നിവിടങ്ങളിലെ വിവിധ ബുക്ക് സ്റ്റാളുകളിൽ നിന്നും നേരിട്ടാണ് പുസ്തകങ്ങൾ വാങ്ങിയിട്ടുള്ളത്. പദ്ധതിയുടെ വിശദവിവരം താഴെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | ഫണ്ട് | അടങ്കൽ | ചെലവ് | ബിൽ നം | തുക കൈപ്പറ്റിയവർ |
|---|---|---|---|---|---|
| 5/19 | പ്ലാൻ (ജ) | 75000 | 74947 | 51/6.3.19 | 1.ശശി, ഒറ്റപ്പാലം ബുക്ക് ഫെയർ - 30500<br>2. ഗ്രീൻ ബുക്സ് - 16447<br>നാഷ്ണൽ ബുക്സ - 28000 |
| 247/19 (S.O) | സി.എഫ്.സി | 75000 | 74959 | 50/6.3.19 | കുമാർ ബുക്സ് - 1900<br>മാതൃഭൂമി - 34330<br>കറന്റ് ബുക്സ് - 38729 |

തദ്ദേശസ്ഥാപനങ്ങൾ പദ്ധതി നിർവഹണത്തിന്റെ ഭാഗമായി പുസ്തകങ്ങൾ വാങ്ങുമ്പോൾ ആയത് ബുക്ക് മാർക്, സാഹിത്യപ്രവർത്തക സഹകരണസംഘം എന്നിവ വഴി വാങ്ങേണ്ടതാണ് എന്ന് സ.ഉ.(സാധ)/3709/2017/തസ്വഭവ/ 18.11.17 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് . നഗരസഭ അംഗീകരിച്ച പ്രൊജക്റ്റിൽ പ്രസാധകരിൽ നിന്ന് നേരിട്ട് വാങ്ങണം എന്നായിരുന്നു വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ മേൽ പറഞ്ഞ നിർദേശങ്ങൾ പാലിക്കാതെ നിർവഹണ ഉദ്യോഗസ്ഥൻ വിവിധ ബുക്ക് സ്റ്റോളുകളിൽ നിന്ന് നേരിട്ട് പുസ്തകങ്ങൾ വാങ്ങി ലൈബ്രറിക്ക് നൽകുകയാണ് ചെയ്തത്.

14 ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് നടപ്പിലാക്കാവുന്ന പദ്ധതികൾ ഏതെല്ലാമെന്ന് പദ്ധതി മാർഗരേഖ (ജി.ഒ(എം.എസ്) 79/17/തസ്വഭവ 3.4.17 ) ഖണ്ഡിക 13.8 ൽ വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭ ലൈബ്രറിക്ക് പുസ്തകങ്ങൾ വാങ്ങൽ പ്രസ്തുത 7 ഇനങ്ങളിൽ ഉൾപ്പെടുന്നില്ല. എന്നാൽ പ്രൊജക്റ്റ് നമ്പർ 247/19 ൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചാണ് പുസ്തകങ്ങൾ വാങ്ങിയിട്ടുള്ളത്. (ഓഡിറ്റ് എൻക്വയറി നം - 13/17.3.20 ന് മറുപടി ലഭ്യമായില്ല)

ഓഡിറ്റ് നിർദേശങ്ങൾ

1. പദ്ധതി മാർഗരേഖയിലെയും സർക്കാർ ഉത്തരവുകളിലേയും വ്യവസ്ഥകൾ പാലിയ്ക്കേണ്ടതും പുസ്തകങ്ങൾ സർക്കാർ അംഗീകരിച്ച സ്ഥാപനങ്ങളിൽ നിന്നും മാത്രം വാങ്ങേണ്ടതുമാണ്.

2. ധനകാര്യകമ്മീഷൻ ഗ്രാന്റ് അനുവദനീയമായ പ്രവൃത്തികൾക്കുമാത്രമാണ് ചെലവഴിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-38 ധനകാര്യകമ്മീഷൻ ഗ്രാന്റ് -ലൈബ്രറിക്ക് കമ്പ്യൂട്ടർ വാങ്ങാൻ വിനിയോഗിച്ചു

പ്രൊജക്റ്റ്- ലൈബ്രറി കമ്പ്യൂട്ടർവൽക്കരണം (248/19)

അടങ്കൽ - 75000 (CFC)

ചെലവ് - 48914

ബിൽ നം- 9/22.3.19

ലൈബ്രറിക്ക് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നിവ വാങ്ങുന്നതിനാണ് തുക ചെലവഴിച്ചത്. 14 ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് 2018-19 ൽ നടപ്പിലാക്കാവുന്ന പദ്ധതികൾ ഏതെല്ലാമെന്ന് പദ്ധതി മാർഗരേഖ (ജി.ഒ(എം.എസ്) 17/18/തസ്വഭവ 2.2.18 ) ഖണ്ഡിക 6.6 ൽ വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭ ലൈബ്രറിക്ക് കമ്പ്യൂട്ടർ വാങ്ങൽ പ്രസ്തുത 7 ഇനങ്ങളിൽ ഉൾപ്പെടുന്നില്ല .

സ.ഉ(എം.എസ് )നം 300/1/ധനം 17.8.18 ലും കുടിവെള്ള വിതരണം, മാലിന്യനിർമാർജനം, ശുചീകരണം, സാമൂഹ്യ ആസ്തികളുടെ സംരക്ഷണം,ഗതാഗതം, തെരുവ് വിളക്ക് കത്തിക്കൽ എന്നിവയ്ക്ക് മാത്രമാണ് സി.എഫ്.സി ഫണ്ട് ഉപയോഗിക്കാവുന്നത് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവുകൾ പാലിക്കാതെ ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചാണ് ലൈബ്രറിക്ക് കമ്പ്യൂട്ടർ വാങ്ങൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

ലൈബ്രറിയുടെ ഫർണീച്ചർ സ്റ്റോക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം കമ്പ്യൂട്ടർ മാത്രമാണ് നിലവിൽ ലൈബ്രറിയിൽ ഉള്ളത് .പ്രിന്റർ , സ്കാനർ എന്നിവ നഗരസഭ ഓഫീസിലെ വിവിധ സെക്ഷനുകളിലാണ് നിലവിൽ ഉപയോഗിച്ചു വരുന്നത്. (ഓഡിറ്റ് എൻക്വയറി – 13/17.3.20)

ധനകാര്യകമ്മീഷൻ ഗ്രാന്റ് അനുവദനീയമായ പ്രവൃത്തികൾക്കുമാത്രമാണ് ചെലവഴിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. പ്രൊജക്റ്റ് പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ പദ്ധതിയിൽ വിഭാവനം ചെയ്ത ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താനും ശ്രദ്ധിക്കേണ്ടതാണ്.

## 1-39 IKM വിഹിതം നൽകൽ- അധികതുക തിരികെ ഈടാക്കണം

പ്രൊജക്റ്റ്- IKM വിഹിതം നൽകൽ (4/19)

അടങ്കൽ - 332000 (പ്ലാൻ - ജ)

ചെലവ് - 332000

ബിൽ -13/17.7.18-332000

നിർവഹണം - സെക്രട്ടറി

സ.ഉ (സാധാ)1228/16/തസ്വഭവ /18.3.16 പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പദ്ധതിഫണ്ടിന്റെ 0.25% IKM പ്രവർത്തനഫണ്ടിലേക്ക് നൽകണമെന്ന് നിർദേശമുണ്ട്. ഇപ്രകാരം IKM ന് വിഹിതം നൽകുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. IKM ൽ നിന്നുള്ള സാക്ഷ്യപത്രം (18.1.2020 ലെ IKM/A7/4465/18 )പ്രകാരം 2017-18 മുതൽ 2019-20 വരെയുള്ള കാലയളവിലെ ഡിമാന്റ്, നൽകിയ തുക എന്നിവയുടെ വിവരം താഴെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി - 33/20.3.20)

| വർഷം | ഡിമാന്റ് | നഗരസഭ നൽകിയ തുക | ബാലൻസ് |
|---|---|---|---|
| 2017-18 | 163318 | 557111 | 393793 |
| 2018-19 | 331293 | 332000 | 707 |
| 2019-20 | 356525 | 331000 | 25525 |

ഡിമാന്റിൽ അധികരിച്ച് പദ്ധതി തുക നൽകിയത് ക്രമപ്രകാരമല്ല. അധികം നൽകിയ തുക IKMൽ നിന്നും തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-40 എ.ബി.സി പ്രോഗ്രാം- വിനിയോഗവിവരം ലഭ്യമാക്കണം

പ്രൊജക്ട് -എ.ബി.സി പ്രോഗ്രാം- (96/18-19)

അടങ്കൽ - 500000(CFC)

ചെലവ് - 500000

ബിൽ നമ്പർ - 15/17.7.18

നിർവഹണം -സെക്രട്ടറി

പദ്ധതി പ്രകാരം സെക്രട്ടറി, ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 500000 രൂപ പിൻവലിച്ചിട്ടുണ്ട്. ജില്ലാപഞ്ചായത്തിന്റെ എ.ബി.സി പദ്ധതിയ്ക്കുള്ള നഗരസഭ വിഹിതമായി തുക ജില്ലാപഞ്ചായത്തിന് നൽകിയിട്ടുണ്ട്.സംയുക്ത പദ്ധതികൾക്ക് വിഹിതം നൽകുമ്പോൾ തദ്ദേശസ്ഥാപനങ്ങൾ തമ്മിൽ കരാർ ഒപ്പുവയ്ക്കേണ്ടതാണ് എന്ന് പദ്ധതി മാർഗരേഖ ( G.O(p)11/18/lsgd/29.1.18 ) ഖണ്ഡിക 3.5.4 ൽ 4 ൽ വ്യവസ്ഥയുണ്ട്. എന്നാൽ വിഹിതം നൽകുമ്പോൾ ജില്ലാ പഞ്ചായത്തുമായി നഗരസഭ കരാർ ചമച്ചിട്ടില്ല.

തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ നിന്നും അലഞ്ഞുതിരിയുന്ന നായ്ക്കളെ പിടിച്ച് മൃഗസംരക്ഷണസ്ഥാപനങ്ങളിൽ ശസ്ത്യക്രിയയ്ക്ക് വിധേയമാക്കി 4 ദിവസം പരിചരണവും ചികിത്സയും നൽകി പ്രതിരോധകുത്തിവയ്പ്പ് നടത്തി പിടിച്ച സ്ഥലങ്ങളിൽ തന്നെ തിരികെ എത്തിയ്ക്കുകയുമാണ് പദ്ധതി പ്രവർത്തനങ്ങൾ. 2014 മുതൽ ആരംഭിച്ച പദ്ധതി ജില്ലാ പഞ്ചായത്ത് മുഖേനയാണ് നടപ്പിലാക്കുന്നത്. പദ്ധതി തുക ജില്ലാ പഞ്ചായത്ത് കൈപ്പറ്റിയതിന്റെയും തുക വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കിയതിന്റെയും രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. പ്രവൃത്തിയുടെ നിർവഹണം മോണിറ്റർ ചെയ്യേണ്ടതുമാണ്. നഗരസഭാ പരിധിയിലെ എത്ര തെരുവ് നായ്ക്കളെ പദ്ധതി പ്രകാരം ശസ്ത്രകിയയ്ക്ക് വിധേയമാക്കി എന്നും മുൻവർഷങ്ങളിൽ ഉൾപ്പെടെ നാളിതുവരെ പദ്ധതിക്കായി നഗരസഭ അനുവദിച്ച വിഹിതത്തിൽ എത്ര തുക വിനിയോഗിച്ചു എന്നതിന്റെ വിവരവും ലഭ്യമാക്കേണ്ടതും ചെലവഴിക്കാത്ത തുക തിരികെ ഈടാക്കേണ്ടതുമാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി 33/20.3.20)

## 1-41 വയോമിത്രം പദ്ധതി - വിനിയോഗരേഖ ലഭ്യമാക്കിയിട്ടില്ല

പ്രൊജക്ട്- വയോമിത്രം - 17/19

അടങ്കൽ / ചെലവ് - 1000000(പ്ലാൻ -ജ)

ബിൽ 14/17.7.18

നിർവഹണം - സെക്രട്ടറി

പദ്ധതി തുക കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. തുക പൂർണ്ണമായും നഗരസഭയിലെ വൃദ്ധജനങ്ങളുടെ ചികിത്സയ്ക്കും ക്ഷേമത്തിനുമായി ഉപയോഗിക്കുന്നതാണെന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പദ്ധതി തുക നഗരസഭയിലെ വൃദ്ധജനങ്ങൾക്കുവേണ്ടി ചെലവഴിച്ചതിന്റെ രേഖകൾ സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. പദ്ധതി നടത്തിപ്പ് മോണിറ്റർ ചെയ്യേണ്ടതും നഗരസഭാപരിധിയിലെ ഗുണഭോക്താക്കൾക്ക് പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. അനുവദിച്ച തുകയുടെ ഇനം തിരിച്ചുള്ള വിനിയോഗരേഖകൾ സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നും ലഭ്യമാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി 33/20.3.20).

## 1-42 പദ്ധതി ചെലവ് രേഖകൾ ഹാജരാക്കിയില്ല

2018-19 വർഷം സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതിയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമനം | പ്രൊജക്ട് | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|---|
| 1 | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ ( 56/19) | 200000 (CFC) | 102943 | 37/10.12.18- |

കൂടാതെ താഴെ പറയുന്ന പദ്ധതികളുടെ ഫയലിൽ പദ്ധതി ചെലവിന്റെ പൂർണ്ണമായ രേഖകൾ ലഭ്യമല്ല.

| പ്രൊജക്ട് | ചെലവ് തുക (എസ്.സി.പി ഫണ്ട്) | ലഭ്യമല്ലാത്ത രേഖകൾ |
|---|---|---|
| എസ്.സി.വൃദ്ധർക്ക് കട്ടിൽ (29/19) | 533200 | സ്റ്റോക്ക്, വിതരണരേഖകൾ, കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് |
| എസ്.സി.വൃദ്ധർക്ക് കട്ടിൽ (251/19) | 997600 | -do- |

ഓഡിറ്റ് എൻക്വയറി - 7/12.3.20 പ്രകാരം രേഖകൾ ആവശ്യപ്പെട്ടെങ്കിലും ലഭ്യമായില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ പദ്ധതികൾക്കായി ചെലവഴിച്ച 1633743 രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ കണ്ടെത്തി ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-43 റെയിൽവേയ്ക്ക് സ്ഥലവാടക നൽകൽ - അപാകതകൾ

ഫയൽ - E1-960/18

വൗച്ചർ നം - 21800860/21.11.18 – 1170695

നഗരസഭയുടെ 2017-18 വർഷത്തെ പദ്ധതിയിലുൾപ്പെട്ട റെയിൽവേസ്റ്റേഷൻ റോഡ് ഡ്രൈനേജ് പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള അനുമതിക്കായി നഗരസഭ റെയിൽവേയ്ക്ക് അപേക്ഷ നൽകിയപ്പോൾ 2015-16 മുതൽ 2018-19 വരെയുള്ള പാസേജ് റെന്റ് (ഒറ്റപ്പാലം ആർ.എസ് റോഡ് & പാലപ്പുറം റോഡ് ) കുടിശ്ശിക നഗരസഭ ഒടുക്കിയിട്ടില്ല എന്നും തുക ഒടുക്കിയശേഷം മാത്രമേ ഡ്രൈനേജ് പ്രവൃത്തിക്ക് അനുമതി നൽകുകയുള്ളൂ എന്നും റെയിൽവേ റീജ്യണൽ മാനേജർ അറിയിച്ചു( 5.1.18 ലെ J/W/372 നമ്പർ കത്ത് ). തുടർന്ന് 27.2.18 ലെ കൗൺസിൽ ഒറ്റപ്പാലം റോഡിന്റെ മാത്രം തുക ഒടുക്കി ഡ്രൈനേജ് പ്രവൃത്തി നിർവഹിക്കാൻ തീരുമാനിച്ചെങ്കിലും റെയിൽവേ അധികൃതർ കുടിശ്ശിക പൂർണ്ണമായും ഒടുക്കണമെന്ന് ആവശ്യപ്പെട്ടു. നഗരസഭയ്ക്ക് -പൊതുജനങ്ങളുടെ ആവശ്യം കണക്കിലെടുത്ത് - റോഡ് ആവശ്യമായതിനാൽ 16.6.18ലെ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക ഒടുക്കുവാൻ (1170695 രൂപ) അനുമതി നൽകുന്നു എന്ന് ചെയർമാൻ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നഗരസഭ വാടകകുടിശ്ശികയായി ഒടുക്കിയ 1170695 രൂപയിൽ 12% നിരക്കിലുള്ള പലിശ – 263127 രൂപയും ഉൾപ്പെടുന്നു. തുടർന്ന് 11.4.19 തീയതിയിൽ പാലപ്പുറം ആർ.എസ്.റോഡിന് 259736 രൂപ 2019-20 ലെ വാടകയായി ഒടുക്കുകയും കരാർ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഒറ്റപ്പാലം റോഡിന്റെ വാടക – 24.12.19

ലെ നോട്ടീസ് പ്രകാരം 587498 – ഒടുക്കിയിട്ടില്ല. 29.2.20 ലെ ഭരണസമിതിയോഗം വാടക ഒഴിവാക്കാൻ അപേക്ഷ നൽകാനും എം.പി. മുഖേന ശ്രമം നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

ഒറ്റപ്പാലം റെയിൽവേ സ്റ്റേഷൻ റോഡ്, പാലപ്പുറം ആർ.എസ്.റോഡ് എന്നിവ റെയിൽവേയിൽ നിന്നും വാടകയ്ക്ക് എടുക്കാൻ തീരുമാനിച്ചതിന്റെ കാരണവും പ്രസ്തുത തീരുമാനം കൗൺസിൽ അംഗീകരിച്ചതിന്റെയും 2015-16 ൽ വാടക ഒടുക്കാനാവശ്യപ്പെട്ട് റെയിൽവേ ഡിമാന്റ് നോട്ടീസ് നൽകിയിരുന്നോ എന്നും ഉണ്ടെങ്കിൽ പ്രസ്തുത തുക സമയപരിധിക്കകം ഒടുക്കാതിരുന്നതിന്റെ കാരണവും അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് - 31/20.3.20- മറുപടി ലഭ്യമായില്ല. റെയിൽവേ സ്റ്റേഷനിലേക്കുള്ള റോഡിന്, നഗരസഭ റെയിൽവേയ്ക്ക് വാടക നൽകി ഏറ്റെടുക്കാനുള്ള കാരണവും വ്യക്തമല്ല.

<u>ഓഡിറ്റ് നിർദേശങ്ങൾ</u>

1. റെയിൽവേ സ്റ്റേഷനിലേക്കുള്ള റോഡിന് നഗരസഭ വാടക നൽകി ലീസിന് എടുക്കുന്നതിന്റെ ആവശ്യകത പരിശോധിച്ച് അനുയോജ്യമായ തീരുമാനമെടുക്കേണ്ടതാണ്.

2. കൗൺസിൽ തീരുമാനം അടിസ്ഥാനമാക്കി വാടക ഒഴിവാക്കികിട്ടുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

3. വാടകയായി ഒടുക്കിയ 2015-16 മുതൽ 2017-18 വരെയുള്ള കാലയളവിൽ റെയിൽവേ, വാടകയ്ക്കായി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടോ എന്ന് പരിശോധിച്ച് 1170695 രൂപയിൽ 12% നിരക്കിലുള്ള പലിശ – 263127 രൂപ തുക ഒടുക്കുന്നതിൽ വീഴ്ച വരുത്തിയ സെക്രട്ടറിമാരിൽ നിന്നും ഈടാക്കി ക്രമീകരിക്കേണ്ടതാണ്. ഡിമാന്റ് നോട്ടീസ് നിയമാനുസൃതം ലഭ്യമായിട്ടില്ലെങ്കിൽ പിഴപലിശയായി ഒടുക്കിയ തുക റെയിൽവേയിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. തനത് ഫണ്ടിൽ നിന്നും വാടക കുടിശ്ശികയുടെ പലിശ ഇനത്തിൽ ഒടുക്കിയ 263127 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. തുക ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-44 ദിവസവേതനചെലവുകൾ

നഗരസഭയുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ പരിശോധിച്ചതിൽ, നിയമാനുസൃത നടപടിക്രമങ്ങൾ പാലിക്കാതെ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയതായും നിലവിലില്ലാത്ത തസ്തികകളിൽ ജീവനക്കാരെ നിയമിച്ച് ദിവസവേതനം നൽകിയതായും കണ്ടെത്തി.വിശദവിവരം താഴെ ചേർക്കുന്നു

2018-19 വർഷത്തെ വാർഷികകണക്കുകൾ പ്രകാരം 3,046,092 രൂപ ദിവസവേതനക്കാരുടെ വേതനം എന്ന ഇനത്തിൽ ചെലവ് ചെയ്തിട്ടുണ്ട് . തനത് വരുമാനം കുറവായ നഗരസഭയുടെ വരവിന്റെ ഭൂരിഭാഗവും വേതനം ഉൾപ്പെടെുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവിനായാണ് വിനിയോഗിക്കുന്നത് .

നഗരസഭയിലെ വിവിധ വിഭാഗങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 3 |
| പബ്ലിക് വർക് ഓവർസിയർ | 2 |
| ടൈപ്പിസ്റ്റ് | 1 |
| ഡാറ്റ എൻട്രി ഓപ്പറേറ്റർ (ജനനമരണരജിസ്ട്രേഷൻ & പ്ലാൻ സെക്ഷൻ) | 3 |
| ഡ്രൈവർ (എഞ്ചിനിയറിംഗ് വിഭാഗം) | 1 |
| ക്ലർക്ക് (പി.എം.എ.വൈ) | 1 |
| സെക്യൂരിറ്റി ജീവനക്കാർ | 2 |
| അപ്രന്റീസ് (എഞ്ചിനിയറിംഗ്) - | 3 |

നഗരസഭയിലെ വിവിധ വിഭാഗങ്ങളിലെ ദിവസവേതനജീവനക്കാരുടെ വിവരം താഴെ ചേർക്കുന്നു.

<u>**ഹെൽത്ത് വിഭാഗം**</u>

ശ്രീ. അബൂബക്കർ സിദിഖ് (2015 മുതൽ തുടർന്ന് വരുന്നു). ശ്രീ.വിഷ്ണു, ശ്രീമതി.ശ്രീജ എന്നിവരെ JHI തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച് 2018-19 വർഷം (1.4.18 മുതൽ 31.3.19 വരെ)810 രൂപ നിരക്കിൽ വേതനം നൽകിയിട്ടുണ്ട്. 2018-19 ൽ ഇവർക്ക് നൽകിയ ആകെ വേതനം താഴെ ചേർക്കുന്നു

| | |
|---|---|
| ശ്രീ. അബൂബക്കർ സിദിഖ് | 258800 |
| | |

| | |
|---|---|
| ശ്രീ. വിഷ്ണു, | 237140 |
| ശ്രീമതി.ശ്രീജ | 255560 |

ഫയലിലെ രേഖപ്പെടുത്തലുകൾ പ്രകാരം 16.12.17 ന് പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും (L1/270/17-272/17) JHI തസ്തികയിലേക്ക് ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭ്യമാക്കിയെങ്കിലും ഇന്റർവ്യൂ നടത്തുകയോ പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുകയോ ചെയ്തിട്ടില്ല. ലിസ്റ്റ് ഉൾപ്പെടെ ഫയൽ കാണാതായതായി 14.11.18 ന് ഹെൽത്ത് സൂപ്പർവൈസർ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വിഷയത്തിലും തുടരന്വേഷണം നടത്തുകയോ ഉത്തരവാദികളെ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. നിയമാനുസൃതം ഒഴിവുകൾ വകുപ്പ് മേധാവിക്ക് റിപ്പോർട്ട് ചെയ്തതിന്റെ രേഖകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭ്യമായ ലിസ്റ്റിൽ സ്വീകരിച്ച തുടർനടപടിയുടെ വിവരവും അറിയിക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (23/19.3.20) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല.

നിയമാനുസൃത നടപടിക്രമങ്ങളൊന്നും പാലിക്കാതെ ദിവസവേതനമിനത്തിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 751500 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു

**എഞ്ചിനിയറിംഗ് വിഭാഗം**

നഗരസഭയിലെ എഞ്ചിനിയറിംഗ് വിഭാഗത്തിൽ PWO തസ്തികയിൽ ശ്രീ.ഉദയകുമാർ.എൻ.പി , ശ്രീ.രഞ്ജിത്ത് & ശ്രീ.ഷഫീക് (1/19 ൽ മാത്രം) എന്നീ ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച് 725 രൂപ നിരക്കിൽ വേതനം നൽകിയിട്ടുണ്ട്. 2018-19 വർഷം ആകെ 257055 രൂപയാണ് വേതനമായി ചെലവഴിച്ചത്. നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർ സർക്കാർ ജീവനക്കാരായതിനാൽ ശമ്പളം സർക്കാരിൽ നിന്നും നേരിട്ടാണ് നൽകിവരുന്നത്. ആയതിനുള്ള നിശ്ചിത തുക സർക്കാർ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും നേരിട്ട് കുറവ് ചെയ്തശേഷമാണ് നഗരസഭക്ക് ഫണ്ട് അനുവദിക്കുന്നത്. അതിനാൽ എഞ്ചിനിയറിംഗ് വിഭാഗത്തിൽ നിലവിലുള്ള ഒഴിവുകളിലേക്ക് നിയമാനുസൃതം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമനം നടത്തേണ്ടതും വേതനം സംസ്ഥാന സർക്കാരിന്റെ ഫണ്ടിൽ നിന്നും ലഭ്യമാക്കേണ്ടതുമാണ്. 24.10.2017ലെ കൗൺസിൽ (10 നമ്പർ തീരുമാനം) എഞ്ചിനിയറിംഗ് വിഭാഗത്തിലെ ദിവസവേതനക്കാരുടെ വേതനം സർക്കാർ ഫണ്ടിൽ നിന്നുമാണ് മാറിനൽകേണ്ടത് എന്ന് തീരുമാനിച്ചിരുന്നു എങ്കിലും തുടർനടപടികളൊന്നും സ്വീകരിക്കാതെ 2018-19 വർഷത്തിലും നേരിട്ട് ദിസവേതനക്കാരെ നിയമിച്ച് തനത് ഫണ്ടിൽ നിന്നും വേതനം നൽകുകയാണ് ചെയ്തിട്ടുള്ളത്. നിയമാനുസൃത നടപടിക്രമങ്ങളൊന്നും പാലിക്കാതെ ദിവസവേതനമിനത്തിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച രൂപ 257055 ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. തുക സർക്കാരിൽ നിന്നും ലഭ്യമാക്കി ഫണ്ട് ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

**അപ്രന്റീസ് ട്രെയിനി**

2017-18 വർഷത്തിൽ എഞ്ചിനിയറിംഗ് വിഭാഗത്തിൽ 3 സിവിൽ എഞ്ചിനിയറിംഗ് ഡിപ്ലോമക്കാരെ (പോളിടെക്നിക്) അപ്രന്റീസ് ട്രെയിനിയായി നിയമിച്ചിട്ടുണ്ട്. Industrial Training Centre, Malampuzha ITI യിൽ നിന്നും നൽകുന്ന ലിസ്റ്റിൽ നിന്നുമാണ് ട്രെയിനിയെ തിരഞ്ഞെടുത്തിട്ടുള്ളത്. ഇവർക്ക് പ്രതിമാസം 7000 രൂപ നിരക്കിൽ സ്റ്റൈപ്പന്റ് നൽകിയിട്ടുണ്ട്. നാഷണൽ അപ്രന്റീസ് ഷിപ്പ് പ്രമോഷൻ സ്കീം പ്രകാരം അപ്രന്റീസ് സ്റ്റൈപ്പന്റിന്റെ 25% (മാസം പരമാവധി 1500) കേന്ദ്രഗവൺമെന്റ് തിരികെ നൽകുന്നതാണ്. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും വിഷയം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ 2018-19 വർഷത്തിലും ഇപ്രകാരം സ്റ്റൈപ്പന്റ് റീഇമ്പേഴ്സ് ചെയ്ത് ലഭിക്കുന്നതിനുള്ള നടപടികളൊന്നും നഗരസഭ സ്വീകരിച്ചിട്ടില്ല. നഗരസഭ നൽകുന്ന സ്റ്റൈപ്പന്റിൽ നിയമാനുസൃതം തിരികെ ലഭിക്കാവുന്ന തുകകൾ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ജനറൽ വിഭാഗം**

ക്ലർക്ക്

പി.എം.എ.വൈ പദ്ധതിയുടെ ക്ലറിക്കൽ ജോലികൾ ചെയ്യുന്നതിനായി തൻവർഷം ശ്രീമതിരാധ.സി എന്ന വ്യക്തിക്ക് ദിവസവേതനമായി 710 രൂപ നിരക്കിൽ ആകെ 170430 രൂപ നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ (H1- 7153/2008) 10.11.2008 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്തുവരുന്നതായി കാണുന്നു. 26.2.2011 ലെ 25 നമ്പർ കൗൺസിൽ തീരുമാനപ്രകാരം IHSDP പദ്ധതിയുടെ നിർവഹണത്തിനായി ശ്രീമതി രാധയെ ക്ലറിക്കൽ തസ്തികയിൽ നിയമിച്ചത് അംഗീകരിക്കുകയും നഗരസഭക്ക് അനുവദിക്കപ്പെട്ട തസ്തികയല്ലാത്തതിനാൽ സർക്കാരിലേക്ക് അനുമതിക്കായി അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ അനുമതി ലഭ്യമായിട്ടില്ല. 31-3-2017 ന് IHSDP പദ്ധതി പൂർത്തിയായതിനെ തുടർന്ന് 28.1.2016ലെ 25 നമ്പർ കൗൺസിൽ തീരുമാനപ്രകാരം പി.എം.എ.വൈ പദ്ധതിക്കായി പുനർനിയമനം നൽകിയിട്ടുണ്ട്. നഗരസഭയ്ക്ക് അനുവദിക്കപ്പെട്ട ക്ലറിക്കൽ തസ്തികയിൽ അധികരിച്ച് പുതിയ തസ്തിക സൃഷ്ടിച്ച് ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നത് ക്രമപ്രകാരമല്ല.

സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കാതെ ഇപ്രകാരം ദിവസവേതനം നൽകുന്നതിന് നഗരസഭയുടെ ഫണ്ട് ചെലവഴിക്കാവുന്നതല്ല. സർക്കാർ അനുമതി ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 170430 രൂപ തടസ്സപ്പെടുത്തുന്നു.

<u>സെക്യൂരിറ്റി ജീവനക്കാർ</u>

നഗരസഭയിൽ സെക്യൂരിറ്റി ജീവനക്കാരായ ശ്രീ. ബാലചന്ദ്രൻ, ശ്രീ. ഇബ്രാഹിം എന്നിവർക്ക് പ്രതിദിനം 710-(7/18 വരെ )/725 രൂപ എന്ന നിരക്കിൽ വേതനം നൽകിയിട്ടുണ്ട്. 2018-19 വർഷത്തിൽ ആകെ 483450 രൂപ വേതനമായി നൽകിയിട്ടുണ്ട്. ഇവരുടെ നിയമനം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ (G1-6653/2003) 2004 മുതൽ നഗരസഭയിൽ സെക്യൂരിറ്റി ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളതായി കാണുന്നു. നഗരസഭയിൽ സെക്യൂരിറ്റി ജീവനക്കാരുടെ തസ്തിക അനുവദിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ചെയർമാന്റെ നിർദേശപ്രകാരമാണ് 2004 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ 2 പേർ ജോലിചെയ്തുവരുന്നത്. സെക്യൂരിറ്റി ജീവനക്കാരെ നിയമിച്ച നടപടിക്ക് അംഗീകാരത്തിനായി 2005 ൽ സർക്കാരിന് അപേക്ഷ നൽകിയെങ്കിലും നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. അനുവദിക്കപ്പെട്ടിട്ടില്ലാത്ത തസ്തികകളിലേക്ക് നിയമനം നടത്തി വേതനം നൽകുന്നത് ക്രമപ്രകാരമല്ല. സർക്കാർ അനുമതി ലഭ്യമാക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. അനുമതി ഇല്ലാത്ത തസ്തികകൾക്കായി നൽകിയ വേതനം - 483450 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

എല്ലാ വിഭാഗത്തിലേയും ദിവസവേതനത്തിനായി ആകെ ചെലവഴിച്ച 1662435 രൂപ ( 751500 +257055 + 170430+483450)യുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-45 സെർവർ - സംരക്ഷണം ഉറപ്പാക്കണം

നഗരസഭാ ഓഫീസിലേക്ക് 2018-19 വർഷം നടപ്പിലാക്കിയ പദ്ധതി പ്രകാരം സെർവർ വാങ്ങിയിട്ടുണ്ട്. ചെലവ് തുക -319850 രൂപ – Q bill (24/29.3.19) ആയതിനാൽ 2019-20 ലാണ് തുക നൽകിയത്. നിലവിൽ നഗരസഭാ ഓഫീസിലെ സ്റ്റെയർവേയ്ക്ക് താഴെയുള്ള തുറന്ന സ്ഥലത്ത് പൊടി നിറഞ്ഞ അവസ്ഥയിലാണ് സെർവർ സൂക്ഷിച്ചിട്ടുള്ളത്. സെർവർ റൂം സജ്ജീകരിക്കുകയോ Air conditioning സംവിധാനം ഏർപ്പെടുത്തുകയോ ചെയ്തിട്ടില്ല. നഗരസഭയുടെ ആസ്തികൾ സംരക്ഷിക്കുന്നതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനും ഉപകരണങ്ങളുടെ കാര്യക്ഷമമായ ഉപയോഗം ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2018-19 വർഷം ഓഫീസ് കമ്പ്യൂട്ടറൈസേഷൻ (പ്രൊജക്ട് നം- 12/19) പദ്ധതി പ്രകാരം 986254 രൂപ ചെലവഴിച്ച് ഡസ്ക്ടോപ്പുകളും അനുബന്ധഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. നഗരസഭയിലെ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി നിശ്ചിത മാതൃകയിലുള്ള സ്റ്റോക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി - 33/20.3.20 ന് മറുപടിയായി നടപടി സ്വീകരിക്കാൻ മുൻസിപ്പൽ എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നാണ് സെക്രട്ടറി അറിയിച്ചത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, സ്റ്റോക്ക്, സംരക്ഷണം, പ്രവർത്തിപ്പിക്കൽ, നിയന്ത്രണം തുടങ്ങിയവ സംബന്ധിച്ച മാർഗനിർദേശങ്ങൾ സർക്കുലർ നം .എ.ബി.2 /703 /2015/ തസ്വഭവ/ തിയതി16.1.2016 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറിലെ വ്യവസ്ഥകൾക്ക് അനുസരിച്ച് തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-46 ശമ്പളപരിഷ്കരണ കുടിശ്ശിക - പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണം

ജീവനക്കാരുടെ ശമ്പളം ജി.ഒ. (പി) നം 7/16 ഫിൻ തീയതി.20.01.2016 ഉത്തരവ് പ്രകാരം പരിഷ്കരിച്ചതിന്റെ ഭാഗമായി 2014 മുതലുള്ള ശമ്പള കുടിശ്ശിക 3 ഗഡുക്കളായി ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ജി.ഒ. (പി) നം 146/2018 ഫിൻ തീയതി.16.09.2018 ഉത്തരവ് പ്രകാരം IV-ാം ഗഡു ജീവനക്കാർക്ക് പണമായി നൽകുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം 3ാം ഗഡു പി.എഫിലേക്കും IV-ാം ഗഡു ശമ്പള കുടിശ്ശിക പണമായും വിതരണം ചെയ്തിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഗഡു | വൗച്ചർ നമ്പർ/ തീയതി | തുക |
|---|---|---|
| 1 | 21800104/3.5.18 | 390453 |
| 2 | 21800119/3.5.18 | 276735 |
| 3 | 21800578/12.10.18 | 507723 |
| 4 | 21800579/12.10.18 | 139641 |
| 5 | 21800580/12.10.18 | 74384 |

| | | |
|---|---|---|
| 6 | 21800581/12.10.18 | 450782 |
| | ആകെ | 1839718 |

മേൽ ഉത്തരവ് നം 1 ലെ ഖണ്ഡിക 48 (1) പ്രകാരം വർദ്ധിപ്പിച്ച് നൽകിയ ശമ്പളത്തിന് ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ സ്ഥാപനം അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ നഗരസഭ, ശമ്പള കുടിശ്ശികയുടെ 1, 2,3 ഗഡുക്കൾ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുകയും ജീവനക്കാർക്ക് IV-ാം ഗഡു പണമായി അനുവദിച്ചു നൽകുകയും ചെയ്തു എങ്കിലും പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല.

ശമ്പള കുടിശ്ശിക നൽകിയ ഇനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ തുക അടവാക്കേണ്ടിയിരുന്നിട്ടും, ഇതിന് 2017-18, 2018-19 വർഷങ്ങളിലെ ബജറ്റിൽ വകയിരുത്തുകയോ, തുക അടവാക്കുകയോ ചെയ്തിട്ടില്ല.ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-47 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - അവലോകനം

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ പട്ടിക 1 ലെ ക്രമ നമ്പർ 15 പ്രകാരം തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും നഗരസഭകളുടെ അനിവാര്യ ചുമതലയാണ്. തെരുവു വിളക്കുകളുടെ പരിപാലനത്തിനായി നഗരസഭ സ്വീകരിച്ച നടപടികളുടെ കാര്യക്ഷമത പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

**<u>എ. തെരുവു വിളക്കുകളുടെ വിവരം</u>**

നഗരസഭയിൽ വിവിധ വാർഡുകളിലെ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, പോസ്റ്റ് നമ്പർ എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തെരുവു വിളക്കുകളുടെ എണ്ണവും വൈദ്യുതി ചാർജിന്റെ കൃത്യതയും ഉറപ്പാക്കാനായി വൈദ്യുതി ബോർഡുമായി ചേർന്ന് നഗരസഭ സംയുക്ത പരിശോധന നടത്തിയിട്ടില്ല. അതിനാൽ യഥാർത്ഥത്തിൽ നിലവിലുള്ള വിളക്കുകളുടെ വിവരം ലഭ്യമായില്ല.

**<u>ബി. തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്</u>**

തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 2018-19 വർഷത്തിൽ 3516820 രൂപ ചെലവഴിച്ചിട്ടുണ്ട്. മീറ്റർ സ്ഥാപിക്കാത്ത വിളക്കുകൾക്ക് പ്രതിമാസം 287741 രൂപ താരിഫ് അടിസ്ഥാനത്തിൽ (Consumer no.1) ഒടുക്കി വരുന്നുണ്ട്. കൂടാതെ മീറ്റർ ഉള്ള വിളക്കുകൾക്ക്(15 കൺസ്യൂമർ നമ്പറുകൾക്ക് ആകെ) ഏകദേശം 16642 രൂപയും ഹൈമാസ്റ്റ് , മിനിമാസ്റ്റ് വിളക്കുകൾക്ക് 30000 രൂപയോളവും ഒടുക്കുന്നുണ്ട്.

തെരുവു വിളക്കുകളുടെ കൃത്യത ഉറപ്പാക്കാതെ കെ.എസ്.ഇ.ബി ഡിമാന്റ് ചെയ്യുന്ന തുക അടവാക്കുന്ന രീതിയാണ് തുടർന്നു വരുന്നത്. ആയതിനാൽ നിലവിലില്ലാത്ത വിളക്കുകൾക്കും തുക ഒടുക്കേണ്ടി വരുന്നുണ്ട്.

**<u>സി. മീറ്റർ സ്ഥാപിച്ചതിന്റെ വിവരം</u>**

വളരെ കുറച്ച് തെരുവ് വിളക്കുകൾക്ക് മാത്രമേ നാളിതുവരെ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളൂ. എല്ലാ തെരുവു വിളക്കുകളും മീറ്ററിനു കീഴിലാക്കുകയും ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾ മാറ്റി എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുകയും ചെയ്താൽ വൈദ്യുത ചാർജ്ജിനത്തിൽ ഗണ്യമായ കുറവ് വരുത്താവുന്നതാണെന്ന് വിലയിരുത്തുന്നു.

**<u>ഡി. ഓഡിറ്റ് നിർദ്ദേശം</u>**

- നഗരസഭയിലെ എല്ലാ ലാമ്പുകളും മീറ്ററിനു കീഴിൽ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് ആയതിനനുസരിച്ച് വൈദ്യുതി ചാർജ്ജ് ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- എൽ.ഇ.ഡി ലാമ്പുകൾക്ക് ശരാശരി 50000 മണിക്കൂർ ആയുസ്സ് ഉള്ളതിനാൽ 10 വർഷത്തിൽ അധികം നിലനിൽക്കുന്നതാണ്. ആയതിനാൽ നിലവിലുള്ള ഊർജ്ജ ഉപഭോഗം കൂടുതലുള്ള വിളക്കുകൾക്ക് പകരം ഘട്ടം ഘട്ടമായി എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

# 1-48 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല

നഗരസഭയിലെ മുൻകൂർ രജിസ്റ്ററിൽ 2018-19 വർഷത്തെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മുൻവർഷങ്ങളിലെ മുൻകൂർ രജിസ്റ്റർ ലഭ്യമല്ല. 2018-19 വർഷത്തെ രജിസ്റ്റർ പ്രകാരം 31.12.11 മുതലുള്ള അഡ്വാൻസ് വിവരങ്ങൾ മുന്നിരിപ്പായി രേഖപ്പെടുത്തിയിട്ടുണ്ട്. 31.3.2019 ൽ 995591 രൂപ ക്രമീകരിക്കാൻ ബാക്കിയുണ്ട്. രജിസ്റ്ററിൽ വർഷം തിരിച്ച് സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല. 31.12.11 ന് മുൻകൂർ സാലറിയായി സെക്രട്ടറി

ശ്രീ.കൃഷ്ണൻകുട്ടിക്ക് നൽകിയ 15602 രൂപ , 24.6.15 ന് ചെയർമാന് ടി.എ.അഡ്വാൻസ് ആയി നൽകിയ 25000 രൂപ എന്നിവയെല്ലാം ക്രമീകരിക്കാത്ത മുൻകൂറുകളിൽ ഉൾപ്പെടും . KFC article 88 പ്രകാരം യാത്ര നടത്തിയ മാസത്തിന്റെ തൊട്ടടുത്ത മാസാവസാനത്തിന് മുൻപായി അന്തിമയാത്രാ ബത്ത ബില്ലിൽ മുൻകൂർ പൂർണ്ണമായും ക്രമപ്പെടുത്തേണ്ടതാണ്. 3 മാസത്തിനകം ക്രമീകരിച്ചില്ല എങ്കിൽ 18 % പിഴ ഈടാക്കേണ്ടതാണ് എന്ന് സ.ഉ (അ) 197/13/ധനം/ 30.4.13 ൽ വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. മേൽ നിർദേശങ്ങളൊന്നും നഗരസഭ പാലിച്ചിട്ടില്ല. 5 വർഷങ്ങൾക്കുശേഷവും യാത്രബത്ത ഉൾപ്പെടെയുള്ള മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നത് ക്രമപ്രകാരമല്ല. ജി.ഒ(പി) 419/2011/ധനം 4.10.11 പ്രകാരം വർക്ക് അഡ്വാൻസുകൾ, താത്കാലിക അഡ്വാൻസുകൾ (KFC Annexure 99 പ്രകാരമുള്ളത്) എന്നിവ കൈപ്പറ്റി 3 മാസത്തിനകം ബിൽ നൽകി തുക ക്രമീകരിക്കണം. നിശ്ചിത സമയത്തിനകം അഡ്ജസ്റ്റ്മെന്റ് സമർപ്പിക്കാത്ത പക്ഷം മുഴുവൻ അഡ്വാൻസ് തുകയും 18 % പലിശ സഹിതം തിരിച്ചുപിടിക്കേണ്ടതാണ്. മുൻകൂറുകൾ ക്രമീകരിക്കുന്നതിന് ആവശ്യമായ നിയമാനുസൃത നടപടികൾ അടിയന്തിരമായി സ്വീകരിച്ച് തുക ക്രമീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-49 PMAY പദ്ധതി - അവലോകനം

എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ 2015 ൽ കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന. 30 $m^2$ കാർപ്പറ്റ് ഏരിയ ഉള്ള വീട് നിർമ്മിക്കുന്നതിനാണ് ധനസഹായം നൽകുന്നത്. 5 ഗഡുക്കളായാണ് ധനസഹായം അനുവദിക്കുന്നത്. പദ്ധതി ഫണ്ടും ഹഡ്കോ ലോണും ഉൾപ്പെടുത്തിയാണ് പദ്ധതിക്ക് ഫണ്ട് വകയിരുത്തിയിട്ടുള്ളത്. തുക DBT രീതിയിൽ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്. 4 ലക്ഷം രൂപ (30000 , 120000, 120000, 30000, & 100000(ഹഡ്കോ ലോൺ) ) യാണ് ധനസഹായമായി അനുവദിക്കുന്നത്. ആകെ 1381 ഗുണഭോക്താക്കൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്. ഇതിൽ 411 ഗുണഭോക്താക്കൾക്കാണ് നിർമ്മാണം പൂർത്തിയാക്കി മുഴുവൻ സബ്സിഡിയും അനുവദിച്ചത്.

2018-19 ൽ താഴെ പറയും പ്രകാരം PMAY പദ്ധതിക്കായി സെക്രട്ടറി നിർവഹണഉദ്യോഗസ്ഥനായി പ്ലാൻ ഫണ്ട് ചെലവഴിച്ചിട്ടുണ്ട്.

| പദ്ധതി | അടങ്കൽ | |
|---|---|---|
| പി.എം.എ.വൈ നഗരസഭ വിഹിതം (മൂന്നാം ഘട്ടം) | 15246000 (പ്ലാൻ)<br>3244457 (CFC) | 15150000<br>3240000 |
| പി.എം.എ.വൈ നഗരസഭ വിഹിതം (മൂന്നാം ഘട്ടം) എസ്.സി.പി | 360000 (പ്ലാൻ - എസ്.സി.പി) | 360000 |

പദ്ധതിക്കായി നാളിതുവരെ ചെലവഴിച്ച പദ്ധതി/ ലോൺ തുകകളുടെ വിവരം താഴെ ചേർക്കുന്നു.

നഗരസഭാ വിഹിതം

2016-17 : 1,60,80,000

2017-18 : 1,52,00,000

2018-19 : 1,52,46,000(sc-3,60,000)

2019-20 : 58,55,150

CFC Fund : 40,11,000

SCP FUND: 76,61,050

Total Received: 6,40,53,200

കേന്ദ്ര/ സംസ്ഥാന വിഹിതത്തിന്റെ വിവരം താഴെ ചേർക്കുന്നു

1st DPR : 4,50,00,000

2nd DPR : 2,23,00,000 +50,00,000

3rd DPR : 30,00,000

4th DPR : 2,53,20,000

Total : 10,06,20,000

Central share : 7,54,65,000

State Share : 2,51,55,000

ഹഡ്കോ ലോൺ

Ist , 2nd Release, & 3rd Release :- 11,54,00,000

(2,36,00,000+5,00,00,000+4,18,00,000 )

4 ഘട്ടങ്ങളിലേയും പദ്ധതികളുടെ 1.3.20 തിയതി പ്രകാരമുള്ള സ്ഥിതി താഴെ ചേർക്കുന്നു.

| Sl No | DPR | Revised No | BP Issued | Agreement executed | Ist Instalment | 2nd Instalment | 3rd Instalment | 4th Instalment |
|---|---|---|---|---|---|---|---|---|
| 1 | Ist DPR (426) | 369 | 354 | 354 | 354 | 333 | 300 | 270 |
| 2 | 2nd DPR (327) | 264 | 246 | 245 | 245 | 212 | 170 | 99 |
| 3 | 3rd DPR (146) | 124 | 110 | 110 | 110 | 83 | 58 | 41 |
| 4 | 4th DPR (633) | 591 | 546 | 546 | 546 | 407 | 0 | 0 |
| | Total | 1348 | 1256 | 1255 | 1255 | 1035 | 528 | 410 |

അനുവദിച്ച ഗഡുക്കളുടെ വിവരം താഴെ ചേർക്കുന്നു

| Sl No | Installment | No of Beneficiaries | Amount |
|---|---|---|---|
| 1 | Istinstalment<br>4th DPR Ist instalment | 709(* 30,000)<br>546(*40,000) | 2,12,80,000 +<br>2,18,40,000 = 4,31,20,000/ |
| 2 | 2nd instalment<br>2nd (4th) | 625*120000<br>410*100000 | 7,50,00,000 +<br>4,10,00000 = 11,60,00,000/- |
| 3 | 3rd instalment | 528 | 6,33,60,000 |
| 4 | 4thinstalment | 411 | 1,23,30,000 |
| | Hudco | 411 | 4,11,00,000 |
| | Total | | 27,59,10,000 |

എല്ലാ ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തിയാക്കി സബ്സിഡി തുക പൂർണ്ണമായും അനുവദിച്ച് പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-50 സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി - അവലോകനം

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ലൈഫ് മിഷന്റെ ഭാഗമായി നഗരസഭ അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്. സ.ഉ(കൈ)നം. 34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖയും അംഗീകരിച്ചിട്ടുണ്ട്.

2018-19 വർഷത്തിൽ ഒറ്റപ്പാലം നഗരസഭയിലെ ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കിയതിന്റെ രേഖകൾ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണം: ഹെൽത്ത് സൂപ്പർവൈസർ

ലൈഫ് പദ്ധതി ഒന്നാംഘട്ടം

ലൈഫ് മിഷൻ ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി തൻ വർഷം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആകെയുണ്ടായിരുന്ന 53 ജനറൽ ഗുണഭോക്താക്കളിൽ എല്ലാ ഗുണഭോക്താക്കളും ഭവനനിർമാണം പൂർത്തീകരിച്ചു. പദ്ധതിക്കായി 2017-18, 2018-19 വർഷങ്ങളിലായി 9,252,858 .00രൂപ ചെലവഴിച്ചു.

ലൈഫ് പദ്ധതി രണ്ടാം ഘട്ടം

ലൈഫ് മിഷന്റെ രണ്ടാം ഘട്ടത്തിൽ സ്വന്തമായി സ്ഥലമുള്ള ഗുണഭോക്താക്കൾക്ക് വീട് നിർമാണത്തിന് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 359 ഉം എസ്.സി വിഭാഗത്തിൽ 38 ഉം ഗുണഭോക്താക്കളുള്ളത്. ആയതിൽ എസ്.സി, വിഭാഗത്തിലുൾപ്പെട്ട മുഴുവൻ ഗുണഭോക്താക്കളടക്കം ആകെ 357 പേരാണ് തൻവർഷം എഗ്രിമെന്റ് വച്ചിട്ടുള്ളത്.ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.ആകെ 4 ഗഡുക്കളായി തുക അനുവദിക്കുന്നതിനാണ് ലക്ഷ്യമിട്ടത്. നഗരസഭ വിഹിതം, ലോൺ, സംസ്ഥാനാവിഷ്കൃതം എന്നിവയാണ് ഫണ്ട് സ്ത്രോതസ്സുകൾ .

a) ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം - ജനറൽ

രണ്ട് സർക്കിളുകളായി 357 ഗുണഭോക്താക്കൾ തൻവർഷം പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിനായി കരാർ വച്ചിട്ടുണ്ട്. അതിൽ നാളിതു വരെയുള്ള കണക്ക് പ്രകാരം 140 ഗുണഭോക്താക്കൾ മുഴുവൻ തുകയും കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അവസാനഗഡു മാത്രം കൈപ്പറ്റാൻ ബാക്കിയുള്ളത് 88 ഗുണഭോക്താക്കളാണ്. ശേഷിക്കുന്നവരിൽ 62 പേർ ആദ്യഗഡു മാത്രം കൈപ്പറ്റി ഭവനനിർമ്മാണത്തിന്റെ പ്രാരംഭഘട്ടത്തിലാണുള്ളത്.

2018-19 ൽ തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചേർക്കുന്നു.

| ഫണ്ട് | 2018-19 | |
|---|---|---|
| | അടങ്കൽ | ചെലവ് |
| പ്ലാൻ ഫണ്ട് + തനത് ഫണ്ട് | 15246000 | 15246000 |

b) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം – എസ്.സി.പി

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 360000 | 360000 |

ആകെയുള്ള 357 ഗുണഭോക്താക്കളിൽ 357 പേരും കരാർ വെച്ചിട്ടുണ്ട്. 140 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റി യിട്ടുണ്ട്.

ആദ്യഗഡു കൈപ്പറ്റി നിർമ്മാണം തുടരാൻ കഴിയാത്തവർ

ഏറ്റവും അർഹരായ ചിലർക്ക് സർക്കാർ നൽകുന്ന ധനസഹായം നൽകിയാലും ഭവനനിർമ്മാണം ആരംഭിക്കാനോ ചിലർക്ക് പൂർത്തിയാക്കാനോ കഴിയില്ല. ലഭിക്കുന്ന ധനസഹായത്തിന് പുറമെ ഒരു രൂപ പോലും അധിക ധനസമാഹരണം നടത്തുന്നതിന് ഇവർക്ക് സാധിക്കില്ല. മേൽപ്പറഞ്ഞ പ്രകാരം വീടുപണി തുടങ്ങാൻ കഴിയാത്ത ഈ ഗണത്തിൽപ്പെട്ടവരെ സഹായിക്കുന്നതിന് ലൈഫ് മിഷൻ മാർഗ്ഗരേഖ സ.ഉ (എം.എസ്) നം 151/2017/ ത.സ്വ.ഭ.വ തീയതി 31.07.17 പ്രകാരം താഴെ പറയുന്നതു പോലെയുള്ള മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്.

1. ഇവർക്ക് ആവശ്യമായ അധിക മാനവശേഷി നൽകിയും പ്രാദേശികമായി ധനസമാഹരണം നടത്തിയും ഭവനനിർമ്മാണത്തിൽ പങ്കാളികളായും സഹായിക്കാവുന്നതാണ് . ഇതിനായി കോളേജ് വിദ്യാർത്ഥികൾ, എൻ.എസ്.എസ് പ്രവർത്തകർ, മറ്റ് സാമൂഹിക സന്നദ്ധപ്രവർത്തകർ എന്നിവരുടെയും സേവനം ഉറപ്പു വരുത്താവുന്നതാണ്.

2. നിരാശ്രയർക്ക് സ്പോൺസർഷിപ്പ് വഴി ഭവനം പൂർണ്ണമായി നിർമ്മിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

3. തങ്ങളുടെ സ്കൂളിൽ അല്ലെങ്കിൽ കോളേജിൽ പഠിക്കുന്ന ഏതെങ്കിലും വിദ്യാർത്ഥികൾ ലൈഫ് മിഷനിലെ ഗുണഭോക്താവ് ആണെങ്കിൽ പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനത്തിലെ വിദ്യാർത്ഥികളിൽ നിന്നും ധനശേഖരണം നടത്തിയും മാനുഷികശേഷി ഉപയോഗിച്ചും ഭവന നിർമ്മാണം പൂർത്തീകരിച്ചു നൽകാവുന്നതാണ്.

വീടുപണി തുടങ്ങാൻ /പൂർത്തിയാക്കാൻ കഴിയാത്ത ഗുണഭോക്താക്കളുടെ കാര്യത്തിൽ ആവശ്യമെങ്കിൽ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്.

**ഹഡ്കോ ലോൺ**

ഹഡ്കോയിൽ നിന്നും KURDFC മുഖേന നാളിതു വരെ 11,54,00000/-രൂപ വായ്പ ലഭ്യമായിട്ടുണ്ട്. തുക സെക്രട്ടറിയുടെ പേരിൽ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട്നം -4325000100168666– പഞ്ചാബ് നാഷണൽ ബാങ്ക്,ഒറ്റപ്പാലം നഗരസഭ ബാങ്ക് ) നിക്ഷേപിച്ച് ചെലവ് നടത്തുകയും ചെയ്തിട്ടുണ്ട്.

**സർക്കാർ വിഹിതം**

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാരിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല

ഭവനനിധി രൂപീകരിച്ചതിന്റെ വിവരങ്ങൾ

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പ്രധാനമായും ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്കായി പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. നഗരസഭയിൽ ഭവനനിധി രൂപികരിച്ചിട്ടില്ല

ഭവനരഹിതർക്കുള്ള ഭവന നിർമ്മാണം - നടപടികൾ നാളിതു വരെ തുടങ്ങിയിട്ടില്ല

ഭുരഹിത ഭവനരഹിതരായി ഗുണഭോക്താക്കൾ അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉണ്ട്. നാളിതു വരെ ഇവർക്കായുള്ള ഭവന നിർമ്മാണ നടപടികൾ തുടങ്ങിയിട്ടില്ല. സ്ഥലലഭ്യത ഉറപ്പാക്കി ജനപങ്കാളിത്തത്തോടെയുള്ള ഭവനസമുച്ചയ നിർമ്മാണ പദ്ധതി ആരംഭിക്കുന്നതിനുള്ള ഊർജ്ജിത ശ്രമം ഉണ്ടാകേണ്ടതാണ്.

മോണിറ്ററിംഗ്

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്. സ്റ്റാന്റിംഗ് കമ്മറ്റികളും മോണിട്ടറിംഗ് കാര്യക്ഷമമായി നർവഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.
2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
4. മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അർഹരായവരും എന്നാൽ റേഷൻ കാർഡില്ലാത്ത കാരണത്താൽ ഒഴിവായിപ്പോയ അഗതികളെ ഗുണഭോക്താക്കളായി പരിഗണിച്ച് റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരം സന്ദർഭങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ശുപാർശയിൽ ജില്ലാ കളക്ടറുടെ അനുമതിയോടു കൂടി പേര് ഗുണഭോക്തൃ പട്ടികയിൽ ചേർക്കാവുന്നതും തുടർന്ന് ഭവന നിർമ്മാണത്തിന് ധനസഹായം നൽകാവുന്നതുമാണ്. നഗരസഭയിൽ വീടില്ലാത്ത ആശ്രയ ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.
5. ഭവനത്തോടൊപ്പം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംയോജന സാദ്ധ്യത പരിഗണിക്കേണ്ടതാണ്.
   പദ്ധതിയുടെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| | | |

| | | |
|---|---|---|
| | പരിശോധിച്ച തീയതി | |
| 2018-19 | 16-08-2019 & 17.08-2019 | KSAPKD21/1141/2019/(4)/26.<br>8.19 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പാലക്കാട് ജില്ലാപഞ്ചായത്ത് | 2017-18 | 11521155 | ലൈഫ് മിഷൻ | 6962358 | 4558797 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | ട്രഷറി ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | 39/19: നഗരസഭയിലെ വിവിധ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 20/27.6.18 | 3200,000 | 0 | 3200,000 |
| KSEB | 272/19: നഗര സഭയിലെ വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 240/15.3.19 | 47584 | 0 | 47584 |

പ്രവൃത്തി പൂർത്തീകരണം ഉറപ്പാക്കി വിനിയോഗ സാക്ഷ്യപത്രം, അവസാന ബില്ലിന്റെ പകർപ്പ്, നീക്കിയിരിപ്പുതുക ഇവ ലഭ്യമാക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം പലിശ | ആകെ | തൻ വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.യു.ആർ.ഡി.എഫ്.സി | 131356870 | 123500072 | 2226682 | 125726754 | 5300000 | 120426754 |
| ഹഡ്കോ 67177 703639 | 43160649 | 19178645 | 23600000 | 42778645 | 8278974 | 34499671 |
| EMS ലോൺ | * | 12668901 | - | 12668901 | 1000000 | 11668901 |

*EMS ലോൺ സംബന്ധിച്ച വിവരങ്ങൾ ലോൺ രജിസ്ററിൽ ചേർത്തിട്ടില്ല

## 4-6 സ്ഥിര നിക്ഷേപം
ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി
**ഒന്നുമില്ല**

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം
ഒന്നുമില്ല

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്
നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പു 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2011-12<br>3-1 | 2013-14<br>4-8 | ടെണ്ടർ നടപടിയിലെ ക്രമക്കേട്- നഷ്ടം 4,44,536/- രൂപ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടുണ്ടെങ്കിലും അന്തിമ തീർപ്പ് കൽപ്പിച്ചിട്ടില്ല. |
| 2012-13 സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട്<br>IV,V | 2014-15<br>6.11 | പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് പദ്ധതി- ലക്ഷ്യം കൈവരിച്ചില്ല- നഷ്ടം 24,59,082/- രൂപ | - ടി - |

## 4-10 ഓഡിറ്റ് പ്രത്യവലോകനം
**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 414441037.61 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 328900355.61 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 115707 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 25815323 |

(ബി). **<u>മുൻസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | ഒന്നുമില്ല | |

ഭാഗം -1 ൽ ഉൾപ്പെട്ട പരാമർശങ്ങൾ പ്രകാരം മുൻസിപ്പൽ ഫണ്ടിനുണ്ടായ നഷ്ടം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | വരവ് നഷ്ടം | ചെലവ് നഷ്ടം | പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-34 | | 86970 | ശ്രീമതി. സീന. എച്ച്, സെക്രട്ടറി |
| 1-35 | | 28737 | ശ്രീമതി. സീന. എച്ച്, സെക്രട്ടറി |
| ആകെ | | 115707 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 282409.00 | ഡോ. രാധ മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |
| 1-20 | 472000.00 | ഡോ. രാധ മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |
| 1-21 | 745924 | ഡോ. രാധ മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |
| 1-23 | 219763.00 | ഡോ. രാധ മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |
| 1-24 | 44964 | ശ്രീ.പരമേശ്വരൻ നമ്പൂതിരി, ഹെഡ്മാസ്റ്റർ |
| 1-29 | 18995064 | ശ്രീ.കെ.അൻസാർ അഹമ്മദ്, മുൻസിപ്പൽ എഞ്ചിനീയർ. |
| 1-33 | 998988 | ശ്രീമതി. സീന. എച്ച്, സെക്രട്ടറി |
| 1-36 | 496906 | ശ്രീമതി. സീന. എച്ച്, സെക്രട്ടറി |
| 1-42 | 1633743 | ശ്രീമതി. സീന. എച്ച്, സെക്രട്ടറി |
| 1-43 | 263127 | ശ്രീമതി. സീന. എച്ച്, സെക്രട്ടറി |
| 1-44 | 1662435 | ശ്രീമതി. സീന. എച്ച്, സെക്രട്ടറി |
| ആകെ | 25815323 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഒന്നുമില്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഒന്നുമില്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. സീന. എച്ച്, സെക്രട്ടറി | സെക്രട്ടറി, ഒറ്റപ്പാലം നഗര സഭ | ആശാ നിലയം, ഗണേശഗിരി, ഷൊർണ്ണൂർ, പാലക്കാട് ജില്ല – *679121* |
| ഡോ. രാധ മെഡിക്കൽ ഓഫീസർ, | മെഡിക്കൽ ഓഫീസർ, | കൗസ്തുഭം, മരുതൂർ, പട്ടാമ്പി – 679301 |

| | | |
|---|---|---|
| താലൂക്ക് ഹോസ്പിറ്റൽ | താലൂക്ക് ഹോസ്പിറ്റൽ | |
| ശ്രീ.പരമേശ്വരൻ നമ്പൂതിരി, ഹെഡ്മാസ്റ്റർ | ഹെഡ്.മാസ്റ്റർ, ജി.എച്ച്.എസ്, ഈസ്റ്റ് ഒറ്റപ്പാലം | പാലത്തോൾ മന, എസ്.ആർ.കെ നഗർ, ഒറ്റപ്പാലം |
| ശ്രീ.കെ.അൻസാർ അഹമ്മദ്, മുൻസിപ്പൽ എഞ്ചിനീയർ. | മുൻസിപ്പൽ എഞ്ചിനീയർ, ഒറ്റപ്പാലം നഗര സഭ | നൂർ മൻസിൽ, മേട്ടുപ്പാളയം സ്ട്രീറ്റ്, പാലക്കാട്- 678001 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LFP22/2222/12/7.1.13 | 11 |
| 1997-98 | LFP22/942(1)/14/4.5.15 | 06 |
| 1998-99 | | 21 |
| 1999-2000 | LFP8/1108/11/2.1.12 | 17 |
| 2000-01 | LFP8/1139/11/10.1.11 | 22 |
| 2001-02 | LFP8/1463/09/17.3.10 | 20 |
| 2002-03 | LFP8/1624/10/25.3.11 | 13 |
| 2003-04 | LFP8/48/11/28.3.11 | 26 |
| 2004-05 | LFP22/603/14/10.12.14 | 8 |
| 2005-06 | LFP22/1403/14/4.2.15 | 15 |
| 2006-07 | LFP22/1998/12/7.2.13 | 8 |
| 2007-08 | LFP22/715/15/26.6.15 | 11 |
| 2008-09 | KSA-PKD22/108/16/11.3.16 | 16 |
| 2009-10 | LFP22/728/13/14.2.14 | 19 |
| 2010-11 | LFP22/640/13/8.8.14 | 24 |
| 2011-12 | KSA-PKD-22/1325/15/15.9.15 | 14 |
| 2012-13 | LFP22/2458/14/3.7.2015 | 32 |
| 2013-14& 2014-15 | KSA-PKD/22/503/16/13.7.16 | 55 |
| 2015-16 | KSA-PKD/22/153/2017/ 31.01.2017 | 34 |
| 2016-17 | കെ.എസ്.എ-പികെഡി-22-2097/2017 28.11.17 | 59 |
| 2017-18 | കെ.എസ്.എ-പികെഡി-22-76/19/10.5..19 | എല്ലാം |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-പി.കെ.ഡി 21/1141/2019/(4)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി.26.08.2019

ഫോൺ - 04912-520145

ഇ-മെയിൽ - dopkd.ksad@kerala.gov.in

## സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ **ഒറ്റപ്പാലം** മുനിസിപ്പാലിറ്റിയുടെ 31.03.2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **ഒറ്റപ്പാലം** മുനിസിപ്പാലിറ്റിയുടെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് -ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## ന്യൂനതകളുടെ സംഗ്രഹം

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2. ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3. സാംഖ്യ സോഫ്റ്റ് വെയർ സഞ്ചയ സോഫ്റ്റ് വെയറുമായി ലിങ്ക് ചെയ്തിട്ടില്ല.
4. വസ്തു നികുതി ഡിമാന്റ് രജിസ്റ്ററിലെ ഡിമാന്റ്-കളക്ഷൻ-ബാലൻസ് തുക വാർഷിക ധനകാര്യ പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.
5. തൊഴിൽ നികുതി, വാടക, ഡി&ഓ, ലേലം തുടങ്ങിയ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിലെ ഡിമാന്റ്-കളക്ഷൻ-ബാലൻസ് എന്നിവയുടെ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
6. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
7. സ്റ്റോക്ക് രജിസ്റ്റർ വാല്യു ബേസ്ഡ് ആയി സൂക്ഷിച്ചിട്ടില്ല.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

KSA.PKD.21/1141/2019/(4)

Kerala State Audit Department, District Audit Office, Palakkad,

Date.26.08.2019

Phone Number: 04912 520145

email: dopkd.ksad@kerala.gov.in.

## CERTIFICATE

Certified that 1 have examined the Annual Financial Statement of **Ottapalam Municipality** for the year ended on 31.03.2019 in Palakkad District in accondance with Section 4 of the Kerala local Fund Audit Act 1994, Section 295 of the Kerala Municipal Act 1994, the rules made there under and the guidelines issued by the Comptroller and the Auditor General of India for the Certification of Accounts of Municipalities.

In my opinion the financial Statement of **Ottapalam** Municipality for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

Senior Deputy Director

Abstracts of defects / Discrepancies

1) Asset register is not up to date.

2. Bank reconcelliation statements are not certified by the Secretary.

3.Sanchaya Software has not been linked with Sankhya Software.

4. In the Demand Register of Property tax the Demand- Collection- Balance figures has not been agreed with that of AFS.

5) The abstract of Demand-Collection-Balance in the Demand Registers of Profession tax, D&O Licence, Rent and Auction has not been prepared and certified by the Secretary.

6) Deposit register not made available for verification.

7) Stock register is not maintained as value based.

Senior Deputy Director

# അനുബന്ധം-2 വിവിധ പത്രികകൾ

| Ottappalam Municipality<br>RECEIPT & PAYMENT<br>STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 70531013.61 |
| Cash | Cash | RP-40(a) | 445397.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 7218216.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 19330.00 |
| 130000000 | Rental income from Panchayat Properties | RP-3 | 61500.00 |
| 140000000 | Fees & User Charges | RP-4 | 8586164.00 |
| 150000000 | Sale & Hire Charges | RP-5 | 506822.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 160984421.00 |
| 170000000 | Income from Investments | RP-7 | 2100.00 |
| 171000000 | Interest Earned | RP-8 | 1655581.00 |
| 180000000 | Other Income | RP-9 | 691155.00 |
| 430000000 | Stock-in-hand | RP-36 | 7778941.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 27339922.00 |
| 480000000 | Miscellaneous Expenditure to be written off | RP-44 | 22552083.00 |
| | **Non Operating** | | |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 62643793.00 |
| 330000000 | Secured Loans | RP-25 | 25826682.00 |
| 340000000 | Deposits Received | RP-27 | 10353717.00 |
| 350000000 | Other Liabilities | RP-29 | 7153414.00 |
| 460000000 | Loans, Advances and Deposits | RP-41 | 90786.00 |

| | | | |
|---|---|---|---|
| | **Grand total** | | **414441037.61** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-10 | 16864323.00 |
| 220000000 | Administrative Expenses | RP-11 | 1680470.00 |
| 230000000 | Operations & Maintenance | RP-12 | 7077216.00 |
| 240000000 | Interest & Finance Charges | RP-13 | 2465781.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-14 | 123760291.00 |
| | | | |
| 251000000 | Decentralised Plan Programme-Service Sector | RP-45 | 13707020.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 1000000.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-46 | 33500436.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-47 | 6777235.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 35000.00 |
| 350000000 | Other Liabilities | RP-29 | 13155184.00 |
| | **Non Operating** | | |
| 280000000 | Prior Period Item | RP-19 | 1602139.00 |
| 311000000 | Earmarked Funds | RP-22 | 4221903.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 6454702.00 |
| 330000000 | Secured Loans | RP-25 | 14578974.00 |
| 350000000 | Other Liabilities | RP-29 | 50306706.00 |
| 410000000 | Fixed Assets | RP-31 | 13872843.00 |
| 412000000 | Capital work in Progress | RP-33 | 17111132.00 |
| 460000000 | Loans, Advances and Deposits | RP-41 | 729000.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 85483882.61 |
| Cash | Cash | RP-40(b) | 56800.00 |
| | **Grand Total** | | **414441037.61** |

| | | | |
|---|---|---|---|
| | **Ottappalam Municipality INCOME & EXPENDITURE STATEMENT** | | |
| | For the period from 01-April-2018 to 31-March-2019 | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 26481878.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 87587.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 6487150.00 |
| 140000000 | Fee & User Charges | I-4(b) | 9701436.00 |
| 150000000 | Sale & Hire Charges | I-5(b) | 506822.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 302531353.00 |
| 170000000 | Income from Investments | I-7 | 2100.00 |
| 171000000 | Interest Earned | I-8 | 1243218.00 |
| 180000000 | Other Income | I-9 | 739002.00 |
| | **Total Income** | | **347780546.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 45956425.00 |
| 220000000 | Administrative Expenses | I-11(b) | 6617640.00 |
| 230000000 | Operations & Maintenance | I-12(b) | 10531093.00 |
| 240000000 | Interest & Finance Charges | I-13 | 2465781.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 206607591.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 9888867.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 33450699.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 6777235.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 370689.00 |
| 270000000 | Provisions and Write off | I-16 | 170899.00 |
| 272000000 | Depreciation | I-17(a) | 14615816.00 |
| | **Total Expenditure** | | **337452735.00** |
| | **Gross Surplus/ Deficit of income over Expenditure** | | **10327811.00** |
| 280000000 | Prior Period Item | I-18 | 1602139.00 |
| | **Gross Surplus/Deficit of** | | **8725672.00** |

| | | | |
|---|---|---|---|
| | **Income over Expenditure after prior period items.** | | |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

**BALANCE SHEET**

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 24889605.41 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 1096355.00 |
| 312000000 | Reserves | B-3 | 317593915.00 |
| | **Total Reserve & Surplus** | | **343579875.41** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 76654564.39 |
| | **Total Grants, Contributions for Specific Purposes** | | **76654564.39** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 166595326.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **166595326.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 26281151.00 |
| 350000000 | Other Liabilities | B-9 | 22041111.14 |
| | **Total Current Liabilities and Provisions** | | **48322262.14** |
| | **TOTAL LIABILITIES** | | **635152027.94** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 212149905.00 |
| 411000000 | Accumulated Depreciation | B-11 | -69891811.00 |
| 412000000 | Capital Work in Progress | B-11 | 377765354.00 |
| | **Total Fixed Assets** | | **520023448.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 32896661.33 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-21 | -11127788.00 |
| 450000000 | Cash and Bank Balance | B-17 | 85540682.61 |
| 460000000 | Loans, Advances and Deposits | B-18 | 7819024.00 |
| | **Total Current Assets, Loans and Advances** | | **115128579.94** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To** | | **0.0** |

| | | |
|---|---|---|
| | **the Extent not written off)** | |
| | **TOTAL ASSETS** | **635152027.94** |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ